No. 233 JANUARY 2012

KERALA PRIVATE
# COLLEGE TEACHER

*a monthly journal of the all kerala private college teachers' association*

# Happy New Year 2012

## Save Universities and Strengthen Higher Education

KERALA PRIVATE
# COLLEGE TEACHER

*a monthly journal of the all kerala private college teachers' association*

No. 233 January 2012



EDITORIAL BOARD

*Chief Editor*
Dr. S. Jayaraj kumar
*Managing Editor*
Dr. G. S. Suresh
*Assistant Editor*
Dr. M.S.Vasanthakumar

*Members*
P. Mammed
Dr. V. Rajendran Nair
Dr. K. P. Sukumaran Nair
Dr. Lekha Narendran
Dr. K. Sreevalsan
Dr. Mathew J. Muttath
A.G. Oleena
Dr. K.Biju kumar
Promod Vallachal
Dr. J. S. Sudhier
M.D. Ratheesh kumar
Dr. C. Unnikrishnan
Dr. N.Gopa kumar
Dr. Soju



AKPCTA State Committee Office
Mathurbhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471- 2463494
Fax: 0471-2468984
Mobile:09495425219
e-mail:akpctatvm@gmail.com
www.akpcta.org





## inside 233


**Disciplines in Academics**
*C. Padmanabhan*

**The PFRDA Conspiracy?**
*Dr. K. Krishnadas*

കേരള സർവ്വകലാശാല
അസിസ്റ്റൻറ് നിയമനവും
ചില യാഥാർത്ഥ്യങ്ങളും
*ഡോ. കെ. എൽ. വിവേകാനന്ദൻ*

ജനവിരുദ്ധ ഗവൺമെൻറിൻെറ
ജനസമ്പർക്ക മെഗാഷോ
*നിഷാന്ത്. എ*

**Clean Energy Option**
*Dr. C. Harikuttan Unnithan*

സിനിമയുടെ പതിനാറടിയന്തിരം
*എ.സി. ശ്രീഹരി*

**Frog in the Well (Poem)**
*Vinod kumar Edacherry*

കഥാലോകം (കവിത)
*ആർ. മനോജ്*

- General Secretary's Page
- Economic Focus
- വാർത്താമധ്യം
- ശാസ്ത്രജാലകം
- വനിതാവേദി
- സർവ്വീസ് പംക്തി
- സർവ്വീസ് റൂൾസ് ട്യൂട്ടോറിയൽ
- സമരപഥങ്ങൾ
- പുസ്തകലോകം


**തിരുത്ത്**
കേരളാ പ്രൈവററ് കോളജ് ടീച്ചറിൻെറ 232 – ാം ലക്കം 23 – ാം പേജിൽ 3 – ാം കോളം 2 – ാം ഖണ്ഡികയിലെ ....... *അസി. പ്രൊഫസർ തുടങ്ങിയ നിയമനങ്ങൾ നടത്തുന്നതിനായുള്ള പരസ്യം 2011 ജൂൺ 11 ന് പ്രസിദ്ധീകരിച്ചു* എന്നതിനുപകരം 2010 ജൂൺ 11 എന്ന് തിരുത്തിവായിക്കാൻ അപേക്ഷ.


*View expressed by individuals in the journal are of their own and need not necessarily be taken as policy of the association.*

Chief Editor's Desk



# എയ്ഡഡ് സ്ഥാപനങ്ങൾ മാനേജുമെൻറുകളുടെ സ്വകാര്യസ്വത്തോ?

കേരളത്തിലെ ആർട്സ് ആൻറ് സയൻസ് കോളേജുകളിലാണ് ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടുന്ന വിദ്യാർത്ഥികളുടെ 98% പേരും ചെന്നെത്തുന്നത്. ഇടത്തരക്കാരുടെയും ചെറുകിട കർഷകരുടെയും തുച്ഛവരുമാനക്കാരായ തൊഴിലാളികളുടെയുമെല്ലാം മക്കൾ ഉന്നതവിദ്യാഭ്യാസം നേടാനാഗ്രഹിച്ച് കടന്നു വരുന്ന ആർട്സ് ആൻറ് സയൻസ് കോളജുകളിൽ ബഹുഭൂരിപക്ഷവും എയ്ഡഡ് പ്രൈവററ് കോളജുകളാണ്. കോർപറേററും അല്ലാത്തതുമായ മാനേജുമെൻറുകളുടെ കീഴിലാണ് ഈ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നത്. എന്നാൽ ഇവയിൽ മഹാഭൂരിപക്ഷവും പൊതുസമൂഹത്തിൽ നിന്നും സ്വീകരിച്ച സംഭാവനകളും മനുഷ്യധ്വാനവും കൊണ്ട് സൗജന്യമായി ലഭിച്ച ഭൂമിയിൽ കെട്ടി ഉയർത്തിയവയാണ്. പൊതു ഖജനാവിൽ നിന്നും ലഭിക്കുന്ന പലയിനം ഗ്രാൻറുകളും യു ജി സി തുടങ്ങിയ ധനസഹായ സ്ഥാപനങ്ങളുടെ ഫണ്ടുകളും കൊണ്ടാണ് ഈ സ്ഥാപനങ്ങളുടെ ഹോസ്ററലുകളും ക്ലാസ്സ് മുറികളും ഫർണിച്ചറും ഗ്രന്ഥശാലയുമെല്ലാം സ്ഥാപിതമായിട്ടുള്ളത്. സമീപ കാലത്തായി കോർപറേററ് മാനേജുമെൻറുകളുൾപ്പെടെ പല മാനേജുമെൻറുകളും അവിടത്തെ നിത്യനിദാനത്തിനുൾപ്പെടെ, കറൻറിനും വെള്ളത്തിനും ലാബിലെ ഗ്യാസിനുമെല്ലാം പണം കണ്ടെത്തുന്നത് പി. ടി എകളിൽ കുടി പിരിച്ചെടുക്കുന്ന പണമുപയോഗിച്ചാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. മാനേജുമെൻറുകളിൽ നിന്ന് കോളജിൻെറ വികസനത്തിനായി കാൽകാശു പോലും നല്കാൻ കൂട്ടാക്കാത്ത സ്ഥാപനങ്ങളുമുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളെല്ലാം പല വിധത്തിൽ വികസന ഫണ്ടും മററും സമൂഹത്തിൽ നിന്നും പിരിച്ചെടുക്കുകയാണ്. അതിനായി പൊതു സമൂഹത്തെ ബന്ധപ്പെടുത്തുന്നതിനും മുൻകാല പഠിതാക്കൾ ഉൾപ്പെടെയുള്ളവരുടെ കൂട്ടായ്മകൾ പ്രോത്സാഹിപ്പിക്കുന്നതിനും ശ്രമം നടക്കുന്നു. ഇത്തരം കമ്മ്യൂണിററി ബന്ധങ്ങളും സ്ഥാപനം സ്ഥിതി ചെയ്യുന്ന സമൂഹവുമായുള്ള പാരസ്പര്യവും സഹായ സഹകരണങ്ങളും യുജിസിയുടെ ആനുകൂല്യത്തിനുള്ള മുഖ്യമാനദണ്ഡങ്ങളായി പരിഗണിക്കുകയും ചെയ്യുന്നുണ്ട്. സമൂഹത്തോട് ഓരോ ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിനുമുള്ള അനിവാര്യമായ ബന്ധവും കടപ്പാടും എല്ലാ വിദ്യാഭ്യാസപഠനങ്ങളും ദർശനങ്ങളും അടിവരയിട്ട് ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്.

എന്നാൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്തെ എയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന പല കോളജ് മാനേജുമെൻറുകളും സമൂഹവും വിദ്യാലയവും തമ്മിലുള്ള ഈ ബന്ധം അംഗീകരിക്കുന്നില്ല എന്നത് സമീപകാലത്ത് വളർന്നുവന്ന അങ്ങേയററം അപകടകരമായ ഒരു പ്രവണതയാണ്. സമൂഹത്തിൽ നിന്ന് പണവും സ്പോൺസർഷിപ്പും സ്വീകരിക്കാം. പക്ഷെ അവർ തങ്ങളുടെ സ്ഥാപനത്തിനകത്ത് പ്രവേശിക്കാൻ അനുവദിക്കില്ല എന്നാണ് നായർ സർവീസ് സൊസൈററിയുടെ കോള

ജുകൾക്കായി മാനേജ്മെൻറ് ഈയിടെ തയ്യാറാക്കി അയച്ച വര്യോലയിൽ കാണുന്നത്. കോളജിലെ ജീവനക്കാരും വിദ്യാർത്ഥികളുമല്ലാതെ ആലുംനി അസോസിയേഷനുകൾ ഉൾപ്പെടെ കോളജുകൾക്ക് പുറത്തുള്ള ആരെയും കോളജിൽ ഒരു പരിപാടിയിലും പങ്കെടുപ്പിക്കുന്നത് കർശനമായി വിലക്കിക്കൊണ്ടാണ് കത്ത് പ്രിൻസിപ്പൽമാർക്ക് അയച്ചിരിക്കുന്നത്. പതിററാണ്ടുകൾ എൻ.എസ്.എസ് മാനേജുമെൻറിൻെറ കീഴിൽ പ്രവർത്തിയെടുത്തശേഷം സർവീസിൽ നിന്നും വിരമിക്കുന്ന അധ്യാപകർക്ക് സമുചിതമായ യാത്രയയപ്പ് നല്കുന്നതിനായി യോഗം വിളിക്കാൻ പോലും കോളജിൻെറ ക്ലാസ്സ് മുറിയോ ആഡിറേറാറിയമോ തരാൻ തയ്യാറല്ല എന്നതാണ് മാനേജുമെൻറ് കുറച്ചു നാളുകളായി സ്വീകരിച്ചിരിക്കുന്ന നിലപാട്. എന്നാൽ എൻ. എസ്.എസിൻെറ പല കോളജുകളും ജാതി-മത തീവ്രവാദികളുടെ താവളങ്ങളും ആയുധപ്പുരകളുമായി പ്രവർത്തിക്കുകയാണെന്നതാണ് വാസ്തവം. അവിടങ്ങളിൽ അന്യർ പ്രവേശിക്കുന്നതിന് ആരും തടസ്സം നില്ക്കുന്നില്ല. കോളജ് കാമ്പസ്സും ക്ലാസ്സ് മുറികളും യഥേഷ്ടം അവർ ഉപയോഗിക്കുന്നു. ആരുടെയും അനുവാദമോ സമ്മതമോ അവർ വാങ്ങാറില്ല. കോളജധികൃതർക്ക് അതിൽ എതിർപ്പില്ലതാനും. ഇതെല്ലാം മാനേജുമെൻറിൻെറ അറിവോടെയാണ് നടക്കുന്നതെന്ന കാര്യത്തിൽ സംശയമില്ല. അതേ സമയം ജനാധിപത്യ മര്യാദയോടെ നിയമാനുസൃതം പ്രവർത്തിക്കുന്ന അധ്യാപക സംഘടനയെ അംഗീകരിക്കാൻ മാനേജുമെൻറ് തയ്യാറാകുന്നില്ല. ഇത് ഇരട്ടത്താപ്പ് നയമാണ്. എൻ. എസ്.എസ് മാനേജുമെൻറിൻെറ പാത പിൻതുടർന്നുകൊണ്ട് എസ്.എൻ മാനേജുമെൻറും സംഘടനകൾ നിയമാനുസൃതവും സമാധാനപരമായും നടത്തുന്ന പരിപാടികൾക്ക് ഒഴിവു ദിവസങ്ങളിൽ പോലും കാമ്പസ്സും ക്ലാസ്സ് മുറികളും തരില്ല എന്ന നിലപാട് സ്വീകരിച്ചിരിക്കയാണ്.

എയ്ഡഡ് കോളജുകളുടെ മാനേജ്മെൻറുകൾക്ക് നിയമപരമായുള്ള അധികാരങ്ങളെ സംഘടന ചോദ്യം ചെയ്യുന്നില്ല. എന്നാൽ ഈ സ്ഥാപനങ്ങളെ പൊതുസമൂഹത്തിൽ നിന്നും അകററി നിർത്തുവാനുള്ള ഏതു ശ്രമത്തെയും സംഘടന ശക്തമായി എതിർക്കുക തന്നെ ചെയ്യും. എയ്ഡഡ് മേഖലയിലുള്ളതായാലും ഈ സ്ഥാപനങ്ങൾ പൊതു വിദ്യാലയങ്ങളാണെന്ന കാഴ്ചപ്പാടാണ് സംഘടനയ്ക്കുള്ളത്. ഈ വിദ്യാലയങ്ങളുടെ നിലനില്പിലും വളർച്ചയിലും അവയ്ക്ക് സമൂഹത്തിനോടുള്ള കടപ്പാട് ചരിത്രപരമായ സത്യം മാത്രമാണ്. അതിനെ മൂടിവയ്ക്കാനോ നിഷേധിക്കുവാനോ മാനേജുമെൻറുകളുടെ സങ്കുചിത താല്പര്യങ്ങൾക്കാകില്ല. ഈ സ്ഥാപനങ്ങൾ തങ്ങളുടെ തറവാടു സ്വത്താണെന്ന നിലപാട് അവർ തിരുത്താൻ തയ്യാറാകണം. അധ്യാപക സംഘടനാ പ്രവർത്തനം തടയുവാനോ നിരുൽസാഹപ്പെടുത്തുവാനോ ആണ് ഇത്തരം തീരുമാനങ്ങളിലൂടെ മാനേജുമെൻറുകൾ വ്യാമോഹിക്കുന്നതെങ്കിൽ അത് പ്രാവർത്തികമാകാൻ പോകുന്നില്ല. കേരളത്തിലെ ഒട്ടുമിക്ക എയ്ഡഡ് സ്ഥാപനങ്ങളുടെയും ക്രിയാത്മകമായ പ്രവർത്തനത്തിലും വികസനത്തിലും അവിടെ പ്രവർത്തിയെടുക്കുന്ന അദ്ധ്യാപകർ നല്കുന്ന നിസ്വാർത്ഥമായ സേവനം കാണുവാൻ മാനേജുമെൻറുകൾ ശ്രമിക്കേണ്ടതാണ്. അവരിൽ മഹാഭൂരിപക്ഷവും വ്യക്തമായ സാമൂഹിക വീക്ഷണത്തോടെ പ്രവർത്തിക്കുന്ന എ.കെ.പി.സി.ടി.എക്കാരാണെന്ന വസ്തുത മനസ്സിലാക്കുവാനും മാനേജുമെൻറുകൾ തയ്യാറാകണം.

# ഫെബ്രുവരി 28 ൻെറ പൊതുപണിമുടക്ക് വിജയിപ്പിക്കുക

ഡോ.വി.രാജേന്ദ്രൻനായർ
ജനറൽ സെക്രട്ടറി
എ.കെ.പി.സി.ടി.എ



സാമ്രാജ്യത്ത്വ ശക്തികളുടെ കടന്നാക്രമണം ലോകത്താകെയുള്ള തൊഴിലാളികളുടെ ജീവിതം അങ്ങേയററം ദുസ്സഹവും ദുരിതപൂർണ്ണവുമാക്കിയിരിക്കയാണ്. തൊഴിലാളികൾ സംഘടിച്ചും ത്യാഗോജ്ജ്വലമായ സമരങ്ങൾ നയിച്ചും നേടിയെടുത്ത അവകാശങ്ങളും ഉപജീവന ഉപാധികളും കടന്നാക്രമിക്കപ്പെടുകയാണ്. ലോകമെമ്പാടുമുള്ള തൊഴിലാളികൾ വമ്പിച്ച പണിമുടക്കുകളും പ്രക്ഷോഭങ്ങളും നടത്തിക്കൊണ്ടാണ് ഈ കടന്നാക്രമണങ്ങളോട് പ്രതികരിക്കുന്നത്.


പോയവർഷം ഏഴ് ദേശീയ പണിമുടക്കുകളാണ് ഗ്രീസിൽ അരങ്ങേറിയത്. നവംബർ 30 ന് ബ്രിട്ടണിൽ നടന്ന തൊഴിലാളി പണിമുടക്ക് ബ്രിട്ടൻെറ കഴിഞ്ഞ മൂന്ന് പതിററാണ്ടുകളുടെ ചരിത്രത്തിലെ ഏററവും വലിയ പണിമുടക്കായിരുന്നുവെന്നാണ് റിപ്പോർട്ടു ചെയ്യപ്പെട്ടത്. വികസിത സമൂഹങ്ങളിൽ പണിമുടക്ക് നടക്കാത്ത ഒരു രാജ്യവും പോയ വർഷം ഉണ്ടായില്ല. 2011 സെപ്തംബറിൽ അമേരിക്കയിലാരംഭിച്ച വാൾസ്ട്രീററ് പിടിച്ചെടുക്കൽ പ്രക്ഷോഭം മുതലാളിത്തം നടത്തുന്ന ചൂഷണങ്ങൾക്കെതിരായി ലോകവ്യാപകമായ അനുരണനങ്ങൾ സൃഷ്ടിച്ചുകൊണ്ട് മുന്നേറുകയാണ്.

സാമ്രാജ്യത്വ ശക്തികളുടെ സ്വാധീനത്താൽ ഇന്ത്യൻ ഭരണാധികാരി വർഗ്ഗവും നവലിബറൽ അജണ്ട നടപ്പിലാക്കിക്കൊണ്ട് തൊഴിലാളികളെ ദുരിതത്തിലേക്ക് തള്ളി വിടുകയാണ്. കക്ഷിരാഷ്ട്രീയങ്ങൾക്കതീതമായി തൊഴിലാളികൾ പ്രതികരിക്കാൻ തയ്യാറായിരിക്കയാണ്. 2011 സെപ്തംബർ 7 ന് ഇന്ത്യയിലെ പതിനൊന്ന് ട്രേഡ് യൂണിയനുകൾ ഒന്നിച്ചു ചേർന്ന് ഒരേ വേദിയിൽ വന്നതോടെ ട്രേഡ് യൂണിയനുകളുടെ ഐക്യപ്രസ്ഥാനം യാഥാർത്ഥ്യമാകുകയുണ്ടായി. 2011 ഫെബ്രുവരി 23 ന് പാർലമെൻറിലേക്ക് നടത്തിയ തൊഴിലാളികളുടെ വമ്പിച്ച മാർച്ച് ഈ ഐക്യ പ്രസ്ഥാനത്തിന് ശക്തി പകരുന്നതായിരുന്നു. തലസ്ഥാന നഗരിയിൽ ഇതേവരെ നടന്നതിൽവച്ചേററവും ശക്തമായ തൊഴിലാളി മുന്നേററമായിരുന്നു അന്നുണ്ടായത്. കേന്ദ്ര ട്രേഡ് യൂണിയനുകൾ മുന്നോട്ടു വച്ച സമഗ്രമായ അവകാശ പത്രിക സമസ്ത ജനങ്ങളുടെയും ജീവിതവുമായി ബന്ധപ്പെട്ട സുപ്രധാന വിഷയങ്ങൾ ഉൾക്കൊള്ളുന്നവയാണ്.

വിലക്കയററം, പൊതുവിതരണ രംഗത്തെ പരാധീനതകൾ, തൊഴിലവസരങ്ങൾ വെട്ടിക്കുറയ്ക്കുന്ന നയസമീപനങ്ങൾ, സാമൂഹ്യ സുരക്ഷാപദ്ധതികളോടുള്ള സർക്കാരിൻെറ അലംഭാവം, വർദ്ധിച്ചു വരുന്ന സ്വകാര്യ വല്ക്കരണം മിനിമം കൂലി നിയമം പോലും അട്ടിമറിക്കപ്പെടുന്ന അവസ്ഥ, കരാർ തൊഴിലാളികളുടെ അരക്ഷിതാവസ്ഥ, തൊഴിൽ നിയമങ്ങളുടെ നടപ്പാക്കലിൽ കാണിക്കുന്ന അവഗണനയും തൊഴിലാളി ദ്രോഹപരമായ പുതിയ തൊഴിൽ നിയമങ്ങളുടെ സൃഷ്ടിയും, തൊഴിലാളി ക്ഷേമപദ്ധതികൾ അട്ടിമറിക്കുന്ന നിലപാടുകൾ തുടങ്ങിയ പ്രശ്നങ്ങളും എല്ലാററിലുമുപരിയായി തൊഴിലാളികളുടെ സംഘം ചേരുവാനും കൂട്ടായി വിലപേശാനുമുള്ള അവകാശം നഷ്ടപ്പെടുത്തുന്ന നടപടികൾ തുടങ്ങിയ കാര്യങ്ങളാണ് അവകാശ പത്രികയിലുണ്ടായിരുന്നത്.

നവംബർ 8 ന് ഈ ആവശ്യങ്ങൾ ഉന്നയിച്ച് നടത്തിയ രാജ്യവ്യാപകമായ ജയിൽ നിറയ്ക്കൽ സമരം തുടർന്നുള്ള പ്രക്ഷോഭത്തിന് വഴി തെളിക്കുന്ന തരത്തിലുള്ളതായിരിക്കുന്നു. അടുത്ത പ്രക്ഷോഭമായി 2012 ഫെബ്രുവരി 28 ന് ദേശവ്യാപകമായി ഏകദിന പൊതുപണിമുടക്ക് നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. എല്ലാ വ്യവസായ മേഖലകളിലെയും തൊഴിലാളികളുടെ ഫെഡറേഷനുകൾ ഈ തീരുമാനത്തെ സ്വാഗതം ചെയ്യുകയും ചെയ്തിട്ടുണ്ട്.

സർവീസ് മേഖലയിലുള്ള ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സംഘടനകളും ഫെഡറേഷനുകളും 28-ാം തിയതിയിലെ പണിമുടക്കിൽ പങ്കെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സർവകലാശാല- കോളജ് അദ്ധ്യാപകരുടെ സംഘടനകളുടെ അഖിലേന്ത്യാ ഫെഡറേഷനും എ. കെ. പി. സി ടി എ യും പണിമുടക്കിൽ പങ്കെടുക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. തൊഴിലാളികളുടെയും ബഹുജനങ്ങളുടെയും ചെറുത്തുനില്പിനെ അവഗണിച്ചു കൊണ്ടും കേന്ദ്രസർക്കാർ നവലിബറൽ നയങ്ങളുമായി മുന്നോട്ടു പോകുന്ന സാഹചര്യത്തിൽ ദേശീയ പണിമുടക്ക് വിജയിപ്പിക്കേണ്ടതിൻെറ ആവശ്യകതയും കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും ഫെഡറേഷനുകളുടെയും ഐക്യത്തിൻെറ പ്രാധാന്യം മറെറന്നത്തേക്കാളും വർദ്ധിച്ചു വന്നിരിക്കുകയാണെന്ന വസ്തുതയും അദ്ധ്യാപസമൂഹത്തിൽ പ്രചരിപ്പിക്കേണ്ടതാണ്.



# Disciplines in Academics

## Policies, Profiles and Futures

C.Padmanabhan
NSS College, Mattanur



The emergence of new disciplines in academics has always followed a certain pattern against the emerging socio-economic backdrop. The production, assimilation and dissemination of knowledge are complex phenomena that are intertwined with a variety of social and economic parameters and are often difficult to extricate and isolate for objective analysis. The word "knowledge" itself has also evolved through intricate etymological contexts spread over various periods and places in history. In the 12th Century AD the word "knowledge" meant "acknowledging and honouring a superior". It was rather oriented towards knowing one's place and hierarchical position in the society. It was only towards the end of the 14th Century that the word acquired its present meaning of "familiarity with a body of facts". Just as words evolve over time it could be stated in a general way that societies construct knowledge- including scientific knowledge- in response to the emerging needs of the times. The evolution of disciplines- pertaining to both epistemological and historic aspects of the topic- is a serious subject for academic enquiry.

Once we accede to the fact that knowledge is socially constructed, the government and its policy formulations become key factors with a decisive role in such a construction. For example- faced with acute energy crisis a government could go for intensive research on tapping solar energy or could adopt a potentially dangerous yet easy solution of opting for nuclear energy. The policy decision in this regard would have a ripple impact in the field of higher education and also in the matter of channelizing funds for academic research. Thus, though the evolution of disciplines in a given society follows the deeper

> Our educational environment is consistently being stripped of the critical and subversive disciplines which alone have the potential to transform the society by consistently aiming for higher humanistic ideals. To get an overview of the disastrous trend we only need to compile a list of the newly emerged disciplines/subjects/ programmes in Indian Universities in the last two decades.

socio-economic patterns of development, the intermediate status of the government policy formulations could impact this evolution either in an advantageous or in a detrimental manner. We have already seen the rapid evolution of IT based disciplines and programmes in academics in the last decade- and we are currently witnessing IT enabled unemployment which is the other side an absolute lack of planning.

What is desperately ironic about the current situation in higher education in India is the fact that the neo-liberal forces are actually reaping the benefits of decades of welfare oriented Nehruvian economic policies. It was the slow yet steady growth achieved as a result of the much lauded "mixed economic policy" that created a demand for an educationally qualified workforce within the country. However at the precise juncture where that demand became a reality- when higher education slowly moved into limelight after being ignored on the backburner for decades- the policies of the Government of India underwent a sea change in favour of liberal privatisation. At the precise stage where the government was expected increase its spending in higher education to ensure access, equity and quality it turned around and started beating retreat. But no government can retreat from higher education completely because there are policy decisions based on class interests in force and quite naturally some disciplines in academics would be pampered while other would be left in the open to wane and vanish altogether.

With the contemporary academic environment being shaped by the all pervasive neo-liberal context the entire discipline of humanities stand the risk of being evicted from academic institutions. This is because the predominantly private capital that is now running the higher education show in the country is not interested in education or research in Humanities for the simple reason that it doesn't bring any immediate monitory benefit. Even some of the social sciences are being systematically relegated to insignificant positions in the current academic context. Thus the major setback of the privatization drive that began in the early 1990's is being felt in certain particular sections of academic disciplines more than the others. Quite interestingly the other casualties in this "no profit-no programmes" drive are the basic science subjects which are also not getting many takers among the self financing institutions. A curious situation has come into existence where Humanities and Basic Sciences are vying for the limited government spending in higher education with other subjects, while applied science subjects are basking in the glory of liberalisation and privatisation. This brings out new questions regarding access and equity not from an individual point of view but from the point of view of various disciplines in academics.

It was the BJP led NDA government (1998-2004) which began implementing liberalisation and privatisation in higher education with the huge hike in fees, with the granting of autonomy to institutions without any solid and rational criteria and with the doling out of deemed University status to all and sundry. While the extreme right wing's contempt for critical Humanities is a universal phenomenon their aversion to those aspects of higher education that are essentially subversive to any kind of dominant ideology is often veiled in a rhetoric of practicalities and contingencies. Instances of how the NDA government treated subjects like History serve as a case in point. The infamous Ambani-Birla report submitted to the NDA government in the year 2000 categorically states that education has a potential for becoming a very profitable market if the corporates are given a free hand to mould it according to their whims and fancies. It might be interesting to note that the same report also contained a proposal for banning all sorts of political activity in academic campuses. They even touted "autonomy" as a deceptive facade to cover up the government's gradual yet consistent withdrawal from tertiary education. Needless to say- these newly anointed deemed Universities and autonomous colleges did not

see any profit in conducting courses or research in Humanities and the government had no legislation in place to implement or even to recommend any sort of cross subsidising whereby it could be made mandatory for the self financing institutions to offer programmes in Humanities or even in basic Sciences. At about the same time the World Bank was issuing directives to the governments of developing nations to ensure the marketability of tertiary education by ensuring that it was vocational or job oriented. We all remember a period when the UGC gave special grants for attaching cute little adjectives like "applied" or "functional" to the various disciplines in Humanities. The logic was that by adding vocational ingredients to Humanities these subjects could also enter the race in the marketplace and thereby stop causing needless drain to the public exchequer. The NDA government even proposed a model Act for all Universities aimed at bringing about a legal framework throughout the country conducive for their neo-liberal initiatives. The progressive section among the academia had to rise up in protest against all these draconian measures to ensure that the interests of the masses are not completely and irrevocably subsumed into the interests of the corporate world.

The efforts of the first UPA government which came to power with the Left supporting it from the outside were more focused on removing the barriers for the smooth and suave entry of foreign Universities/ Educational Agencies into the Indian tertiary educational scenario. Thought it is a major relief that they could not render the scene further chaotic thanks to the timely interventions of the Left parties- the direction in which the second UPA government is heading is a clear proof that their neo-liberal agendas in the field of tertiary education have not been abandoned. The formation of an overarching authority called "National Commission for H gher Education and Research (NCHER)" is on the anvil and the "Higher Education and Research Bill, 2011, containing the rules and guidelines for the formation of NCHER has already been tabled in the Rajya Sabha . Needless to say, the general direction of all these legislative initiatives is ruthless privatisation and liberalisation of higher education and the future looks grim for subjects that are not adorned with a price tag.

Thus the demand that the academic society should put forward is that Humanities and basic Sciences be made a major priority of Higher Educational institutions against the very evident direction of neoliberal policies. This is one way of retaining the subversive edge of higher education in a context that often demands total submission. An imposed policy, like the neoliberal directive, does not operate in a vacuum. On the other hand it is embedded in the system by cohering with a lot of other cultural and administrative subtexts that may not be immediately linked to it. Thus an institution that is solely guided by marketing priorities might at the same time generate fundamentalist forces within it that cohere with the eviction of humanities or such institutions might opt for an undemocratic or authoritarian mode of administration which would stifle criticism from within. This often manifests as the rising depoliticization of the academia, the intrusion of fundamentalist forces into academic space and the spread of NGO's and such other organisations that tends to substitute class oriented political activism with other forms of establishment friendly activism. There are political and cultural trends in modern day campuses that cohere with neoliberal policies and administrative reforms that have sort of eased the transition to a neoliberal environment and made it seem natural. Our educational environment is consistently being stripped of the critical and subversive disciplines which alone have the potential to transform the society by consistently aiming for higher humanistic ideals. To get an overview of the disastrous trend we only need to compile a list of the newly emerged disciplines/ subjects/programmes in Indian Universities in the last two decades.




# The PFRDA conspiracy?

**Dr. K. Krishnadas**
*S.S. College,Kalady*



The central Government operationalised the New Pension System (NPS) from the Ist January 2004 through a notification dated the 22nd December 2003. The NPS is mandatory for the new recruits to the Central Government Services (Except the armed Forces). The government constituted and interim pension sector regulator named as "The interim Pension Fund Regulatory Development Authority (PFRDA)" through a govt. resolution in October 2003 as a pre curser to a statutory regulator. The pension fund regulating and development authority bill 2005. Referred to the standing committee on finance on the 24 th march for examination and report thereon. The standing committee on finance gave its recommendations on the 26 th July 2005. The govt. proposed official amendments in January 2009 to give effect to certain recommendations of the standing committee on finance, but the official amendments could not be moved and PFRDA bill 2005 could not be considered and passed and the same lapsed due to dissolution of the 14 th Loksabha.

> The govt. of India is choosing the same path of the capitalist world which proved to be an utter failure and creating panic among the people. At last what we can do , the suffering people , the working class to lead a powerful country wide democratic movements to force the government to withdraw such heinous act and to have a logical re-thinking and withdrawing the anti-people PFRDA Bill.

However, pending the passage of the PFRDA bill 2005, the interim pension fund regulatory and development authority has created the institutional arrangements of NPS trust, Central Record Keeping Agency (CRA), Pension Fund and a trustee bank. In view of the urgency of the matter, the PFRDA Bill 2011, is being introduced in parliament to provide the establishment of a statutory pension to the old age income security.

Features of the PFRDA New Pension Scheme.

- Ø The new pension system would be based on defined contributions; it will use the existing net work of bank branches and post offices etc. to collect contributions. There will be semless transfer of accumulations in case of change of employment and/ or location./ it will also offer a basket of investment choices and Fund managers. The new pension system will be voluntary.
- Ø The system would, however, be mandatory for new recruits to the Central Government Service (except the armed forces). The monthly contribution would be 10% of the salary and DA to be paid by the employee and matched by the Central Government. However, there will be no contribution from the Govt. in respect of individuals who are not govt. employees. The contributions and returns thereon would be deposited in a non – withdrawable pension account. The existing provisions of defined benefits pension and GPF would not be available to the new recruits in the Central Government service.
- Ø Individuals can normally exit at or after age 60 years from the pension system. At exit, the individual would be requiring to invest at least 40 % of pension wealth to purchase an annuity. In case of govt. employees, the annuity should provide for pension for the life time of the employee and his dependent parents and his spouse at the time of retirement. The individual would receive a lump sum of the remaining pension wealth which would be free to utilize in any manner. Individuals would have the flexibility to leave the pension system prior to age 60. However in this case, the mandatory annuitisation would be 80% of the pension wealth. There will be one or more central record keeping agency (CRA), several pension fund managers (PFMS; to choose from which will offer different categories of schemes.
- Ø The participating entities (PFMS, CRA etc.) would give out easily understood information about past performance and regular NAVs, so that the individual would able to make informed choices about which scheme to choose.

The bill was originally brought in by the BJP in 2002 during the NDA regime when Yaswant Sinha was the finance minister. At present, Sinha heads the standing committee on finance which has also recommended that the bill should include assured return to pensioners who agree to invest in the share market and if the FDI (Foreign Direct Investment) limit is capped. It is very interesting that the financial policies of the BJP and the UPA Govt. lead by Congress are the same < Both parties are interested to invest the pension fund in the speculative market to boost the profiteering of the monopolists and capitalists.

According to the Central Government. It is their effort to find sustainable solution to the problem of providing adequate retirement income. As a first step towards instituting pensioner reforms, Govt. of India moved from a defined benefit pension to a defined contribution based pension system by making it mandatory for its new recruits from Ist January 2004. Since Ist April 2008 the pension contributions of central government employees covered by the New Pension System (NPS) are being invested by professional pension fund managers in line with investment guidelines of government applicable to Non_ Government provident Funds. 28 State/ UnionTewrritories Govt. have also notified the New Pension System for their employees, of these 24 states including Tamilnadu, and

Karnataka our neighboring states have already signed the NPS.The state which were against these proposals were Kerala, WestBengaal and Tripura. The left ruled states. The investment is mandatory and left to the subscriber and it is mandatory to bear any loss from this speculative transactions. It is sure that there will be ups and downs in the speculative market and the subscriber is fully responsible and shall suffer the losses. It further states that the NPS has been designed to enable to the subscriber to make optimum decisions regarding his / her future and provide his /her old age through systematic savings from the day he/she starts his/her employment.

India has nearly 8 million elderly people which is 1/8th of World's elderly population. This segment of population is growing at rate of 3.8% per annum as against the rate of growth of 1.8% for the overall population. A vast majority of this population is supported by old age income of pension. Now in India a comprehensive pension system has three basic pillars.

Pillar-I, covers every citizen of the country through a standardized state run pension system which offers basic coverage and is primarily focused on reducing the poverty. In states like Kerala this scheme was implemented very effectively and every old age population is receiving this benefit.

Pillar-II is mandatory occupational pension system where employees and employer contribute towards their pension.

Pillar-III is a voluntary private funded system including individual saving plans, insurance, ppf, superannuation schemes through annuity plans. The main argument against this system is the sharp increase in financial budgets in the government and other employees on account of pension liabilities. The Government says that the total pension liability on account of the central government employees has increased at a compound annual growth rate of more than 21% during the 1990s. The comparable rates for the state governments were 27% per annum. It is creating a fiscal stress. Under the NPS, for a subscriber at the time of retirement there will be compulsory annuitisation of at least 40 % of the accumulated pension wealth and the balance will be paid as lumsum.There will be multiple pension fund managers and the choice would with the individual subscribers to decide which fund manager to go with. The choice and the risk would rest with the subscriber. The implicit pension debt liability of the Central and State governments arising out of the three components of civil servants pensions Rs. 20034billion or 64.51% of GDP.

All the above funds hit hard by the recent financial crisis, particularly in the West. As a consequence provident fund and pension fund managers are seeking to rebuild long term holdings for their clients. All these efforts will result in new surge in money will push global food prices. High food prices will hit poor, rural and working class communities hard.

Right from 1991, the neo liberalization policies started by the central government is trying to wash off its hands from the welfare activities slowly. All the policies of the Liberalization, Privatization, and Globalization (LPG) have an anti-people, pro-capitalist touch. The governments are running away from the responsibility of administering public and social welfare measures.

Table1: world's top10 Pension funds (US$ Millions)

| Rank | Name of Fund | Country | Totalassets |
|---|---|---|---|
| 1 | Govt. Pension Investment | Japan | 1,315,071 |
| 2 | Govt. Pension Fund-Global | Norway | 475,859 |
| 3 | ABP | Netherlands | 299,873 |
| 4 | National Pension | Korea | 234,946 |
| 5 | Federal Retirement Thrift | US | 234,404 |
| 6 | California Public employees | US | 198,765 |
| 7 | Local Govt.Officials | Japan | 164,510 |
| 8 | California State Teachers | US | 130,461 |
| 9 | Newyork State Common | US | 125,692 |
| 10 | PGGM | Netherlands | 123,390 |

Sources;Pension&Investments, 6 September2010.

Under the name of NPS though contributory would place the funds in the hands of private fund management companies for investment in speculation share market where returns are uncertain and subject to wide fluctuations. This NPS and formation of an independent statutory authority in the name of PFRD has been stoutly opposed by the working class of the country. Instead of giving due attention to the hues and cries of the large chunk of workers, the government is going ahead with their busy schedule to invest the pension funds by opening up .The route of Foreign Direct Investment (FDI) and thereby allow monopolist ad speculators to gamble with the enormous corpus of the only social security scheme of the working people in a big way making the future of the pensions in a highly in secure share market.


Due to the outbreak of sub-prime crisis in USA, giant global financial institutions like Layman Investments etc. who were engaged as fund managers in a wide spread speculations with bank loans, pension funds and insurance money became bankrupt overnight causing virtual erosion of a sizeable chunk of peoples pensionary resources and putting future of millions of common people particularly the old aged population at a stake. Worldwide theories have strong opposition against such a move on the part of various capitalist, governments to hand over peoples hard-earned savings to private operations in highly uncertain speculative stock market thus the pension holders in to beggars overnight. It is an act of shame and economic crime. The govt. of India is choosing the same path of the capitalist world which proved to be an utter failure and creating panic among the people. At last what we can do , the suffering people , the working class to lead a powerful country wide democratic movements to force the government to withdraw such heinous act and to have a logical re-thinking and withdrawing the anti-people PFRDA Bill.

With best compliments from

AKPCTA BRANCH

M.M N.S.S. COLLEGE

KOTTIYAM, KOLLAM



# കേരള സർവ്വകലാശാല അസിസ്റ്റന്റ് നിയമനവും ചില യാഥാർത്ഥ്യങ്ങളും


ഡോ.കെ.എൻ.വിവേകാനന്ദൻ
എസ്. എൻ.കോളജ്, ചെമ്പഴന്തി
സിൻഡിക്കേറ്റ് മെമ്പർ,
കേരള സർവ്വകലാശാല




കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട് വിവാദങ്ങൾ വീണ്ടും വീണ്ടും ശക്തമായിക്കൊണ്ടിരിക്കുകയാണ്. ചില മാധ്യമങ്ങളും ഒരു കൂട്ടം നിക്ഷിപ്ത താൽപര്യക്കാരും ഗൂഢ അജണ്ടകളോടെ പ്രവർത്തിക്കുവാൻ ആസൂത്രിതമായി യത്നിക്കുന്നതിന്റെ ഫലമായി സത്യത്തെ ഇരുട്ടിന്റെ മറവിൽ നിർത്തുവാൻ കഴിയുമെന്ന് അത്തരക്കാർ കരുതുന്നു. അതിഗൂഢ നീക്കങ്ങളോടെ മനുഷ്യരെ ക്രൂശിക്കുകയും, ഉന്നത വിദ്യാഭ്യാസകേന്ദ്രത്തിന്റെ പവിത്രത ഹനിക്കുകയും ചെയ്യുന്ന അസൂത്രിത നീക്കങ്ങളെ കണ്ടില്ലെന്നു നടിക്കുവാൻ പൊതു സമൂഹത്തിന് കഴിയുമോ? ആടിനെ പട്ടിയാക്കുമ്പോൾ അരുതെന്ന് ആരെങ്കിലും പറയേണ്ടതല്ലേ? സർവ്വകലാശാല അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ടുയർന്നു വരുന്ന വിവാദങ്ങൾ ഇത്തരം മൗലികവും യുക്തിഭദ്രവുമായ ചോദ്യങ്ങൾ മുന്നോട്ടു വെയ്ക്കുന്നു.

കൊട്ടിഘോഷിക്കുന്ന നിലയിൽ അഴിമതിയുടെ പശ്ചാത്തലത്തിൽ അവതരിപ്പിക്കപ്പെടുന്ന അസിസ്റ്റന്റ് നിയമനത്തിന്റെ പശ്ചാത്തലവും തുടർനടപടികളും എന്താണെന്ന് തിരിച്ചറിയുമ്പോഴാണ് ഇരുട്ടിന്റെ മറവിൽ പതിയിരിക്കുന്ന കൂട്ടർ വെളിച്ചത്തുന്നത്. തിരശ്ശീലയ്ക്കു പിന്നിലിരുന്ന് കള്ളാ, കള്ളാ, എന്നു വിളിക്കുന്നവരുടെ മുഖത്താണ് കരിനിഴൽ എന്ന് അപ്പോൾ ബോധ്യപ്പെടും.

2005 ഫെബ്രുവരി 2 ന് ചേർന്ന സിൻഡിക്കേറ്റ് യോഗമാണ് അസിസ്റ്റന്റ് തസ്തികകളിലെ നിയമനത്തിനായി തീരുമാനം കൈക്കൊണ്ടത്. അക്കാലത്ത് സർവ്വകലാശാല ഭരണ സമിതിയായി പ്രവർത്തിച്ചിരുന്നത് ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള യു. ഡി എഫ് സർക്കാർ നിയോഗിച്ച, നാമനിർദ്ദേശ സിൻഡിക്കേറ്റായിരുന്നു. യു. ഡി

> **'There is nothing uncommon in the relatives of political leaders and neighbors and relatives of somebody working in office getting appointment in various departments. In such cases it is not possible to presume that those candidates got appointment because of political patronage. In the absence of evidence to show that there was political influence or influence by high profile personalities it is not possible to say that there was political patronage to some of the candidates who got selection'**

എഫ് മേധാവികളുടെ താത്പര്യങ്ങളും തന്നിഷ്ടവും മുൻനിർത്തി രൂപീകരിക്കപ്പെട്ട സിൻഡിക്കേററായിരുന്നു അസിസ്ററൻറ് നിയമനത്തിനായി ഉദ്യോഗാർത്ഥികളുടെ അപേക്ഷ കാണിച്ചത്. വിവാദ കൊടുങ്കാററുകളുടെ പൊടിപടലങ്ങൾ തീർത്ത മറവിൽ ഈ യാഥാർത്ഥ്യം വിസ്മരിക്കപ്പെട്ടു പോയി.

2005 മാർച്ച് 3 ന് ഉദ്യോഗാർത്ഥികളുടെ അപേക്ഷ ക്ഷണിക്കുമ്പോൾ നാമനിർദ്ദേശ സിൻഡിക്കേററിൽ അംഗങ്ങളായിരുന്ന ഡോ. പി. ഒ വർഗ്ഗീസും, ഡോ. ബി.സുരേഷും ഉൾപ്പെടുന്ന സിൻഡിക്കേററാണ് അസിസ്ററൻറ് നിയമനത്തിനെതിരെ ഉപലോകായുക്തയുടെ വിധിയിൽ ഹൈക്കോടതിയിൽ അപ്പീൽ പോകേണ്ടതില്ലെന്ന് നിശ്ചയിച്ചതെന്നത് യാദൃശ്ചികം മാത്രമല്ല, ആശ്ചര്യകരവും അപമാനകരവുമാണ്.

അസിസ്ററൻറ് നിയമനത്തിൽ ഉദ്യോഗാർത്ഥിയല്ലാതിരുന്ന ഒരാൾ രാഷ്ട്രീയ താത്പര്യത്തോടെ നൽകിയ ഹർജിയിൽ ഉപലോകായുക്ത റിപ്പോർട്ടുപോലും അധിക്ഷേപക്കാർക്ക് ഏററ പ്രഹരമായിരുന്നു. സ്വജനപക്ഷപാതമാണ് കേസ് നൽകിയ വ്യക്തി മുഖ്യമായും ഉന്നയിച്ച പരാതി. ഉപലോകായ്കുതയും സ്വജനപക്ഷപാതം നടത്തിയെന്നതിന് ഒരു തെളിവുമില്ലെന്ന് സന്നിഗ്ദമായി വ്യക്തമാക്കുകയുണ്ടായി.

രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടായെന്നും അസിസ്ററൻറ് നിയമനവുമായി ബന്ധപ്പെട്ട് ആരോപിക്കപ്പെട്ടിരുന്നു. ആരോപണങ്ങളൊന്നും തെളിയിക്കുവാൻ അതിൻെറ സൃഷ്ടാക്കൾക്കും പ്രചാരകർക്കും കഴിഞ്ഞില്ല. ഉപലോകായുക്തയുടെ റിപ്പോർട്ടിലെ 61-ാം ഖണ്ഡികയും അത് ശരിവയ്ക്കുന്നു

'There is nothing uncommon in the relatives of political leaders and neighbors and relatives of somebody working in office getting appointment in various departments. In such cases it is not possible to presume that those candidates got appointment because of political patronage. In the absence of evidence to show that there was political influence or influence by high profile personalities it is not possible to say that there was political patronage to some of the candidates who got selection' എന്നാൽ അടുത്ത ഖണ്ഡികയിൽ റിപ്പോർട്ടിൽ വിപരീതമായ കണ്ടെത്തലാണ് ഉണ്ടായിരിക്കുന്നത്.

ഒരേയൊരു പിഴവാണ് ഉപയോകായുക്ത കണ്ടെത്തിയത്. സെലക്ഷൻ സമിതിയുടെ രൂപീകരണത്തിൽ വീഴ്ചവന്നുവെന്നും സമയബന്ധിതമായി അത് രൂപീകരിച്ചില്ലെന്നുമായിരുന്നു നിരീക്ഷണം. സെലക്ഷൻ കമ്മിററി രൂപീകരിക്കേണ്ട ഘട്ടത്തിൽ പ്രവർത്തിച്ചിരുന്നത് യു. ഡി എഫ് സർക്കാരിൻെറ നാമനിർദ്ദേശ സിൻഡിക്കേററായിരുന്നുവെന്ന യാഥാർത്ഥ്യം മാധ്യമങ്ങളും മററും മനപൂർവ്വം തമസ്ക്കരിക്കുന്നു.

സർവ്വകലാശാല സിൻഡിക്കേററ്, അസിസ്ററൻറ് നിയമനം റദ്ദുചെയ്യുവാൻ തീരുമാനിച്ചുവെന്നും ഉപലോകായുക്തയുടെ നിരീക്ഷണം അംഗീകരിച്ചുവെന്നും മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു. അതിനെ തുടർന്ന് ദൃശ്യമാധ്യമങ്ങളിൽ ചർച്ചകളും അരങ്ങേറി. എന്നാൽ സർവ്വകലാശാല സിൻഡിക്കേററ് അസിസ്ററൻറ് നിയമനം റദ്ദു ചെയ്യുവാനോ, ഉപലോകായുക്ത നിരീക്ഷണം അംഗീകരിച്ചതായി തീരുമാനം കൈക്കൊള്ളുവാനോ നിശ്ചയിച്ചിരുന്നില്ല. സത്യം അതായിരിക്കേ, വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിനും ചർച്ചകൾ സംഘടിപ്പിക്കുവാനും അപൂർവ്വം ചില മാധ്യമങ്ങളെങ്കിലും മുന്നിട്ടിറങ്ങിയത് ചില സ്ഥാപിത താത്പര്യക്കാരുടെ പ്രത്യേക അജണ്ട പ്രകാരമായിരുന്നു എന്ന് ന്യായമായും സംശയിക്കണം. ജനുവരി 9 ന് ചേർന്ന സിൻഡിക്കേററ് യോഗത്തിൽ, ഉപലോകായുക്തയുടെ റിപ്പോർട്ടിൻ മേൽ ഹൈക്കോടതിയിൽ അപ്പീൽ പോകേണ്ടതില്ലെന്ന് വോട്ടിനിട്ട് നിശ്ചയിച്ചുവെന്നതു മാത്രമാണ് യാഥാർത്ഥ്യം. സിൻഡിക്കേററിലെ സർക്കാർ പ്രതിനിധികളായി പങ്കെടുത്തവരുടെ കൂടി പിന്തുണയോടെയാണ് അപ്പീൽ പോകേണ്ടതില്ലെന്ന തീരുമാനം നടപ്പാക്കിയെടുത്തത്. ഇവരിൽ ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയുടെ പ്രതിനിധിയായി പങ്കെടുത്ത വ്യക്തി വോട്ടെടുപ്പിൽ നിന്ന് മാറിനിൽക്കാൻ നിർബന്ധിതനായി. ഉപലോകായുക്തയുടെ റിപ്പോർട്ടിൻ മേൽ നടപടികൈക്കൊള്ളേണ്ട ഉന്നത വിദ്യാഭ്യാസ സെക്രട്ടറി ഇത്തരമൊരു കാര്യത്തിൽ പക്ഷം പിടിക്കുവാൻ പാടില്ലെന്ന വാദത്തെ തുടർന്നാണ് വോട്ടെടുപ്പിൽ നിന്ന് മാറി നിന്നത്. ഐ. ടി സെക്രട്ടറിയുടെ പ്രതിനിധിയായി സിൻഡിക്കേററിൽ പങ്കെടുത്ത വ്യക്തി വോട്ട് രേഖപ്പെടുത്തുകയും ഒരു കൂട്ടരുടെ താത്പര്യം സംരക്ഷിക്കുകയുമായിരുന്നു. എന്നാൽ ഉന്നത വിദ്യാഭ്യാസ സെക്രട്ടിയുടെയും ഐ ടി സെക്രട്ടറിയുടെയും പ്രതിനിധികളായി സിൻഡിക്കേററിൽ പങ്കെടുത്തവർക്ക് നാമനിർദ്ദേശ കത്തുകൾ ഉണ്ടായിരുന്നില്ല. നിയമവിരുദ്ധമായി രണ്ടംഗങ്ങൾ സർക്കാർ പ്രതിനിധികളുടെ വേഷത്തിൽ പങ്കെടുത്ത സിൻഡിക്കേററ് യോഗത്തിൻെറ തീരുമാനം നിയമപരമായി നിലനിൽക്കുന്നതല്ല. പ്രത്യേകിച്ചും രണ്ടുപേരുടെ ഭൂരിപക്ഷത്തിൽ തീരുമാനമുണ്ടായ പശ്ചാത്തലത്തിൽ.

സർവ്വകലാശാലയിലെ സ്ററാൻഡിംഗ് കൗൺസിലായി ഇപ്പോൾ നിശ്ചയിക്കപ്പെട്ടിരിക്കുന്ന അഡ്വ. ജോർജ്ജ് പുന്തോട്ടം, അസിസ്ററൻറ് നിയമനത്തിൽ പരാതിയുമായി ഉപലോകായുക്തയെ സമീപിച്ച വ്യക്തിയുടെ അഭിഭാഷകനായിരുന്ന എന്നതും മറെറാരു കൗതുകകരമായ വസ്തുതയാണ്.

റാങ്ക് പട്ടികയിലുൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ ഉത്തരക്കടലാസ് കാണുന്നില്ലെന്നതാണ് അസിസ്ററൻറ് നിയമന പരീക്ഷയുമായി ഉയർന്നിരിക്കുന്ന ആക്ഷേപങ്ങളിൽ വസ്തുതയുള്ള ഏക കാര്യം. അക്കാര്യത്തിൽ വ്യക്തതയുണ്ടാകേണ്ടത് ആവശ്യം തന്നെ. നിലവിൽ ഈ വിഷയത്തിൽ ക്രൈം ബ്രാഞ്ച് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ആ അന്വേഷണത്തിൻെറ ഫലമായി ഒ.എം.ആർ ഷീററുകൾ കാണാതായതിൻെറ പിന്നാമ്പുറ കഥകൾ പു

# കേരള സർവ്വകലാശാല ലേണർ സപ്പോർട്ട് സെൻററുകൾ ആരംഭിക്കുവാനുള്ള നീക്കം അപലപനീയം

കേരള സർവകലാശാലയുടെ കീഴിൽ ലേണർ സപ്പോർട്ട് സെൻറർ എന്ന പേരിൽ ഓഫ് ക്യാമ്പസ് സെൻററുകൾ ആരംഭിക്കാനുള്ള തീരുമാനം പിൻവലിക്കണമെന്ന് എ. കെ. പി. സി ടി എ ആവശ്യപ്പെട്ടു. ഓഫ് ക്യാമ്പസ് സെൻററുകൾ ഗൾഫ് നാടുകളിലും സംസ്ഥാനത്തിനകത്തും ആരംഭിച്ച എം. ജി സർവകലാശാലയിൽ അത് ഒരു തുറന്ന കച്ചവടത്തിനുള്ള വേദിയായി മാറുകയാണുണ്ടായത്. വൻ തുക വാങ്ങിക്കൊണ്ട് ഡിഗ്രി സർട്ടിഫിക്കററ് നല്കുന്ന ഫാക്ടറികളായി ഈ സെൻററുകൾ തരംതാണിരിക്കുകയാണ്. ദേശീയ തലത്തിൽ യു ജി സി ഇത്തരം ഓഫ് കാമ്പസ് സെൻററുകൾ ആരംഭിക്കുന്നതിനെ ശക്തമായി ചെറുക്കുന്ന നിർദ്ദേശങ്ങൾ വച്ചിരിക്കുന്ന സന്ദർഭത്തിലാണ് കേരള സർവകലാശാല പുതിയതായി അത്തരം സെൻററുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. എ.കെ.പി.സി.ടി.എ ഇത്തരം കച്ചവടത്തെ ശക്തമായി എതിർത്തു പോന്നതിനാലാണ് കേരള സർവകലാശാലയിലും, കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകളിലും ഇത് ആരംഭിക്കാതിരുന്നത്. എന്നാൽ യു ഡി എഫ് സർക്കാർ സർവകലാശാലാഭരണം ഓർഡിനൻസിലൂടെ പിടിച്ചെടുത്തതിനെ തുടർന്ന് ഇത്തരം വ്യാപാര നടപടികൾ ഊർജ്ജിതമാക്കിയിരിക്കയാണ്. കേരള സർവകലാശാലയിൽ ലേണർ സപ്പോർട്ട് സെൻററുകൾ ആരംഭിക്കുന്നതിനായി വലിയ തുക അപേക്ഷാ ഫീസ് സ്വീകരിച്ച് നൂറുകണക്കിന് അപേക്ഷകരുടെയിടയിൽ നിന്നും തെരഞ്ഞെടുക്കുന്നതിനായി ഇൻറർവ്യൂ പ്രഹസനം നടക്കുകയാണ്. സെൻററിൻെറ മറവിൽ വിദേശ സന്ദർശനവും അഴിമതിയും ധൂർത്തും നടത്തുന്നതിന് മാത്രമേ ഈ സംവിധാനം ഉപകരിക്കുകയുള്ളൂവെന്ന് അനുഭവത്തിൽ തെളിഞ്ഞിട്ടുള്ളതാണ്. ഈ നടപടിയിൽ നിന്നും പിന്തിരിയണമെന്ന് സർവകലാശാല അധികൃതരോട് എ. കെ. പി. സി ടി എ ആവശ്യപ്പെട്ടു.

റത്തുവരുമെന്ന് പ്രതീക്ഷിക്കാം.

ഹൈദ്രാബാദിലെ സെക്യൂർ പ്രിൻറ് ലിമിററഡിൽ നിന്ന് ഒ.എം. ആർ ഷീററുകൾ സർവ്വകലാശാലയ്ക്ക് മടക്കി നൽകിയെന്ന് സെക്യൂർ പ്രിൻറ് ലിമിററഡിൻെറ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉപയോകായുക്തയ്ക്ക് മുന്നിൽ മൊഴി നിൽകിയെങ്കിലും അവ്യക്തതയും സുതാര്യതയില്ലായ്മയുമാണ് അദ്ദേഹം നൽകിയ മൊഴിയിൽ തെളിഞ്ഞു കാണുന്നത്. ഒ. എം. ആർ ഷീററ് സർവ്വകലാശാലയിലേയ്ക്ക് അയച്ചുവെന്ന കുറിപ്പിൽ ഒപ്പു വെച്ചിരിക്കുന്നത് ആ സ്ഥാപനത്തിലെ ജീവനക്കാരൻ പോലുമല്ല.

റാങ്ക് ലിസ്ററിൻെറ സി.ഡി സർവ്വകലാശാലയുടെ കൈവശമുണ്ട്. ആ സിഡിയിലും ഹാർഡ് ഡിസ്കിലും അനുബന്ധ രേഖകളിലും ക്രിത്രിമം നടത്തിയെന്ന ആരോപണവും ഉയർന്നിരുന്നു.ഹൈക്കോടതി നിയോഗിച്ച സുകുമാരൻ കമ്മിററി ചുമതലപ്പെടുത്തിയ വിദഗ്ദ്ധർ സി ഡിയിലും ഹാർഡ് ഡിസ്ക്കിലും ക്രിത്രിമം നടത്തിട്ടില്ലെന്നു കണ്ടെത്തുകയുണ്ടായി.

1992 ൽ നടന്ന ഉദ്യോഗ നിയമനത്തിനു ശേഷം സർവ്വകലാശാലാ ജീവനക്കാരുടെ നിയമനം നടന്നത് ഇപ്പോഴാണ്. ഉദ്യോഗാർത്ഥികളുടെ അഭിമുഖ പരീക്ഷ നടത്തുമ്പോൾ 92- ൽ സ്വീകരിച്ച അതേ മാനദണ്ഡങ്ങളാണ് അവലംബിച്ചതെന്നതും ശ്രദ്ധേയമാണ്.

ഇത്തവണ നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളെ വഴിയാധാരമാക്കുന്നതിനുള്ള നിലപാടാണ് ഒരു കൂട്ടർ കൈക്കൊള്ളുന്നത്. അയോഗ്യരോ അനർഹരോ ആണ് നിയമനം ലഭിച്ചവർ എന്ന് വസ്തുതകൾ മനസ്സിലാക്കുന്നവർക്ക് പറയാനാവുകയില്ല. എം.ഫിൽ, ബി.ടെക്, എം.ടി.എ, എം.ബി.എ, എം.സി.എ , എം.എസ്.സി, തുടങ്ങിയ ഉന്നത ബിരുദങ്ങളും ബിരുദാന്തര ബിരുദങ്ങളും ഉള്ളവരാണ് അസിസ്റററൻറ് നിയമനപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. വഴിവിട്ട നിയമനവും അയോഗ്യരുടെ പ്രവേശനവുമാണ് നടന്നതെന്ന് വാദിക്കുന്നവർ ഈ വസ്തുതയെ തമസ്ക്കരിക്കുകയാണ്. അടിസ്ഥാന യോഗ്യതയായി നിശ്ചയിക്കപ്പെട്ടിരുന്ന മാനദണ്ഡങ്ങൾക്ക് മുകളിൽ യോഗ്യതയുണ്ടായിരുന്ന ഉദ്യോഗാർത്ഥികളെ അവരുടേതല്ലാത്ത കുററം ചുമത്തി ക്രൂശിക്കാമോ എന്നതാണ് പ്രസക്തമായ വിഷയം. സർവ്വകലാശാലയുടെ വിശ്വാസ്യതയും നിലവാരവും പൊതുസമൂഹത്തിനു മുന്നിൽ തകർക്കുവാൻ മാത്രമേ ഇത്തരം വിവാദങ്ങൾ വഴിവെയ്ക്കുകയുള്ളൂ എന്ന യാഥാർത്ഥ്യം മുതലെടുപ്പ് രാഷ്ട്രീയം കളിക്കുവാൻ മുന്നിട്ടിറങ്ങുന്നവർ ഓർമ്മിക്കേണ്ടതാണ്.



# ജനവിരുദ്ധ ഗവൺമെന്റിന്റെ **ജനസമ്പർക്ക മെഗാഷോ**

**നിശാന്ത് എ.**
*പയ്യന്നൂർ കോളജ്, പയ്യന്നൂർ*



**ജനവിരുദ്ധ നിലപാടുമായി യു.ഡി.എഫ്. സർക്കാർ**

ജനാധിപത്യ ഭരണക്രമത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റുകൾക്ക് തീർച്ചയായും ചില ഉത്തരവാദിത്തങ്ങൾ ഉണ്ട്. അത്തരം ഉത്തരവാദിത്തങ്ങൾ നല്ല ബോധത്തോടെ നിർവ്വഹിക്കുന്നവരെയാണ് ജനപക്ഷ ഗവൺമെന്റുകൾ എന്ന് വിളിക്കുന്നത്. അവർ ജനങ്ങൾ പറയാതെ തന്നെ അവരുടെ വിശപ്പറിയുകയും വേദനകൾ മാറ്റുകയും ചെയ്യുന്നവരാണ്. വിലപേശലുകളും കാത്തിരിപ്പുകളും നിവേദനങ്ങളും കൂടാതെ നൽകേണ്ടത് കണ്ടറിഞ്ഞ് നൽകുന്നവരാണ്. തെറ്റിയ ലോകക്രമത്തിനൊത്ത് ചുവടുവെക്കുന്നവരല്ല മറിച്ച് നേരിന്റെ പ്രതിരോധം സംഘടിപ്പിക്കുന്നവരാണ് ജനപക്ഷം. അവർ കേവലം നയരൂപീകരണത്തിന് ഔപചാരികമായി ബാധ്യതപ്പെട്ടവർ മാത്രമല്ലെന്നും കാര്യനിർവ്വാഹകർ കൂടിയാണെന്നും സാമാന്യജനതയ്ക്ക് ബോധമുണ്ട്. അത്തരം ഗവൺമെന്റുകൾക്ക് തെരഞ്ഞെടുപ്പുകൾ തുടർച്ച നൽകാതിരിക്കാം എന്നത് ചരിത്രപാഠമാണ്. രാഷ്ട്രീയ, ജാതി, മത സമവാക്യങ്ങളുടെ ഭാഗമാണത്. നന്മ പരാജയമാകുകയും തിന്മ ജയിച്ചു വരികയും ചെയ്യുന്നത് അങ്ങനെയാണ്. ജനപക്ഷമെന്നാൽ ഭരണപക്ഷം മാത്രമല്ലെന്നതും ചിലപ്പോൾ അവർ പ്രതിപക്ഷത്താകണമെന്നതും കേരള രാഷ്ട്രീയത്തിന്റെ ഒരു അനുഭവമാണ്. യഥാർത്ഥത്തിൽ നല്ല പ്രതിപക്ഷം തന്നെയാണ് ജനങ്ങളെ സംബന്ധിച്ച് നല്ല ഭരണപക്ഷം.

കേരളത്തിൽ മത-ജാതി സംഘങ്ങളുടെ പ്രത്യക്ഷമായ സഹായത്തോടെയാണ് യു.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തിയത്. കേവലം 1500 വോട്ടിന്റെ, 2 സീറ്റുകളുടെ ഭൂരിപക്ഷം. നൂറ് സീറ്റിന്റെ ആത്മവിശ്വാസവുമായി തെരഞ്ഞെടുപ്പിനെ നേരിടുകയും ഫോട്ടോ ഫിനിഷിങ്ങിൽ അവർ അധികാരത്തിൽ അള്ളിപ്പിടിച്ച് ഇരിക്കുകയും ചെയ്യുന്നു. തെരഞ്ഞെടുപ്പിൽ ഉണ്ടായ തിരിച്ചടി 'ഐക്യ'മുന്നണിക്കകത്തും മുഖ്യകക്ഷിയായ കോൺഗ്രസ്സിനകത്തും പൂഴ്ത്തിവെക്കപ്പെട്ട ഒട്ടനവധി ആഭ്യന്തരപ്രശ്നങ്ങൾ രൂക്ഷമാക്കി. 'തോറ്റ് ജയിച്ച' ഉടൻ കോൺഗ്രസിനകത്തെ ആഭ്യന്തരപ്രശ്നത്തിന്റെ പൊട്ടിത്തെറിയുടെ സൂചനയാണ് വി.ഡി. സതീശൻ, ടി.എൻ. പ്രതാപൻ എന്നീ കോൺഗ്രസ് എം.എൽ.എമാർ നൽകിയത്. യു.ഡി.എഫിന്റെ വിജയത്തെ അപമാനകരം എന്ന് വിലയിരുത്തിയ സതീശൻ എൽ.ഡി.എഫിന്റെ പരാജയത്തെ അഭിമാനകരം എന്ന് തന്നെ പറഞ്ഞു. ഉമ്മൻചാണ്ടിയുടെയും എ.കെ.ആന്റണിയുടെയും വ്യക്തിമികവുകൊണ്ടാണ് അഥവാ സംഘഗുണം കൊണ്ടല്ല വിജയമുണ്ടായതെന്നാണ് ടി.എൻ. പ്രതാപൻ പറഞ്ഞതിന്റെ ചുരുക്കം.

സർക്കാർ രൂപീകരണത്തിന്റെ സമയങ്ങളിൽ നടന്ന വീതം വെപ്പ് നാടകങ്ങൾ യു.ഡി.എഫിനെ പരിഹാസ്യരാക്കി. മന്ത്രിസഭയുടെ രൂപീകരണത്തെ ജാതി-മതസംഘടനകൾ പരിധിക്കപ്പുറമാണ് സ്വാധീനിച്ചത്. യു.ഡി.എഫ്. മന്ത്രി എന്നാൽ ഒരു രാഷ്ട്രീയ മുന്നണിയല്ലെന്നും പുറംശക്തികൾ നിശ്ചയിക്കുന്ന കേവലമായ ഒരു അരാഷ്ട്രീയ കൂട്ടമാണെന്നും തെളിയിക്കുന്ന ഘടനയും സമവാക്യങ്ങളുമാണ് ഉടലെടുത്തത്. നാല് മന്ത്രിസ്ഥാനമെന്ന മുന്നണി തീരുമാനത്തിന് വിരുദ്ധമായി അഞ്ച് മന്ത്രിമാരെയാണ് മുസ്ലീം ലീഗ് സ്വയം തീരുമാനിച്ചത്. വകുപ്പ് പ്രഖ്യാപിക്കേണ്ട മുഖ്യമന്ത്രിക്ക് പകരം 'സൂപ്പർ മുഖ്യമന്ത്രി'യായി പാണക്കാട്ടെ പുതിയ തങ്ങൾ പ്രവർത്തിച്ചതും മുന്നണിക്കകത്ത് പ്രശ്നമായി. ഇത് ഭരണഘടനയുടെയും കീഴ്വഴക്കങ്ങളുടെയുമെല്ലാം ലംഘനമാണ്. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പുകൾ വൈകിപ്പിച്ചു. ഈ തെരഞ്ഞെടുപ്പുകൾക്ക് മുമ്പേ കീഴ്വഴക്കങ്ങളുടെ ലംഘനമായാണ് ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയുടെ നോമിനേഷൻ നടന്നത്. സ്പീക്കർ തെരഞ്ഞടുപ്പിൽ

പ്രോടേം സ്പീക്കർ വോട്ട് ചെയ്തതും അനാവശ്യമായ നടപടിയാണ്. ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം ഷണ്ഡൻമാർക്കുള്ളതാണെന്ന പി.സി. ജോർജ്ജിന്റെ പ്രസ്താവനക്ക് താക്കീതല്ല; പ്രത്യേക മന്ത്രിപദവിയോട് കൂടിയ ചീഫ് വിപ്പ് സ്ഥാനം ആണ് യു.ഡി.എഫ്. നൽകിയത്. നാക്കിന്റെ നീളം ആണ് പ്രവൃത്തിയുടെ ആഴത്തിനെയും പരപ്പിനെയുംകാൾ അധികം യു.ഡി.എഫിൽ സ്ഥാനങ്ങൾക്ക് മാനദണ്ഡം.

ഗവർണർ നടത്തിയ നയപ്രഖ്യാപനം ഗവർണറെത്തന്നെ അപമാനിതനാക്കി. ആദ്യ ബഡ്ജറ്റ് ഐക്യമുന്നണി ഭരണസംവിധാനത്തിന്റെ കെട്ടുറപ്പില്ലായ്മയുടെ പ്രത്യക്ഷമായ തെളിവായി. മാണിയുടെ ബഡ്ജറ്റ് സന്തോഷിപ്പിച്ചത് മാണിയെയും ഉമ്മൻചാണ്ടിയെയും മുസ്ലിം ലീഗിനെയും മാത്രമാണ്. ബെന്നിബെഹന്നാൻ, ടി.എൻ. പ്രതാപൻ എന്നിവർ നിയമസഭയ്ക്കകത്ത് തന്നെ പ്രതിഷേധിച്ചു. മന്ത്രിയെന്ന നിലയിൽ താൻ ബഡ്ജറ്റിനെ അംഗീകരിക്കുന്നുവെന്നും എന്നാൽ എം.എൽ.എ എന്ന രീതിയിൽ എതിർക്കുന്നുവെന്നുമുള്ള വൈരുദ്ധ്യാത്മകവാദം ആണ് സി.എൻ ബാലകൃഷ്ണൻ പറഞ്ഞത്. ടൂറിസം വികസനത്തിന്റെ പേരിൽ സമഗ്രമായ ഭൂപരിഷ്കരണത്തെയാകെ അട്ടിമറിക്കാനാണ് മാണിയുടെ ബഡ്ജറ്റ് ശ്രമിച്ചത്. റവന്യുമന്ത്രിതന്നെ ഇതിനെതിരെ പ്രതികരിച്ചു. 'മാനിഫെസ്റ്റോവിൽ നിന്ന് മാണിഫെസ്റ്റോവിലേക്ക്' എന്നാണ് മലയാള മനോരമപോലും ബഡ്ജറ്റിനെ വിശേഷിപ്പിച്ചത്. 'അതിവേഗവും ബഹുദൂരവും', 'വികസനവും കരുതലു'മെല്ലാം 100 ദിവസത്തെ കർമ്മപരിപാടിയെ ഒന്നുമില്ലാതാക്കി. ധനവിനിയോഗ ബില്ലിനെപ്പറ്റിയുള്ള ചർച്ച നീട്ടിക്കൊണ്ടുപോയി സ്ഥാനത്തിന്റെ മഹനീയതയാണ് സ്പീക്കർ കളഞ്ഞത്. ഇത്രപ്രധാനപ്പെട്ട സെഷനുകളിൽ പോലും എം.എൽ.എമാരുടെ സാന്നിധ്യമുറപ്പിക്കാൻ സാധിക്കാത്തത്ര തകർന്ന മുന്നണി സംവിധാനമാണ് യു.ഡി.എഫിന്റേത്. മന്ത്രിയായ ടി.എം. ജേക്കബിന്റെ അകാലനിര്യാണത്തോടെ യു.ഡി.എഫ്. ഇപ്പോൾ വീണ്ടും പ്രതിസന്ധിയിലാണ്. അതിനാലാണ് തെരഞ്ഞെടുപ്പ് കമ്മീഷനെക്കൊണ്ട് പിറവം ഉപതെരഞ്ഞെടുപ്പ് തീയ്യതി പ്രഖ്യാപിപ്പിക്കാതിരുന്നത്. ബഡ്ജറ്റ് അവതരണം വരെ തെരഞ്ഞെടുപ്പ് നീട്ടുകയാണ്. ഇതും നിയമലംഘനമാണ്.

കഴിഞ്ഞ എൽ.ഡി.എഫ് സർക്കാറിന്റെ നയങ്ങൾ കാർഷിക, വ്യാവസായിക, ആരോഗ്യ, വിദ്യാഭ്യാസ, ഊർജ്ജ മേഖലകളിലെല്ലാം ക്രിയാത്മകമായ പരിഷ്കാരങ്ങളാണ് വരുത്തിയത്. ആഗോളവൽക്കരണ നയങ്ങൾക്കെല്ലാം ബദലായ ഒരു സംസ്ഥാനനയം ആണ് എൽ.ഡി.എഫിന്റേത്. ഇത് കേവലം ഭരണനയങ്ങളല്ല; ഇടത് രാഷ്ട്രീയ ബദൽകൂടിയാണ്. ഇപ്പോൾ യു.ഡി.എഫ് ആവിഷ്കരിച്ച പൊതുമേഖല -സ്വകാര്യമേഖല സംയുക്തസംരംഭങ്ങൾ കേരളത്തിന്റെ പൊതുസംവിധാനങ്ങളെ താറുമാറാക്കാൻ മാത്രം പര്യാപ്തമാകുന്നതാണ്. കഴിഞ്ഞ സർക്കാറിന്റെ കാലത്ത് ഉണ്ടായ നേട്ടങ്ങൾ ജനങ്ങളിൽ വലിയ മതിപ്പ് ഉണ്ടാക്കിയിട്ടുണ്ട്. അതിനെ മറികടക്കാനാണ് 100 ദിന കർമപരിപാടി യു.ഡി.എഫ് ആവിഷ്കരിച്ചത്. പൊതു ഖജനാവിൽ നിന്ന് കോടികൾ മുടക്കിക്കൊണ്ട് വലിയ പ്രചരണപരിപാടികളാണ് യു.ഡി.എഫ് സർക്കാർ നടത്തിയത്. പത്രങ്ങളിലും ചാനലുകളിലും രക്ഷകരുടെ പുതിയ അവതാരങ്ങൾ മിന്നിമറഞ്ഞു. 100 ദിന കർമ്മപരിപാടിയിൽ പറഞ്ഞ പലതും നടപ്പിൽ വന്നില്ലെന്ന് മാത്രമല്ല എല്ലാ വികസനങ്ങളെയും പിറകോട്ടടിപ്പിക്കുകയും ചെയ്തു. അങ്ങനെ 100 ദിന കർമ്മപദ്ധതി 100 ദിന പ്രചരണപദ്ധതിയായി അവശേഷിച്ചു. ഈ നൂറ് ദിവസത്തിനകം തന്നെ പ്രതീക്ഷകളെല്ലാം അവസാനിച്ച കർഷകർ നിരവധിപേർ ജീവിതം തന്നെ അവസാനിപ്പിച്ചു. എൽ.ഡി.എഫിന്റെ നയങ്ങൾ നൽകിയ ആത്മവിശ്വാസം കർഷക ആത്മഹത്യയെ സമ്പൂർണമായി തുടച്ചുനീക്കിയെങ്കിൽ തങ്ങളുടെ ഭരണവർഗ്ഗം മുതലാളിത്തത്തിന്റെ വർഗ്ഗമാണെന്നും ഇവർ തങ്ങളുടെ വികാരങ്ങൾ മാനിക്കുന്നവരല്ലെന്നുമുള്ള ഉറച്ചവിശ്വാസം അവരെ മരണത്തിലേക്ക് നയിക്കുന്നു. അടിസ്ഥാന ജനതയുടെ ജീവിതത്തിലാകെ ഒരുതരം ഗതാഗതകുരുക്ക് സൃഷ്ടിക്കുന്ന നയത്തെയാണ് യു.ഡി.എഫ് പ്രോത്സാഹിപ്പിക്കുന്നത്.

**ജനസമ്പർക്കം:** ഇതിനിടയിലാണ് ജില്ലകൾതോറും ജനസമ്പർക്ക പരിപാടിയുമായി മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ടൂർ പ്രോഗ്രാം നടക്കുന്നത്. വലിയ കവറേജ് ആണ് പത്ര-മാധ്യമങ്ങൾ ഈ മാമാങ്കത്തിന് നൽകുന്നത്. ജില്ലാ കേന്ദ്രങ്ങളിൽ പടുകൂറ്റൻ സ്റ്റേജും പന്തലും തയ്യാറാക്കി ലക്ഷങ്ങളാണ് പൊടിച്ചുകൊണ്ടിരിക്കുന്നത്. കൂറ്റൻ കട്ടൗട്ടുകളും ബോർഡുകളും വേറെ. കലക്ട്രേറ്റിലും മറ്റ് ഓഫീസുകളിലും എല്ലാം കഴിഞ്ഞ ഒരു മാസത്തിലധികമായി മറ്റ് പ്രവൃത്തികളെല്ലാം മാറ്റിവെച്ചാണ് ഇതിന് സംവിധാനമൊരുക്കുന്നത്. രാത്രി 1 മണിക്ക് മാത്രം ഉറങ്ങുന്ന, 3 മണിക്കൂർ മാത്രം ഉറങ്ങുന്ന മുഖ്യമന്ത്രി എന്നാണ് വിശേഷണം. ഒരു ജില്ലയിൽ പരാതികളുടെ പ്രളയത്തിനിടയിൽ തുടർച്ചയായി 12 മണിക്കൂർ മുഖ്യമന്ത്രി പരാതി വാങ്ങിയത്രെ. അന്നേ ദിവസം ഉപവാസവുമാണ്. ചില ജില്ലകളിലാകട്ടെ മുഖ്യമന്ത്രിയായ ശേഷമുള്ള ഉമ്മൻചാണ്ടിയുടെ ആദ്യവരവാണ് എന്നതിനാൽ കോൺഗ്രസ്സ് എം.പിമാർ, എം.എൽ.എ.മാർ, നേതാക്കൾ, പ്രാദേശികനേതാക്കൾ എന്നിവർക്കും അക്കൂട്ടത്തിൽ ജനസമ്പർക്കം. സ്വന്തം പാർട്ടിയുടെ സ്വീകരണമുൾപ്പെടെ ഗവൺമെന്റ് ചെലവിൽ.


റേഷൻ കാർഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പെൻഷൻ പ്രശ്നങ്ങൾ, വിധവാ ആനുകൂല്യങ്ങൾ, വികലാംഗരുടെ വിഷയങ്ങൾ, തങ്ങൾക്ക് നീതി കിട്ടേണ്ട ഗവൺമെന്റ് ഓഫീസുകളെക്കുറിച്ചുള്ള പരാതികൾ എല്ലാം എങ്ങനെയാണ് കുന്നുകൂടിയത്? കഴിഞ്ഞ കുറേ മാസങ്ങൾക്കിടെ പരിഹരിക്കാനാകാത്ത പ്രശ്നങ്ങൾ, ഒറ്റ ദിവസത്തെ (കേരളമാകെ 14 ദിവസത്തെ) 'സമ്പർക്ക'ക്രാന്തി എക്സ്പ്രസ്സ് യാത്രയിലൂടെ പരിഹരിക്കാമെന്ന മൂഢവിശ്വാസം ആർക്കാണുള്ളത്? പരാതിയിൽ തീർപ്പുകൽപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ട് മുഖ്യമന്ത്രി ഉത്തരവിട്ടാൽ നാളിതുവരെ പ്രശ്നപരിഹാരം നടത്താത്ത അതേ ഓഫീസുകളിലേക്കല്ലേ വീണ്ടും ഫയലുകൾ പോകുക? പ്രഖ്യാപിച്ച ആനുകൂല്യവിതരണം എന്നാണ് പൂർത്തിയാകുക? ആനുകൂല്യവിതരണത്തിന് ട്രഷറിക്ക് പണംപോലും അനുവദിച്ചില്ല എന്നതാണ് യാഥാർത്ഥ്യം. ഇത്തരത്തിൽ പരാതികൾ കൂമ്പാരമാകുകയും അത് വാർത്തയാകുകയും ചെയ്യുമ്പോൾ യഥാർത്ഥ

ത്തിൽ നിലവിലുള്ള ജനാധിപത്യക്രമം ശക്തമാകുകയല്ല മറിച്ച് ജനവിശ്വാസം തകരുകയാണ് ചെയ്യുന്നത്. വർഷത്തിലൊരിക്കൽ പ്രജകളെ കാണാൻ എത്തുന്ന 'മാവേലി'യായി ഉമ്മൻചാണ്ടി മാറുന്നു. കള്ളവും ചതിയുമൊന്നും ഇല്ലാത്ത കാലത്തിന്റെ തിരിച്ചുവരവാണ് ലക്ഷ്യം. ജനസമ്പർക്ക പരിപാടിയുടെ ബാനറുകൾ/പോസ്റ്ററുകൾ ശ്രദ്ധിക്കുക- 'ജനങ്ങളുടെ കണ്ണീരൊപ്പാൻ ജനനായകൻ ഇതാ'. ജനങ്ങളിൽ നിന്ന് പൂർണമായും അകന്നവരാണ് ജനസമ്പർക്ക ഷോ ആഗ്രഹിക്കുന്നത്. കേരളത്തിലെ കോൺഗ്രസ്സിനകത്ത് തന്നെ ജനാധിപത്യം ഇല്ല. നോമിനേഷൻ മാത്രം. ഗ്രാമ-നഗരപ്രദേശങ്ങളിലൊന്നും ജനങ്ങളുമായി നേരിട്ടിടപെടുന്ന പാർട്ടിപ്രവർത്തന സംവിധാനമില്ല.

മുഖ്യമന്ത്രിക്ക് ഈ ഓട്ടത്തിനിടയിൽ വേണം എൻ.എസ്.എസ്. കരയോഗത്തെയും എസ്.എൻ.ഡി.പി. യോഗത്തെയുമെല്ലാം അതത് വേദികളിൽ എത്തി പുകഴ്ത്താൻ. ഈ ഗവൺമെന്റ് നിങ്ങൾക്ക് വേണ്ടിയാണെന്ന് നായരോടും ഈഴവനോടും എല്ലാം മാറി മാറിപ്പറയാൻ, കയ്യടി വാങ്ങാൻ യു.ഡി.എഫ് നേതാക്കൾ മത്സരത്തിലാണ്. ബ്രാഹ്മണസഭ, വാര്യർ സമാജം, പുലയസഭ, ധീവരസഭ, യാദവസഭ എന്നിങ്ങനെ വൻസ്രാവുകളെയും ചെറുമീനുകളെയുമെല്ലാം ഒറ്റ വീശലിൽ പിടിച്ചുകളയാം എന്നതാണ് വ്യാമോഹം. മുസ്ലീംലീഗ് എന്ന വൻ അധികാരശ്രേണിയിലേക്ക് കൊച്ചു വിഭാഗങ്ങൾ അധികാരക്കൊതിയോടെയാണ് അടുക്കുന്നത്. ക്രിസ്തീയ സഭകളെയെല്ലാം യു.ഡി.എഫ് ഉപസമിതികളാക്കി തീർക്കാനാണ് മറ്റൊരു ശ്രമം. സെക്യുലർ സങ്കൽപ്പത്തിൽ അടിയുറച്ച ഭരണഘടനയാണ് നമ്മുടേത്. ഈ ഭരണഘടന അനുസരിച്ച് ഭരിക്കേണ്ടവർ ജാതി-മതസംഘടനകളെ തഴച്ചു വളരുവാൻ അനുവദിക്കുന്ന, പ്രോത്സാഹിപ്പിക്കുന്ന കാഴ്ചയാണ് കണ്ടുവരുന്നത്. ജാതി-മത സ്പർധ ജനങ്ങൾക്കിടയിൽ വളർത്തുകയും അവതങ്ങൾക്കനുകൂലമാക്കുകയും ചെയ്യുന്ന നയമാണ് കോൺഗ്രസ്സിന്റേത്. യഥാർത്ഥത്തിൽ ഈ മുന്നണിയുടെ ഏറ്റവും വലിയ രണ്ടാം കക്ഷി (ഒന്നാം കക്ഷി തന്നെ എന്ന് യാഥാർത്ഥ്യം) ഒന്നാംകിട വർഗീയ പാർട്ടിയാണ്. അവരുടെ ലക്ഷ്യങ്ങൾ വ്യക്തമാണ്. മതേതരത്വമല്ല അവരുടെ ലക്ഷ്യം. ന്യൂനപക്ഷസംരക്ഷണം യഥാർത്ഥത്തിൽ നടത്തുന്നത് ഇടതുപക്ഷമാണ്.

ഇത്തരത്തിൽ മതേതരത്വത്തെ, ജനാധിപത്യഭരണക്രമത്തെ, തത്വസംഹിതകളെയെല്ലാം തകർത്തെറിയുന്ന രാഷ്ട്രീയ- ഭരണ നയങ്ങളുമായാണ് കേരളത്തിൽ യു.ഡി.എഫ് ഭരിച്ചുകൊണ്ടിരിക്കുന്നത്. ഒരു മുല്ലപ്പെരിയാറും അവർക്ക് വിഷയമല്ല. കാരണം യു.ഡി.എഫ് എന്ന സ്വന്തം കോട്ടയ്ക്കകത്ത് അതിലും വലിയ വിള്ളലാണ്. അത് തകർന്നാൽ ഒഴുകിപ്പോകുക എല്ലാ അധികാരമോഹങ്ങളുമാണ്. ഈ വിള്ളൽ മറച്ചുവെക്കാനാണ് ജനസമ്പർക്ക മെഗാ ഷോ.





# Clean Energy Option
## the Need of the Hour

Dr.Harikuttan Unnithan.C
*D.B.College, Sasthamcotta*



Population growth and development require more energy resources round the world. But this growing energy needs can no longer be satisfied by conventional resources. In our country, the situation is quite alarming. In this context renewable energy sources like wind, water and solar assumes much significance. The enormous potential of solar on the long term, especially for India as it is lying nearby equator; it is poised to grow strongly in the coming years. Thus many efforts have been taken by the Government of India to promote research and development in Solar photovoltaics (PV technology) in recent years academically as well as industrially. PV technology is gaining significant levels and will be around in future to contribute a big share of generated electricity.

In ancient period, fuel wood was the major source of energy used for cooking. With the discovery of steam engine, coal became the energy source and the discovery of internal combustion engine, petroleum products like petrol, diesel and gas are the sources to meet the transportation. The development of electrical devices, fossil fuels like coal, oil and gas are widely used to generate electricity. Electrical energy is the convenient form of energy from the point of view of transmission, distribution and control.

### Energy and Development

Energy consumption and development are complementary factors. The countries with higher energy consumption are more advanced in many respects. For instance, per capita energy consumption in the US is more than 12000 KWh/year. But it is just over 600 KWh/year in India and the situation is even quite poor in several other under developed countries. Further, it is to be noted that the production and supply of energy should be secure and sustainable. On the contrary, energy production and supply are not on par with social justice- environmental degradation resulted in increasing green house gas emission. The price rise of fuels could lead to worldwide recession and the negative environmental effect could cause irreversible change to climatic conditions. All the above situation necessitates the development of clean, secure and affordable energy resources and which is the immediate priority globally. At present our country is focused the attentions to develop new technologies for renewable energy sources namely solar, wind, and biomass.

### World Energy Scenario

Energy demand is an ever growing phenomenon thanks to

growth of the world population and industrial development leading to the advancement of technology with economic growth. For the last decade, the energy demand is alarmingly great to make both ends meet. Global level review reveals that this growth rate of energy demand can be connected to the surge in energy consumption in Asia, especially in China. The main primary energy sources are coal, oil, gas, nuclear, hydro, biomass etc. Comparing the share of these primary energy resources in the world energy demand, we can observe a fuel shift from petroleum to dry natural gas. The contribution of natural gas for the energy demand is significant. There is also a significant growth in the renewable energy sources but the share of the total energy demand for renewable energy sources are only one percentage. This situation has to be improved to develop new technologies for clean energy forms.

## Renewable energy Sources

The conventional energy resources are mainly fossil fuels- coal, petrol, diesel, kerosene and natural gas. The main disadvantages of fossil fuels are that they are limited in quantity and also cause environmental pollution. They are obtained from biological degradable materials which are subjected to chemical and biological reactions for a long period of millions of years. They are limited in quantity and the formation of such fuels is quite long. The problem is that the rate of consumption is more than that of their formation and ultimately it cannot sustain for a long time. Further the distribution of fossil fuel are non – uniform, for instance, USA contains 25% of the coal reserves and 60% of the oil resources are in the five countries in the Middle East. This leads to more political crisis and imbalances globally. Moreover these carbons based fossil fuels when it is burnt for deriving energy produces Carbon Dioxide in bulk quantity. The $CO_2$ gas damages ozone layer of the earth to a great extent resulting green house effect which will in turn produce erratic weather patterns leading to global warming and floods due to the melting of ice in polar regions .Above all, the oil price is horribly increasing in recent years as the oil producing countries are not able to enhance their production as per the demand. Graphical analysis reveals that the drastic hike in oil prices are from 1950s going ahead with steep rise.

The world wide initiatives to develop renewable energy sources gained momentum during 1970s following the severe rise of oil price. Many countries like the USA, Japan and other western countries started research programmes on renewable energy resources. The fundamental form of conventional energy is the solar energy which is abundant and could provide security for the future development. Solar energy is the result of thermonuclear fusion reactions deep within the sun .The direct forms of solar energy are sun light and heat but indirectly derive energy in the form of biomass, wind energy and hydroelectric energy. This clean energy source has many advantages as it is free from environmental pollution. The power from the sun to earth is about 1.8X $10^{11}$ MW which is in many times larger than the current consumption the world over. It is uniformly distributed on the surface of the earth unlike fossil fuels. This helps one to generate power depending on their requirement. But the major challenge of solar energy and power is that the conversion process into controllable and useful energy forms such as electricity with low cost and this is popularly known as Green Technology.

## Green Technology- Major Challenges

The major challenge of conversion of solar energy into useful form like electricity is the cost. Initial huge fiscal investments are essential for the conversion process. Most renewable energy sources cannot be stored to provide for future use and more especially during peak demand hours. Therefore new technologies are to be developed for effective energy storage and efficient recovery to overcome these problems. The rate of power produced is in fluctuating nature as the availability of renewable energy sources like solar illumination and wind speed etc. are of undulating nature. Further it is to be noted that Green Technology does not have the infrastructure that fossil fuels have developed

over the years. Thus major transformation of present system of fuel technology to a new technology- Green Technology- requires huge investment and funding.

Mentioning other alternatives, nuclear energy and tidal and geothermal energy are prominent, and both have their own limitations. In the case of nuclear energy, the major limitations are the disposal of nuclear wastes from the nuclear reactors and other possibilities of radiation accidents due to several reasons like earth quake, tsunami, etc. It adversely affects the existence of living beings. The first nuclear plant was started by 1950s and about 435 commercial plants are currently operating in 30 countries with installed capacity of 370000 MW. The accidents of nuclear plant in Chernobyl and Fukushima made much panic in civil society regarding nuclear plants.

Tidal energy from tidal waves of sea is due to the gravitational attraction of earth and moon. The tides arise twice a day. The generators are producing electricity with the help of tidal waves and it is estimated that the global tidal energy is about 63800MW. The source of geothermal energy is produced due to the presence of molten interior of the earth. There are some places where the molten lava is just beneath the earth surface. At such hotspots, when water comes in contact with the hot-rock, steam is produced and in turn generates electricity. The world wide potential for geothermal energy is about 62500 MW.

Considering the present economic growth globally, it is evident that the energy demand will be doubled in the forthcoming decades. But this increasing demand cannot be met with only by conventional sources. In this context, more attention should be focused to develop new technologies related to renewable energy sources. However, within a short span of time, it will be solar, wind and bio-fuels which will be major front runners for renewable energy usage. Green technology will be more mature and economically viable by then and moreover global warming phenomenon will force us to embrace those technologies.

# Mary Curiyude Katha: Resurgence of Kathaprasangam


Preserving the greatest legacy in Kathaprasangam, an art form of the renaissance movement in Kerala, Dr. Vasanthakumar Sambasivan presents the life story of Madam Curie as Kathaprasangam. The year 2011 was chosen by the U.N as the International Year of Chemistry. It rasied the slogan "Chemistry our Life, Our future". 2011 is the centenary year of the science stalwart Mary Curie securing her second nobel prize. Dr. Vasanthakumar the son of the legendary artist Prof. V. Sambasivan, the late maestro of Kathaprasangam, is an Associate Professor of Chemistry in S.N. College, Kollam. He thus chose his own unique way of paying homage to Mary Curie. He is also propogating the relevance and utility of his dear subject chemistry by presenting the eventful life of Mary in the Kathaprasanga format. Vasanthakumar is the leading exponent of Kathaprasangam now.

Reciting a story embellished with songs, acting, quotes, comic and snippets is Kathaprasangam says Vasanthakumar. Enjoyable enlightenment is the purpose of Kathaprasangam. C.A. Sathyadevan was the pioneer in Kathaprasangam. The idea of this art form was bequeathed to him by the great poet Kumaranasan. Following Sathyadevan came K.K. Vadhyar, Kaimaparamban, M.P. Manmadhan and Ketamangalam Sadanandan who also popularised Kathaprasangam. Prof. V. Sambasivan is the father of modern Kathaprasangam who brought forth Kathaprasanga renditions of the works of Tolstoy, Shakespeare, Ibsen, Dostoevsky etc and took it to the toiling masses.

Pioneering an attempt to take science to the masses, Dr. Vasanthakumar had presented a two hour Kathaprasanga concert on Albert Einstien way back in 2005. This is one among his 22 various presentations mainly based on western classics. He has crossed over 3500 stages in Kerala and abroad. Mary Curiyude Katha targeted school and college audiences. "It has clicked!" says Vasanthakumar with delight in the light of his bumping shows at University College, Tvm, St. Stephen's College, Pathanapuram, D.B. College, Sasthamkotta, TKMM College, Nangiarkulangara, NSS College, Pandalam, MGM School Varkala etc.

The story scripted by Vasanthakumar himself, picturises the colonised plight of Poland where Mary was born and the resentment of the Polish people against Russian occupation. Mary's deep patriotic passions, fighting spirit and quest for knowledge are presented by Vasanthakumar with simplicity and brilliant aesthetic sense. It disturbs the hearer with the bitter experiences of Mary's family. Her enthusiasm to join Sorbonne University of Paris stimulates the young audience to overcome hardships rather than to succumb before them. The way Dr. Vasanthakumar exposes Mary's aptitude for romance is commendable. Her first love with a young man failed. However she emerged victorious with her life partner Pierre Curie, a genius of science. Her sacrifice before harmful radiation to discover the elements Polonium and Radium is eloquently presented by Vasanthakumar. Lyrics and Music of the songs in the story are Vasanthakumar's and are excellent. Kathaprasangam is resurging by gaining about 2000 young hearts per stage of Mary Curiyude Katha in schools and colleges. Occassions of interaction with great men and women of science like Lord Kelvin, Gabriel Lippman, Berthelot, Jacques Curie, Paul Langevin, Jean Perrin, Margaret Perrey, May Leslie, Elen Gledish etc have been merged beautifully in this story. The first world war and Mary Curie's humanitarian war service are also depicted.

Kathaprasangam will once again revolutionise Kerala, if authorities of educational institutions are wise enough to encourage such programmes, expects Dr. Vasanthakumar, .






# സിനിമയുടെ പതിനാറടിയന്തിരം

**എ.സി.ശ്രീഹരി**
*പയ്യന്നൂർ കോളജ്, പയ്യന്നൂർ*



ആദിമധ്യാന്തം അലങ്കോലപ്പെട്ടുകിടക്കുകയായിരുന്നു കേരളത്തിന്റെ പതിനാറാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവം. നടത്തിപ്പിലുള്ള പിടിപ്പുകേട്കൊണ്ടുമാത്രമല്ല സിനിമയുടെ തെരെഞ്ഞെടുപ്പിലുള്ള അറിവുകേടുകൊണ്ടുകൂടിയാണിത് സംഭവിച്ചത്. 65 രാജ്യങ്ങളിൽ നിന്നും 200 ഓളം സിനിമകൾ ഇറക്കുമതിചെയ്യുമ്പോൾ കേന്ദ്രസർക്കാരിന്റെ ഇറക്കുമതി നയം തന്നെയാണ് അക്കാദമിയും പിന്തുടർന്നത്. ഗുണനിലവാരമില്ലാത്തവ വൻ തോതിൽ ഇറക്കിവിടുകയും തദ്ദേശമായതിനെ അവഗണിക്കുകയും ചെയ്യുക എന്ന നയം. കർഷക ആത്മഹത്യപോലെയൊന്ന്, സംവിധായക ആത്മഹത്യ, സംഭവിക്കാതിരുന്നത് സംസ്ക്കാരിക കേരളത്തിന്റെ ചെറുത്തുനില്പ് ഒന്നുകൊണ്ടുമാത്രമാണ്.

മഹാകവി കുട്ടമത്ത് അനുസ്മരണം കൃഷിമന്ത്രി ഉദ്ഘാടനം ചെയ്യുന്ന ഒരു തമാശ 'ബോബനും മോളി'യിലും പണ്ടു വായിച്ചിരുന്നു. മന്ത്രിയുടെ പി. എ. വിശ്വവിജ്ഞാനകോശം പരിശോധിച്ച് എഴുതിക്കൊടുത്ത പ്രസംഗം വായിച്ച് വേദിയിൽ വഷളാവുന്ന മന്ത്രിയെ അവിടെ കണ്ടിരുന്നു. 'കുട്മത്' എന്ന ആഫ്രിക്കൻ മത്സ്യത്തെക്കുറിച്ചാണ് അന്ന് മന്ത്രി സംസാരിച്ചത്. ഏതാണ്ട് ഇതേ അവസ്ഥയാണ് മന്ത്രി കെ. സി. ജോസഫിന്റേതും. ശ്രീമാൻ ഉമ്മൻചാണ്ടിയുടെ അടുത്ത അനുയായി എന്നതിൽ കവിഞ്ഞ ഒരു മേന്മയും അവകാശപ്പെടാനില്ലാത്ത അദ്ദേഹം സാംസ്ക്കാരിക വകുപ്പ് കൈകാര്യം ചെയ്താൽ ആഫ്രിക്കയിൽ നിന്നും ലാറ്റിനമേരിക്കയിൽ നിന്നുമൊക്കെ വരുന്ന സിനിമകൾ എങ്ങനെയിരിക്കുമെന്ന് ബോബനും മോളിക്കുമേ അറിയൂ.

സിനിമയിൽ ഉപനായകന്റെയും വില്ലന്റെയും റോളുകൾ അഭിനയിച്ചത് സിനിമാമന്ത്രിയാവാനുള്ള യോഗ്യതയാണെങ്കിൽ അതുമാത്രമാണ് കെ. ബി. ഗണേഷ്കുമാറിനുള്ളത്. ചലച്ചിത്രോത്സവ ഗെയ്റ്റുകളിലെ കട്ടൗട്ടുകൾ കണ്ടാൽ ഡെലിഗെയ്റ്റുകൾക്ക് തോന്നും ഇത് മുംബെയിലോ മറ്റോ നടക്കുന്ന ഗണേശോത്സവമാണെന്ന്. നെറ്റിപ്പട്ടം കെട്ടിയ ഗജവീരനായി ഉദ്ഘാടനവേദി മുതൽ സമാപനവേദിവരെ ഒരു ചുക്കും ചെയ്യാനാവാതെ, മഹാനടൻമാർക്കിടയിൽ നിഷ്പ്രഭനായിക്കാണാറുള്ള ആ വ്യക്തിത്വത്തെ, ഒരു കാഴ്ചപ്പണ്ടാരമായി കാണാനുള്ള ഗതികേടിലായിരുന്നു സാധാരണ കാണികൾ. ലോകസിനിമയുടെ ബാലപാഠം പോലുമറിയാത്ത ഈ പിള്ളയുടെ പൊള്ളത്തരം പതിനായിരത്തോളം വരുന്ന ഡെലിഗെയ്റ്റുകൾക്കു മുമ്പിൽ വെളിപ്പെടുന്നത് ദയനീയമായിരുന്നു. പിള്ളമനസ്സിൽ കള്ളമില്ലാ എന്നത് പിള്ളവയറ്റിൽ കള്ളായിരുന്നു എന്ന് തിരുത്തിവായിരിക്കേണ്ടിയിരിക്കുന്നു.

ഒരു വലതുപക്ഷ സർക്കാറിന്റെ മേളയിൽ ഒരു ചൈനീസ് സിനിമ ഉദ്ഘാടനചിത്രമായത് കൗതുകത്തോടെയാണ് ജനം നോക്കിക്കണ്ടത്. ചൈനയിൽനിന്നുള്ള ഒരു കമ്മ്യൂണിസ്റ്റ് വിരുദ്ധസിനിമയായിരിക്കുമോ ഇത് എന്നുകൂടി സംശയിക്കാവുന്ന വിധത്തിലായിരുന്നു ജനം. ചൈനീസ് സിനിമയുടെ ബാഹുല്യം പിന്നീട് കണ്ടപ്പോൾ മനസ്സിലായത് റോട്ടുവക്കിൽ ചെറിയ പൈസക്ക് കിട്ടുന്ന ചൈനീസ് ഉത്പന്നങ്ങൾ പോലെ സാമ്പത്തിക ലാഭം നോക്കി ഇറക്കുമതി ചെയ്തതാണ് അവയൊക്കെ എന്നാണ്. ഡെലിഗെയ്റ്റ് പാസിന്റെ വില കൂട്ടുകയും വിലകുറഞ്ഞ സിനിമകാണിച്ചുകൊടുക്കുകയും ചെയ്യുന്ന നയം യുഡിഎഫ് സർക്കാറിന്റെ പൊതുനയമാണെന്ന് അടിവരയിടുന്നതായിരുന്നു മേളയിലെ സിനിമകളെല്ലാം. കയ്യിന്റെയും കാലിന്റെയും കൂടി കൂട്ടിയാലും വിരലിലെണ്ണാവുന്നത്രയേ മിനിമം ഗ്യാരണ്ടിയുള്ള സിനിമകൾ ഈ മേളയിലുണ്ടായിരുന്നുള്ളു. അവയാണെങ്കിൽ പ്രിയദർശന്റെ എൺപതുകളിൽ പുറത്തിറങ്ങിയ കുടുംബചിത്രങ്ങളുടെയും കോമഡികളുടേയും

പുതിയ പതിപ്പുകളാണെന്നു തോന്നും.

തമ്മിൽ ഭേദമെന്നു ഇടിച്ചുകയറി തറയിലിരുന്നു പ്രേക്ഷകർ വിലയിരുത്തിയ 'ബോഡി' പോലും നമ്മുടെ 'രതിനിർവേദ'ത്തിന്റെ റീമേക്കിനടുത്തെത്തില്ല.

ടി. കെ. രാജീവ്കുമാറിന്റെ സങ്കല്പത്തിന്റെ ഉത്പന്നമായ ദുശ്ശാസനവധം കഥകളിയായിരുന്നു ഉദ്ഘാടനവേദിയിലെ ഏറ്റവും വലിയ ദുരന്തം. ഇരുപത്തിമൂന്നു മിനുട്ടു ദൈർഘ്യവും അതിലേറെ വേഷങ്ങളുമാടിയ കഥകളിവധം അരങ്ങേറ്റിയത് ബോധപൂർവമായിരിക്കണം. കേരളത്തിന്റെ കലയുടെ പലമയെ അവതരിപ്പിക്കുകയാണ് സ്വതവേ കണ്ടുവരാറുള്ളത്. ഇത്തവണ അത് കഥകളിമാത്രമാവുകയും അത് ദുശ്ശാസനവധമാക്കിച്ചുരുക്കിയതും ജനം വായിച്ചെടുത്തത് മറ്റൊരു വിധത്തിലാണെങ്കിൽ കുറ്റപ്പെടുത്താൻ പറ്റില്ലായിരുന്നു. കഴിഞ്ഞ അഞ്ചുവർഷം കേരളം ഭരിച്ചവരെ ഇലക്ഷനിൽ തോല്പിച്ച് ഭരണം കയ്യാളിയവരുടെ പ്രതിനിധിയായി ദുശ്ശാസനൻ അർമാദിക്കുന്നിടത്താണ് ആട്ടം ഫോക്കസ് ചെയ്യുന്നത്. അവിടെ അവസാനിപ്പിക്കാനാവാത്തതുകൊണ്ടു മാത്രം കഥ നീട്ടിക്കൊണ്ടുപോയി എന്നേ കാണികൾക്ക് തോന്നിയുള്ളൂ എന്നാണ് സത്യം അല്ല ഇനി വരുന്ന ബൈ ഇലക്ഷനുകൾ സർക്കാറിനുതന്നെ ബൈ ബൈ പറയേണ്ടിവരുന്ന തരത്തിലുള്ളതായിരിക്കും എന്നവർ സ്വമേധയാ കരുതുന്നുണ്ടോ എന്തോ! മേളയുടെ നടത്തിപ്പിൽ അതൃപ്തിതോന്നിയ കാണികൾ അങ്ങനെ ആഗ്രഹിച്ചുപോയെങ്കിൽ അവരെ കുറ്റംപറയാനും പറ്റില്ല തന്നെ.

തൊണ്ണൂറുകൾ മുതൽ നടപ്പിലാക്കിവരുന്ന ഉദാരവത്കരണനയവും ആഗോളവത്കരണവുമൊക്കെ സിനിമയിലും മാറ്റങ്ങൾ കൊണ്ടുവന്നിരുന്നു. ആർട്, കമേഴ്സ്യൽ എന്നിങ്ങനെയുള്ള അതിർത്തികൾ ഇല്ലാതായത് റഷ്യ, അമേരിക്ക ധ്രുവങ്ങളില്ലാതാവുകയും ഏകധ്രുവലോകമാവുകയും ചെയ്തതുപോലെ ഐസൻസ്റ്റീൻ അപ്രത്യക്ഷമാവുകയും സ്റ്റീവൻ സ്പീൽബർഗ് മാത്രമാവുകയും ചെയ്തത് പോലെ കാണാതിരുന്നുകൂടാ.

അരവിന്ദൻ രൂപകല്പന ചെയ്ത ലോഗോയ്ക്ക് ശേഷം പ്രിയദർശന്റെ ദർശനകോണിലുള്ള സിനിമകൾ കാണിക്കുമ്പോൾ മലയാളികൾ സിനിമയിലെ ഈ ആഗോളവത്കരണമാണ് കാണുന്നത്. പാവക്കൂത്തിൽ നിന്നും തുടങ്ങിയ നമ്മുടെ സിനിമാചരിത്രത്തെ തിരിച്ചുപിടിക്കുന്നതിനു പകരം പിടിച്ചു തിരിക്കുന്ന തരത്തിലാണ് ഈ പ്രവണത ചെന്നെത്തിനില്ക്കുന്നത്. സിനിമയിലും രാഷ്ട്രീയത്തിലും ഒരേപോലെ കരുത്തുള്ള സാന്നിധ്യമായിരുന്ന മുരളിയെപ്പോലൊരാളെ ചെയർമാനാക്കാൻ വലതുപക്ഷ ഗോദയിൽ ഒരാളില്ലാതെ പോയതിനപ്പുറം ഒരു തരം ജാതീയ അജണ്ടയുടെ നിഴൽ നാടകം കൂടി ഇതിനു പിന്നിലുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഗണേഷന് പ്രിയനാവാൻ മാത്രം മധുവിന് എന്ത് ആനച്ചന്തമാണുള്ളതെന്നറിയില്ല. അടുത്തകാലത്ത് അന്തരിച്ച രവീന്ദ്രന്റെ സിനിമകളാണ് നമ്മൾ 'റിട്രോ'യിൽ പ്രതീക്ഷിച്ചതെങ്കിൽ തെറ്റി. മധുവിന്റെ 'ചെമ്മീൻ' മുതൽ 'ചമ്പക്കുളം തച്ചൻ' വരെയുള്ള സിനിമകളാണ് പ്രദർശിപ്പിച്ചത്. മധുവോ ചെമ്മീനോ ചീത്തയാണെന്നാരും പറയില്ല. പക്ഷെ ചിന്ത രവിയെ ഒഴിവാക്കാനെന്തേ എന്ന ചിന്ത ജനത്തിനുണ്ടെന്നറിയുക.

ആദിമധ്യാന്തത്തെ ആദ്യംമുതലേ പുറത്താക്കുകയും അന്ത്യകാലത്ത് അകത്താക്കേണ്ടിവരികയും ചെയ്തത് മധ്യകാലത്ത് ജനം ഇടതടവില്ലാതെ നടത്തിയ സമരപരിപാടികൾ കൊണ്ടുമാത്രമാണ്. പുകസക്കാരും പുസാകുന്നവരുമെല്ലാം അനീതിക്കെതിരെ ഷെറിയുടെ ഒറ്റയാൾത്തെറിവിളിക്കൊപ്പം തെരുവിലിറങ്ങി. ഓപ്പൺ ഫോറത്തിലും കൈരളിപ്പടവുകളിലും നിരന്തരം നടത്തിയ കാമ്പയിനുകൾക്കൊടുവിൽ ഗണേശൻ മുട്ടുകുത്തി. അപ്രിയദർശൻമാർ പിടിയയച്ചു. മലയാള സിനിമയ്ക്കു മൊത്തം വിലക്കേല്പിച്ചതിനു പുറമെയായിരുന്നു ഈ പെറി വധം ബാലേ അരങ്ങേറിയത്. അതേ വിദ്വേഷമാണ് താരങ്ങൾക്കുമാത്രമായി ബാൽക്കണി റിസർവ്വ് ചെയ്തതിലും കണ്ടത്. ജനം അതും പൊറുത്തുതോല്പിച്ചു. ജൂറി ചെയർമാൻപോലും തറയിലുന്ന് തറച്ചിത്രങ്ങൾക്ക് മാർക്കിടുമ്പോഴായിരുന്നു 'താര'ങ്ങൾക്ക് കണിയൊരുക്കാൻ ബാൽക്കണിവിട്ടുകൊടുത്തതെന്നോർക്കുക. നികുതിപ്പണം കൊണ്ടു




നടത്തുന്ന മേള ഗണേഷ്കുമാറിന്റെയും പ്രിയദർശന്റേയും കച്ചവടസിനിമക്കാർക്ക് കയ്യടക്കാനാവില്ലെന്ന് കാണികൾ ഉറപ്പിച്ചു പറഞ്ഞു.

ജനങ്ങൾ വോട്ടെടുപ്പിലൂടെ തിരഞ്ഞെടുത്ത ചിലിയൻ ചിത്രം 'ദി പെയിന്റിങ് ലെസൺ' സുവർണ ചകോരം നേടാതെ പോയത് കടുത്ത കമ്മ്യൂണിസ്റ്റ് വിരോധം കൊണ്ട് തന്നെയാവണം. കഴിഞ്ഞ ഒന്നര ദശാബ്ദക്കാലമായി മലയാളിയുടെ സിനിമാസ്വാദന ശേഷിയെ നല്ലനിലയിൽ പരിവർത്തനം ചെയ്ത ഫിലിംഫെസ്റ്റിവലിനെ സിനിമാനിരക്ഷരതകൊണ്ട് തകിടം മറിച്ച അക്കാദമി മാപ്പ് അർഹിക്കുന്നില്ല. സ്വതവേ ഊർദ്ധ്വൻ വലിച്ചു കിടക്കുന്ന സിനിമ എന്ന ഇന്റസ്ട്രിയുടെ പതിനാറടിയന്തിരമായിരുന്നു ഇക്കഴിഞ്ഞ ഡിസമ്പർ 9 മുതൽ 16 വരെ ഇവർ നടത്തിയ ഫെസ്റ്റിവൽ എന്നുമാത്രമേ ഇപ്പോൾ പറയാനുള്ളൂ.

# ഉന്നതവിദ്യാഭ്യാസ സംരക്ഷണ കൂട്ടായ്മ രാജ്ഭവൻ മാർച്ച് 2011 ഡിസംബർ 22



സർവകലാശാലയും ജനാധിപത്യവും സ്വയംഭരണാവകാശവും സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് കൊണ്ടും സർവകലാശാലാഭരണ സമിതികളെ ഓർഡിനൻസിലൂടെ അട്ടിമറിച്ചു കൊണ്ട് ഭരണം പിടിച്ചെടുക്കുന്ന യു ഡി എഫ് സർക്കാറിന്റെ നടപടികളിൽ പ്രതിഷേധിച്ചും കൊണ്ടും വിദ്യാഭ്യാസ മേഖലയിലുള്ള മുഴുവൻ പ്രസ്ഥാനങ്ങളുടെയും കൂട്ടായ്മയോടെ ഡിസം. 22 ന് രാജ്ഭവൻ മാർച്ച് സംഘടിപ്പിക്കുകയാണ്ടായി. 22-ന് 11 മണിക്ക് ആശാൻ സ്ക്വയറിൽ നിന്നും ആരംഭിച്ച മാർച്ച് കേരളത്തിന്റെ പ്രതിപക്ഷ നേതാവ് സ. വി. എസ് അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തു. മുൻ വിദ്യാഭ്യാസ മന്ത്രി സ: എം. എ ബേബി മുൻ ജലസേചന വകുപ്പ് മന്ത്രി സ:പ്രേമചന്ദ്രൻ മുൻദേവസ്വം മന്ത്രി ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ ജനതാദൾ നേതാവ് തുടങ്ങിയവർ മാർച്ചിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തു. എസ് എഫ് ഐ ഡി.വൈ.എഫ്.ഐ, എഫ്.എസ്.ഇ.ടി.ഒ, എ.കെ.പി.സി.ടി.എ, എ.കെ.ജി.സി.ടി, എഫ്.യു.ടി.എ കോൺഫഡറേഷൻ ഓഫ് എംപ്ലോയീസ് യൂണിയൻസ് എന്നീ സംഘടനകളുടെ നേതാക്കൾ മാർച്ചിന് നേതൃത്വം നല്കി.



# പ്രതിഷേധ ധർണ്ണ 2011 ഡിസംബർ 19




സർക്കാർ എയ്ഡഡ് ആയുർവേദ കോളജുകളിലെയും ഹോമിയോ കോളജുകളിലെയും അധ്യാപകർക്ക് യു ജി സി- എ ഐ സി ടി നിരക്കിലുള്ള ശമ്പള പരിഷ്കാരം നടപ്പാക്കണമെന്നാവശ്യപ്പെട്ട് എ കെ പി സി ടി എ യുടെയും കെ ജി ഒയുടെയും നേതൃത്വത്തിൽ അധ്യാപകർ ഡിസംബർ 19 ന് സെക്രട്ടറിയേററ് നടയിൽ ധർണ്ണ നടത്തി. സമാനമായ മേഖലകളിലെല്ലാം ശമ്പള പരിഷ്കാരം നടപ്പിൽ വന്ന് വർഷങ്ങളായിട്ടും ഈ മേഖലയിലുള്ളവർക്ക് മാത്രം അത് നിഷേധിക്കുന്നത് അനീതിയാണെന്നു മാത്രമല്ല യു ഡി എഫ് സർക്കാർ കാണിക്കുന്ന അങ്ങേയററത്തെ അലംഭാവവുമാണ്. അതിനെതിരെയാണ് ധർണ്ണ സംഘടിപ്പിച്ചത്. ധർണ്ണയിൽ 120 അധ്യാപകർ പങ്കെടുത്തു. ധർണ്ണയിൽ പങ്കെടുത്ത അധ്യാപകരെ വിവിധ സർവീസ് സംഘടനാ നേതാക്കൾ അഭിസംബോധന ചെയ്തു. എ. കെ. പി. സി.ടി എ ജനറൽ സെക്രട്ടറി വി. രാജേന്ദ്രൻനായർ സ്വാഗതം പറഞ്ഞു. സി. പി. ഐ (എം) ജില്ലാ സെക്രട്ടറി കടകംപള്ളി സുരേന്ദ്രൻ ധർണ്ണ ഉദ്ഘാടനം ചെയ്തു. കെ . ജി.ഒ.എ ജനറൽ സെക്രട്ടറി ശിവകുമാർ എഫ് എസ് ഇ ടി ഒ സെക്രട്ടറി ശ്രീകുമാർ എ കെ ജി സി ടി ജനറൽ സെക്രട്ടറി പ്രൊഫ. ജയകുമാർ സെക്രട്ടറിയേററ് എംപ്ലോയീസ് യൂണിയൻ പ്രസിഡൻറ് രാധാകൃഷ്ണൻ തുടങ്ങിയവർ ധർണ്ണയെ അഭിസംബോധന ചെയ്തു സംസാരിച്ചു. ഇതിനിടെ ഹോമിയോ അധ്യാപകരുടെ ശമ്പള പരിഷ്കാരം നടപ്പിലാക്കിക്കൊണ്ട് മന്ത്രിസഭാ തീരുമാനമുണ്ടായിട്ടുണ്ട് ഇതുസംബന്ധിച്ച ഉത്തരവ് ഇറങ്ങിയെങ്കിലും അതിൽ നിരവധിയായ അപാകതകൾ നിലനില്ക്കുകയാണ് അധ്യാപകരിൽ ബഹുഭൂരിപക്ഷത്തിനും ഈ ശമ്പള പരിഷ്ക്കാരത്തിൻെറ ഗുണഫലം ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. ആയുർവേദ അധ്യാപകർക്ക് ശമ്പള പരിഷ്കാരത്തിനായുള്ള ഫയൽ സർക്കാരിൻെറ പരിഗണനയിലാണ്. നോൺപ്രാക്ടീസ് അലവൻസ്, പേഷ്യൻറ് കെയർ അലവൻസ്, വിരമിക്കൽ പ്രായം എന്നിവ സംബന്ധിച്ച് അലോപ്പതി മെഡിക്കൽ അധ്യാപകരുടേതിന് തുല്യമായ, തീരുമാനമെടുക്കുന്നതിൽ ഉദ്യോഗസ്ഥ തലത്തിലുള്ള വ്യത്യസ്ത നിലപാടുകളാണ് ഫയൽ തീര്പ്പു കല്പിക്കുവാൻ വൈകിയിട്ടുള്ളതെന്നാണറിയാൻ കഴിയുന്നത്. ഇക്കാര്യങ്ങൾ സംബന്ധിച്ച് സംഘടനയുടെ നിലപാട് മുൻപേ തന്നെ സർക്കാരിൻെറ അറിയിച്ചിട്ടുള്ളതാണ്. മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും സംഘടന വേണ്ട ഇടപെടലുകൾ യഥാസമയം നടത്തുന്നുണ്ട്.

## എ.കെ.പി.സി.ടി.എ

## സംസ്ഥാന വനിതാ കൺവെൻഷൻ

**2011 ഫെബ്രുവരി 4, രാവിലെ 10 മണി**

**ബസേലിയസ് കോളജ്, കോട്ടയം**



# ലവോസിയെറുടെ പൈതൃകം 2050 ലേക്ക്

ഡോ.എം.എസ്.വസന്തകുമാർ
*എസ്.എൻ.കോളജ്, കൊല്ലം*



അന്താരാഷ്ട്ര രസതന്ത്ര വർഷത്തിൻെറ കൊടിയിറങ്ങി. ഡിസംബർ 1 ന് ബെൽജിയത്തിലെ ബ്രസൽസിൽ സ്കയർ എന്ന സ്ഥലത്തെ പോൾ ഒകേടവ് വീഹ് ആഡിറേറാറിയത്തിൽ വച്ചായിരുന്നു ചടങ്ങ്. രസതന്ത്രത്തിൻെറ അപാരമായ വിഭവസ്രോതസ്സ് നമ്മുടെ ജീവിതങ്ങളെ കൂടുതൽ അഭിവൃദ്ധിയിലേക്ക് നയിക്കുന്നതിന് ഉപയോഗപ്പെടുത്താൻ ആഹ്വാനമുണ്ടായി. ആഹാരത്തിൻെറയും കുടിവെള്ളത്തിൻെറയും ആരോഗ്യത്തിൻെറയും ഊർജലഭ്യതയുടെയും അധിവാസത്തിൻെറയും കാലാവസ്ഥയുടെയും വെല്ലുവിളികളെ നേരിടാൻ വാദവിവാദങ്ങളും പഠനഫലങ്ങളും കൊണ്ട് മുഖരിതമായിരുന്നത്രെ ചടങ്ങ്.

എ. ഡി ഏഴാം ശതകത്തിൽ ഈജിപ്റ്റ് അറബികളുടെ അധീനതയിൽ ആയിരുന്നപ്പോൾ അറബ് ഭാഷയിലേക്ക് ഈജിപ്ഷ്യൻ ശാസ്ത്രം വിവർത്തനം ചെയ്യപ്പെട്ടു. അങ്ങനെ അറബ് ഭാഷയുടെ ചിറകിൽ പറന്ന് അത് മററ് അറബ് നാടുകളിലും എത്തി. സുറിയാനി ഭാഷയിലേക്കും ആ ശാസ്ത്രം പരിഭാഷ ചെയ്യപ്പെട്ടു. ശാസ്ത്രങ്ങളിൽ രസതന്ത്രത്തിൻെറ ആദിമരൂപവും നാമവും *ആൽ കെമി* ആയിരുന്നു. *അൽ* എന്ന അറബ് പ്രത്യയവും *ഖെം* എന്ന ഈജിപ്ററിൻെറ പഴയ പേരും ചേർന്നത്രെ

> നമ്മുടെ ജീവിതം കൂടുതൽ ലാവണ്യ പൂർണ്ണമാക്കണം. നമ്മുടെ ഭൗതിക പ്രതിസന്ധികളെ ഇല്ലായ്മ ചെയ്യണം. സുഗമ സുന്ദരമായ ജീവിതസുധയുടെ പ്രവാഹം നമുക്ക് കണ്ടുകൂടി ആസ്വദിക്കണം. പുതിയ തലമുറകൾ പഴയതിൻെറ പതിന്മടങ്ങുള്ള ധിഷണാശക്തിയുമായി രസതന്ത്ര ദീപ ശിഖയേന്തണം.IUPAC ( ഇൻരർനാഷണൽ യുണിയൻ ഫോർച്യുവർ ആൻറ് അപ്ളൈഡ് കെമിസ്ട്രി) അദ്ധ്യക്ഷൻ നിക്കോൾ മൊറേ ആഹ്വാനം ചെയ്തിരുന്ന 2050 ലെ സുന്ദരലോകം സാക്ഷാത്കരിക്കാൻ നമുക്ക് കഴിയണം , കഴിയും

ആൽകെമി എന്ന വാക്ക് രൂപപ്പെട്ടത്. കറുത്ത ഈയം സ്വർണ്ണമാക്കുന്ന വിദ്യ സ്വായത്തമാക്കുവാൻ ആയിരുന്നു അക്കാലത്തെ ഗവേഷണ ശ്രമങ്ങൾ. അതിമോഹമാർന്ന ആ പദ്ധതിക്ക് ചില ചക്രവർത്തിമാരുടെ രക്ഷകർതൃത്വവും ലഭിച്ചു പോലും! അവിടെ നിന്ന് യുഗങ്ങളിലൂടെ പരിണമിച്ച്, ഓരോ കാലത്തും ഉയിർക്കൊണ്ട അത്ഭുത പ്രതിഭന്മാരുടെ സംഭവനകൾ ആർകെമിയെ ഇന്നത്തെ കെമിസ്ട്രിയാക്കി മാററി

## രസതന്ത്ര പിതാവ്


ആധുനിക രസതന്ത്രത്തിന്റെ പിതാവ് ആന്റൺ ലവോസിയെർ ( Antoine Lavoisier) ആണ്. 1743 ആഗസ്ററ് 26 ന് പാരീസിൽ ജനിച്ച ലവോസിയെർ ഒരു ധനിക കുലത്തിൽ പെട്ടയാളായിരുന്നു. അച്ഛൻ നിയമജ്ഞനായിരുന്നതിനാൽ ആ പാരമ്പര്യം തുടരാൻ 1764ൽ അദ്ദേഹം അതിനുള്ള ലൈസൻസും എടുത്തിരുന്നു. അക്കാലത്തെ പ്രസിദ്ധമായ മസാറിൻ കോളജിൽ നിന്ന് കെമിസ്ട്രി, ബോട്ടണി, അസ്ട്രാണൊമി, ഗണിത ശാസ്ത്രം എന്നിവ പഠിച്ച് ശാസ്ത്ര തല്പരനായി മാറി,

1764 ൽ രസതന്ത്ര സംബന്ധിയായ അദ്ദേഹത്തിന്റെ ആദ്യപ്രബന്ധം പ്രസിദ്ധീകരിച്ചു. 28-ാം മത്തെ വയസ്സിൽ ലവോസിയെർ 13 വയസ്സുള്ള മേരി ആൻ പോൾസിനെ വിവാഹം ചെയ്തു. പിൽക്കാലത്ത് മേരി, ലവോസിയെർക്ക് ഒരു ശാസ്ത്രസഹയാത്രിക കൂടിയായി മാറി.

1778 ൽ അദ്ദേഹം ജീവവായുവിന് *ഓക്സിജൻ* എന്ന പേരിട്ടു. അഞ്ചു വർഷത്തിന് ശേഷം *ജ്വലിക്കുന്ന* വായു എന്ന് കവെൻഡിഷ് വിളിച്ച വാതകത്തിന് *ഹൈഡ്രജൻ* എന്നും പേരിട്ടു. ഇവ രണ്ടിനേയും ഉയർന്ന താപനിലയത്തിൽ സംയോജിപ്പിച്ച് ജോസഫ് പ്രീസ്ററ്ലിയാണ് ജലം ഉത്പാദിപ്പിച്ചത്

### ലവോസിയെറുടെ ചുവടുവയ്പുകൾ

ഒരു രാസപ്രക്രിയയ്ക്ക് മുമ്പും പിമ്പും അതിൽ പങ്കെടുത്തുന്ന ദ്രവ്യത്തിന്റെ (Matter) പിണ്ഡം ( mass) ഒന്നു തന്നെയായിരിക്കും എന്ന് തെളിയിച്ച്, Law of conservation of mass പ്രസ്താവിച്ചത്. ലവോസിയെർ ആയിരുന്നു. ഈ ആശയം മററു ചിലർ ലവോസിയെർക്ക് മുമ്പ് മുന്നോട്ടു വച്ചിരുന്നു. മിഖൈൽ ലൊമണൊസൊവ്, ഴാങ്ങ് റേയ്, ജോസഫ് ബ്ലാക്, ഹെൻറി കവെൻഡിഷ് എന്നിവർ ആയിരുന്നു അവർ. ശാസ്ത്രീയ കാഴ്ചപ്പാടിൽ ഒരു യുക്തിസഹമായ ആശയം നിയമം (ഹീം) ആകണമെങ്കിൽ ആ വസ്തുത സംശയാതീതമായി തെളിയിക്കപ്പെടണം. അ




ത് ചെയ്തത് ലവോസിയെർ ആയിരുന്നു.

പഞ്ചഭൂതങ്ങളിൽപെട്ട ജലവും വായുവും മൂലകങ്ങളായി ഒരു കാലത്ത് കരുതപ്പെട്ടിരുന്നു. സംയുക്തമായ ജ[illegible] വ്യവച്ഛേദിച്ച് അതിൽ ഹൈഡ്രജനും ഓക്സിജനും യഥാക്രമം 2:1 അനുപാദത്തിൽ അടങ്ങിയിരിക്കുന്നു എന്ന് ലവോസിയെർ തെളിയിച്ചു. മുഖ്യമായും നൈട്രജനും, ഓക്സിജൻ എന്നിവ അടങ്ങിയ മിശ്രിതം- (Mixture) ആണ് വായു എന്ന് ആദ്യം തെളിയിച്ചതും ലവോസിയെർ തന്നെ.

രാസവസ്തുക്കളെ സൗകര്യപ്രദമായി വിളിക്കാവുന്ന പേരുകൾ നൽകുന്ന സമ്പ്രദായം (method of-chemical nomenclature, 1787) ചമച്ചത് ലവോസിയെർ ആയിരുന്നു. സൾഫൂരിക്ക് ആസിഡ്, സൾഫേററ്, സൾഫൈഫററ് തുടങ്ങിയ നാമങ്ങൾ അങ്ങനെ നിലവിൽ വന്നവ ആണ്.

ആദ്യത്തെ ആധുനിക രസതന്ത്ര പുസ്തകം, Elementary Treatise on chemistry) രചിച്ചത് ലവോസിയെർ ആണ്. ഫ്രഞ്ച് ഭാഷയിൽ നിന്ന് ആ പുസ്തകം ഇംഗ്ളീഷിലേക്ക് വിവർത്തനം ചെയ്തത് ഇന്ന് ലഭ്യമാണ്. രസതന്ത്ര ശാഖയുടെ അടിസ്ഥാന ധാരണകളെ സുവ്യക്തമായി ഈ ഗ്രന്ഥം കാട്ടിത്തരുന്നു. പ്രസിദ്ധീകരിച്ച കാലത്ത് ( 1789) പലരും അതിനെ അംഗീകരിക്കാൻ വിമുഖത കാട്ടിയിരുന്നുവെങ്കിലും പിൽക്കാലത്ത് ആ ഗ്രന്ഥം അംഗീകാരം നേടുക തന്നെ ചെയ്തു.

കെമിക്കൽ ബാലൻസും കലോറിമീററും ഉപയോഗിച്ച് രാസപ്രക്രിയകളെ അപഗ്രഥിക്കുന്ന ശൈലി സമുദ്ഘാടനം ചെയ്തതും ലവോസിയെർ തന്നെ വജ്രം (- Diamind) കേവലം കാർബൺ മാത്രമാണെന്നും അത് ഓക്സിജന്റെ സാന്നിദ്ധ്യത്തിൽ കത്തി കാർബൺഡയോക്സൈഡ് ഉണ്ടാക്കുന്നു എന്നും തിരിച്ചറിഞ്ഞ ലവോസിയെർ, അലോട്രോപ്പി (Allotropy) എന്ന സവിശേഷത കാർബൺ എന്ന മൂലകത്തിനുണ്ട് എന്ന് പ്രസ്താവിച്ചു. വിവിധ ഭൗതിക രൂപങ്ങളിൽ നിലനിൽക്കാൻ കഴിയുന്ന ചില മൂലകങ്ങളുടെ പ്രത്യേകത ആണ് അലോട്രോപ്പി.

കെമിക്കൽ ബാലൻസ് ഉപയോഗിച്ച് പിണ്ഡമളന്നു കലോറിമീററർ ഉപയോഗിച്ച് രാസമാററ വേളയിൽ സംഭവിക്കുന്ന താപവ്യത്യാസം പഠിച്ചും രസതന്ത്രത്തിൽ മുന്നേറിയ ലവോസിയെർ ബയോളജി പരീക്ഷണങ്ങൾക്കും മുതിർന്നു. ഒരു ഗിനി പന്നിയെ ( Guines pig) ഐസ് കൊണ്ട് പുതച്ച ഒരു കലോറിമീററിനുള്ളിൽ കടത്തി അതിന്റെ ശ്വാസോച്ഛ്വാസം ഉണ്ടാകുന്ന ചൂട് അളന്നു. അതിന് അദ്ദേഹം അവലംബിച്ച മാർഗ്ഗം, ചൂടേററ് ഉരുകിയ കലോറിമീററിനെ പുതച്ച ഐസിൽ നിന്ന് ഉരുകി വന്ന ജലത്തിന്റെ അളവെടുത്ത് പരിശോധിക്കലായിരുന്നു.

### ലാവോസിയറുടെ നീതിബോധം

നിയമം പഠിച്ച ലവോസിയെർ, ഫ്രഞ്ച് രാഷ്ട്രീയത്തിൽ ആകൃഷ്ടനായി ഒരു ടാക്സ് കളക്ടറായി *ഫാംജനറൽ* എന്ന ഒരു ടാക്സ് ഫാമിങ് കമ്പനിയിൽ അദ്ദേഹം പ്രവർത്തിച്ചു. കൃഷിക്കാരെ സംരക്ഷിക്കാൻ ഫ്രാൻസിലെ ടാക്സ് സമ്പ്രദായത്തിൽ മാററങ്ങൾ കൊണ്ടു വരാൻ അദ്ദേഹം ശ്രമിച്ചു. ടാക്സ് പിരിക്കുന്ന 28 അഴിമതിക്കാരായ ടാക്സ് കളക്ടർമാർ, അവരുടെ കണ്ണിലെ കരടായി ലവോസിയെറെ കണ്ടു. *ഫാംജനറൽ* എന്ന കമ്പനിയിലെ പ്രസ്തുത ടാക്സ് കളക്ടർമാർ തങ്ങൾ ജനങ്ങളിൽ നിന്ന് പിരിക്കുന്ന ടാക്സിൽ നിന്ന് പിടുങ്ങി അനധികൃ

ത സമ്പാദ്യം ഉണ്ടാക്കിയിരുന്നു. ഇതിനിടെ ഴാങ് പോൾ മറാട്ട് എന്ന യുവശാസ്ത്രജ്ഞൻ അക്കാദമി ഓഫ് സയൻസിൽ പ്രവേശിക്കാൻ ശ്രമിച്ചപ്പോൾ, മറാട്ടിന്റെ യോഗ്യതയെ ലവോസീയെർ ചോദ്യം ചെയ്തു. ഇത് മറാട്ടിനെ ക്ഷുഭിതനാക്കി . കർക്കശമായി നികുതി പിരിച്ച ലവോസിയർക്കെതിരെ ആരോപണങ്ങൾ അയാൾ ഉയർത്തിക്കൊണ്ടു വന്നു. അഴിമതി കാട്ടിയ ടാക്സ് കളക്ടർമാർക്കൊപ്പം ലവോസിയെറെ ഗില്ലററിൻ ചെയ്തു വധിക്കാൻ വിധിച്ചു.

ഗണിത ശാസ്ത്രജ്ഞനായ ജെ . എൽ ലഗ്രാഞ്ച് ലവോസിയറുടെ ജീവന് വേണ്ടി ഭരണകൂടത്തോട് യാചിച്ചിട്ടും ഫലമുണ്ടായില്ല. അദ്ദേഹത്തിന്റെ ശാസ്ത്ര പരീക്ഷണങ്ങൾ പൂർത്തീകരിക്കാൻ അനുവദിക്കണം എന്ന ലഗ്രാഞ്ചിന്റെ അപേക്ഷ നിരസിച്ചു കൊണ്ട് ജഡ്ജ് പറഞ്ഞു. *ഈ റിപ്പബ്ളിക്കിന് ശാസ്ത്രജ്ഞരെയോ രസതന്ത്രജ്ഞരെയോ ആവശ്യമില്ല. വിധി നടപ്പാക്കൽ താമസിപ്പിക്കില്ല.*

ലഗ്രാഞ്ച് ഉറക്കെപ്പറഞ്ഞു, ഒരു *നിമിഷം കൊണ്ട് നിങ്ങൾക്ക് അദ്ദേഹത്തിന്റെ ശിരസ്സ് ഛേദിക്കാം. പക്ഷെ ഒരു നൂററാണ്ട് കഴിഞ്ഞാലും ഈ വിധമൊരു പ്രജ്ഞ നിങ്ങൾക്ക് ഉണ്ടാക്കാനാവില്ല.*





First Solvay Conference

അങ്ങനെ രസതന്ത്ര പിതാവ് ഇതരമേഖലാ പ്രവർത്തനങ്ങൾ ഇല്ലായ്മ ചെയ്യപ്പെട്ടു

## ഒന്നാം സോൾവേ കോൺഫറൻസിന്റെ ശതാബ്ദി

രസതന്ത്ര വർഷത്തിന്റെ കൊടിയിറങ്ങിയത് ബ്രസൽസിലായിരുന്നു. ലോകത്തെ ആദ്യത്തെ പ്രൗഢമായ ശാസ്ത്ര സമ്മേളനം വിളിച്ചു കൂട്ടിയതും അവിടെയായിരുന്നു. 1911 ൽ അത് വിളിച്ചു കൂട്ടിയ ശാസ്ത്രമനീഷി ഏണസ്ററ് സോൾവേ ആയിരുന്നു.

കാരം (വാഷിംഗ്സോഡാ അഥവാ സോഡിയം കാർബണേററ് വ്യാവസായികമായി ഉൽപാദിപ്പിക്കുന്ന മാർഗ്ഗം കണ്ടുപിടിച്ച രസതന്ത്രജ്ഞനാണ് ഏണസ്ററ് ഗാസററൽ ജോസഫ് സോൾവേ. അമോണിയ കടത്തിയ ഉപ്പ് ലായനി, ഒഴുകി താഴേക്ക് വരുന്നതിന് എതിരെ കാർബൺഡയോക്സൈഡ് കടത്തി, രാസമാററങ്ങൾ വരുത്തിച്ചുടാക്കി, വാഷിംഗ്സോഡ ഉൽപാദിപ്പിക്കുന്നതാണ് രീതി. ഇതിനെ *സോൾവേ പ്രക്രിയ* എന്ന് വിളിക്കുന്നു. ആ വിധത്തിൽ രസതന്ത്ര വിദ്യാർത്ഥികൾക്ക് സുപരിചിതമാണ് സോൾവേ എന്ന പേര്.

അദ്ദേഹം ബെൽജിയത്തിലെ രസതന്ത്രജ്ഞനും, രാസവ്യവസായിയും മനുഷ്യസ്നേഹിയുമൊക്കെയായിരുന്നു. ഈ പ്രതാപ ഐശ്വര്യങ്ങളായിരുന്നു ഒരു ശാസ്ത്ര സംഗമം നടത്താൻ അദ്ദേഹത്തിന് കരുത്ത് പകരുന്നത്. ശാസ്ത്ര രംഗത്തെ അപൂർവ പ്രതിഭകളെയായിരുന്നു സോൾവേ 1911 ൽ ആദ്യത്തെ കോൺഫറൻസിൽ വിളിച്ചു ചേർത്തത്. നേൺസ്ററ്, ബ്രില്ലൊയിൻ, ഹെൻഡ്രിക് അൻറൂൺ ലോറൻറ്സ്, ഴാൻപെറിൻ, വെയ്ൻ, മാഡംക്യൂറി, റൂബെൻസ്, എച്ച്. പോയ്ൻകെയ്ർ, പ്ലാങ്ക്, ഡിബ്രോഗ്ളി, ഏററവും പ്രായം കുറഞ്ഞ ലിൻഡ്മാൻ, ഗോൾഡ്ഷ്മിഡ്ട്ട് നൂട്സെൻ, ഇ. ഹെർസെൻ, ജെ. എച്ച്. ജീൻസ്, ഇ. റൂതർഫോഡ്, കാമർലിങ് ഓൺസ്, ഐൻസൈററൻ, പോൾലാംഗെവിൻ എന്നീ അതി പ്രഗത്ഭമതികളെയായിരുന്നു ഏണസ്ററ്സോൾവേ ആ കോൺഫറൻസിൽ അണിനിരത്തിയത്. ഈ ശാസ്ത്ര സംഗമത്തിന്റെ വേദിയായ ബ്രസൽസിൽ തന്നെ അന്താരാഷ്ട്ര രസതന്ത്ര വർഷത്തിന്റെ കൊടിയിറങ്ങിയത് ഉചിതമായി.

## സാവേശം 2050 ലേക്ക്

ഈ കൊടിയിറക്കം രസതന്ത്രാവബോധത്തിന്റെ വിപുലീകരണത്തിനാണ് തുടക്കമിടുന്നത്. നമ്മുടെ ജീവിതം കൂടുതൽ ലാവണ്യ പൂർണ്ണമാക്കണം. നമ്മുടെ ഭൗതിക പ്രതിസന്ധികളെ ഇല്ലായ്മ ചെയ്യണം. സുഗമസുന്ദരമായ ജീവിതസുധയുടെ പ്രവാഹം നമുക്ക് കണ്ടുകൂടി ആസ്വദിക്കണം. പുതിയ തലമുറകൾ പഴയതിന്റെ പതിന്മടങ്ങുള്ള ധിഷണാശക്തിയുമായി രസതന്ത്ര ദീപ ശിഖയേന്തണം .IUPAC (ഇൻറർനാഷണൽ യൂണിയൻ ഫോർ പ്യൂവർ ആൻറ് അപ്ളൈഡ് കെമിസ്ട്രി) അദ്ധ്യക്ഷൻ നിക്കോൾ മൊറേ ആഹ്വാനം ചെയ്തിരുന്ന 2050 ലെ സുന്ദരലോകം സാക്ഷാത്കരിക്കാൻ നമുക്ക് കഴിയണം, കഴിയും.



# A Bird's eye view of Indian economy 2011

Dr. P.S. Mohanakumar



The overall growth of gross domestic product (GDP) at factor cost at constant prices, as per Revised Estimates, was 8.5 per cent in 2010-11 representing an increase from the revised growth of 8 per cent during 2009-10, according to the monthly economic report released for the month of September 2011 by the Ministry of Finance. Overall growth in the Index of Industrial Production (IIP) was 4.1 per cent during August 2011.The eight core Infrastructure industries grew by 3.5 per cent in August 2011 and during April-August 2011-12, these sectors increased by 5.3 per cent. In addition, exports and imports in terms of US dollar increased by 44.3 per cent 41.8 per cent respectively, during August 2011.Over the next two years India could attract foreign direct investment (FDI) worth US$ 80 billion, according to a research report by Morgan Stanley. India has received US$ 48 billion FDI in the last two years. Considering the pace of FDI growth in India, KPMG officials believe that FDI in 2011-12 might cross US$ 35 billion mark.In addition, India has entered the club of top 20 exporters of goods and reclaimed its position among top 10 services exporters in 2010. India's goods exports rose by 31 per cent in 2010, helping it to improve its world ranking moving up two places to 20 from 22 in 2009.

## Major Performance Indicators

**1. PERFORMANCE IN SERVICE GROWTH (2010) TOP 12 COUNTRIES**

| COUNTRY | RANK |
|---|---|
| USA | 1 |
| JAPAN | 2 |
| GERMANY | 3 |
| CHINA | 4 |
| FRANCE | 5 |
| U.K | 6 |
| ITALY | 7 |
| SPAIN | 8 |
| BRAZIL | 9 |
| CANADA | 10 |
| RUSSIA | 11 |
| INDIA | 12 |




## 2. SECTORS ATTRACTING HIGHEST F.D.I.(U.S.D.IN MILLIONS) (2010-11,APRIL-DEC)

| SECTORS | F.D.I.IN MILLIONS |
|---|---|
| SERVICES | 2853 |
| COMPUTER | 670 |
| TELECOMMUNICATION | 1327 |
| HOUSING AND REAL ESTATE | 1024 |
| CONSTRUCTION | 911 |


## 3. TOP 10 FASTEST MOVING INDUSTRIES IN INDIA (2011)(% CHANGE IN INCOME)

| | |
|---|---|
| FOOD PROCESSING | 37.97 |
| DIAMOND CUTTING / JEWELLERY | 37.17 |
| TEXTILE-PRODUCTS | 36.93 |
| COMPUTER SOFTWARE | 34.94 |
| PACKAGING | 33.01 |
| HEALTH CARE | 32.78 |
| AUTOMOBILES(LCV/HCV) | 30.12 |
| COMPUTER EDUCATION | 29.56 |
| AUTOMOBILES-MOTOR CYCLES/MOPEDS | 27.19 |
| TYRES | 23.66 |



## 4.GDP COMPARED WITH OTHERS(2011)

| | GDP (USD Bln PPP) | GDP per capita(USD PPP) |
|---|---|---|
| INDIA | 4393 | 3563 |
| CHINA | 11,195 | 8304 |
| BRAZIL | 2301 | 11,805 |
| RUSSIA | 2343 | 16,750 |
| UK | 2254 | 35,982 |
| USA | 15157 | 48,387 |



## 5. OWNERSHIP OF CARS PER THOUSAND(2011)

| | |
|---|---|
| INDIA | 13 |
| CHINA | 23 |
| JAPAN | 457 |
| USA | 431 |
| BRAZIL | 124 |


## 6. INDIA IN THE WORLD

| Particulars | Units | World | India | Rank |
|---|---|---|---|---|
| Area | Min.km2 | 134 | 3 | 7 |
| Population | Min. | 6,692 | 1140 | 2 |
| Gross national income. | USD Bin | 57637 | 1216 | 12 |
| Electricity generation | Bin kwh | 19,819 | 803 | 5 |
| Exports of services. | | | | |
| Agriculture &allied | USD bin | 3,799 | 103 | 10 |
| Arable land | | | | |
| Irrigated area | Min hect | 1411 | 159 | 2 |
| Gross domestic product | Min hect | 287 | 57 | 1 |
| Birth rate. | USD Bin | 60,587 | 1217 | |
| Death rate | Per'000 | 20 | 24 | 85 |
| Infant mortality(live | Per'000 | 8 | 8 | 117 |
| birhts) | Per'000 | 47 | 54 | 51 |
| Expectation of life at | | | | |
| birth | Years | 69 | 65 | 162 |
| Gross national income. | | | | |
| Purchasing power | USD Bin | 57,638 | 1516 | |
| parity. | 1USD | 10,357 | 2960 | 83 |
| Foreign direct | | | | |
| investment. | | | | |
| Inflow(2008) | USD Bin | 1,697 | 42 | |
| Out flow(2008) | USD Bin | 1,858 | 18 | |
| Foreign exchange | USD Bin | 7,288 | 257 | |
| reserve | | | | |
| Insurance premium | | | | |
| density. | | | | |
| (percapitapremia) | USD | 341.2 | 47.7 | |
| Life in (2009) | USD | 253.9 | 6.7 | |
| Non-life in (2009) | | | | |
| Insurance penetration. | | | | |
| (insurance premia as% | | | | |
| of GDP) | | 4.0 | 4.6 | |
| Life (in 2009) | % | 3.0 | 0.6 | |
| Non life in (2009) | % | 4.2 | 8.8 | 12 |
| Growth forcasts | % | | | |
| Real GDP growth( in | | | | |
| 2010). | | 16,130 | | |
| Trade in goods. | | 16,422 | 179 | 25 |
| Export (in 2008) | USD Bin | | 293 | 16 |
| Import(in 2008) | USD Bin | | | |
| Trade in commercial | | | 103 | 9 |
| services . | | 3780 | 84 | 13 |
| Export (in 2008) | USD Bin | 3490 | | |
| Import(in 2008) | USD Bin | | | |
| Trade in commercial | | | | |
| services in total trade. | | 19,850 | 280 | |
| Export(in 2008) | USD Bin | 19,912. | 377 | |
| | USD Bin. | | | |
| Imports(in 2008) | | | | |

With best compliments from

AKPCTA BRANCH

ST. PETER'S COLLEGE
KOLENCHERRY
ERNAKULAM




# ആവർത്തന പട്ടികയിലെ രണ്ട് മൂലകങ്ങൾക്കുകൂടി പേരായി

ഡോ.എം.ആർ.സുദർശനകുമാർ
*എം.ജി.കോളജ്, തിരുവനന്തപുരം*



112–ാമത്തെ മൂലകത്തിനാണ് International Union of pure and applied chemistry (IUPAC) അവസാനമായി പേരു സ്ഥിരീകരിച്ചത്. copernicium (cn) എന്ന പേരാണ് നൽകിയത്. ആവർത്തന പട്ടികയിലെ രണ്ടു മൂലകങ്ങൾക്കു കൂടി IUPAC പേരു നിർദ്ദേശിച്ചു. 114-ാമത്തെ മൂലകത്തിന് Flerovium എന്നും 116-ാമത്തെ മൂലകത്തിന് Livermorium എന്നുമാണ് പേരു നിർദ്ദേശിച്ചിരിക്കുന്നത്. Fl, Lv എന്നീ പ്രതീകങ്ങളാണ് മൂലകങ്ങൾക്കു നൽകിയിട്ടുള്ളത്. ഈ പേരുകളെ കുറിച്ച് അഭിപ്രായം രേഖപ്പെടുത്തുവാൻ അഞ്ചു മാസം സമയമുണ്ട്. അതിനു ശേഷമായിരിക്കും ഈ പേരുകൾ സ്ഥിരീകരിക്കപ്പെടുക.

ഈ രണ്ടു മൂലകങ്ങളും *Super Leavy* മൂലകങ്ങളാണ്. അല്പായുസുള്ള സ്ഥിരതയില്ലാത്ത ഈ മൂലകങ്ങൾ കൃത്രിമമായി നിർമ്മിച്ചത്. കഴിഞ്ഞ ജൂണിലാണ് ഈ മൂലകങ്ങളുടെ സൃഷ്ടി IUPAC അംഗീകരിച്ചത്. റഷ്യയിലെ ഗവേഷണ ലാബിലാണ് രണ്ട് മൂലകങ്ങളും സൃഷ്ടിച്ചത്. അവിടത്തെ റഷ്യൻ ഗവേഷകരും കാലിഫോർണിയയിലെ Lawerence Livermerse National Labiratory യിലെ അമേരിക്കൻ ഗവേഷകരും ചേർന്നാണ് ഈ മൂലകങ്ങളെ നിർമ്മിച്ചത്.

114-ാമത്തെ മൂലകത്തിന് fleroviume എന്ന പേരു നൽകിയത് റഷ്യയിലെ flerov Laboratory of Nuclear Reactions എന്ന ഗവേഷണ കേന്ദ്രത്തിന്റെ സ്ഥാപകനായ Georgin floev (1913-1990) ന്റെ സ്മരണയ്ക്കാണ്. flerov ജോസഫ് സ്ററാലിനയച്ച കത്തുകളാണ് അന്നത്തെ സോവിയററ് യൂണിയന്റെ ആററം ബോംബ് പ്രോജക്ടിന്റെ വികാസത്തിന് കാരണമായത്. കാൽസിയം അയോണുകളെ പ്ലൂട്ടോണിയത്തിൽ പതിപ്പിച്ചാണ് flerovium സൃഷ്ടിച്ചത്.

116-ാമത്തെ മൂലകത്തിന് livermorim ( LV) എന്ന പേരാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. കാലിഫോർണിയയിലെ Livermkore ൽ സ്ഥിതി ചെയ്യുന്ന Lawrence Livermore National Labortory യുടെ സ്മരണയ്ക്കാണ് ഈ പേര് നൽകിയത്. കാൽസിയവും ക്യൂരിയവും തമ്മിൽ യോജിപ്പിച്ചാണ് ഈ മൂലകം സൃഷ്ടിച്ചത്. അറോമിക സംഖ്യ 113,115,117,118 ഉള്ള മൂലകങ്ങൾക്ക് പേരായിട്ടില്ല. അവയുടെ കണ്ടുപിടിത്തം IUPAC സ്ഥിരീകരിച്ചിട്ടില്ല. ഈ മൂലകങ്ങളും റഷ്യയിൽ Dubna യിലെ Joint Institute of Nuclear Researchലാണ് സൃഷ്ടിച്ചത്. ഇവയുടെ കണ്ടുപിടിത്തം IUPAC അംഗീകരിച്ചിട്ടില്ല. കണ്ടുപിടിത്തം അംഗീകരിച്ചു കഴിഞ്ഞാൽ IUPAC പേരുകൾ നിർദ്ദേശിക്കുകയും പിന്നീട് സ്ഥിരീകരിക്കുകയും ചെയ്യണം. പുതിയ മൂലകങ്ങളുടെ കണ്ടുപിടിത്തത്തിനും അവയുടെ പേരുകൾക്കുമായി നമുക്കു കാത്തിരിക്കാം!




# നോബൽ സമ്മാനം ആഹ്ലാദത്തിനും അഭിമാനത്തിനുമപ്പുറം

**എ. ജി. ഒലീന**
*വി.ടി.എം.എൻ.എസ്.എസ്. കോളജ്, ധനുവച്ചപുരം*



2011–ലെ വിവിധ മേഖലകളിലേക്കുള്ള നോബൽ സമ്മാനങ്ങൾ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. സമാധാനത്തിനുള്ള സമ്മാനമാകട്ടെ, മൂന്നു സ്ത്രീകൾക്കാണു ലഭിച്ചിരിക്കുന്നത്. മനുഷ്യാവകാശപ്പോരാട്ട സമരങ്ങൾക്കു കരുത്തു പകരുന്ന മൂന്നു സ്ത്രീകൾക്ക് ലോകത്തെ ഏററവും പ്രമുഖ പുരസ്കാരങ്ങൾ നേടുമ്പോൾ നമ്മളും ആഹ്ലാദിക്കുന്നു; അഭിമാനിക്കുന്നു. സമ്മാനങ്ങളിൽ വെച്ച് ഏററവും ആധികാരികമെന്നു വിലയിരുത്തപ്പെടുന്നതാണ് നോബൽ സമ്മാനങ്ങൾ. ഓരോ നോബൽ സമ്മാനവും അറിവിൻെറയും ചിന്തയുടെയും ഒരു മേഖല (Zone) കൂടി നമുക്കു മുന്നിൽ തുറന്നിടുന്നു. ഒരാൾക്കോ ഒരു പ്രസ്ഥാനത്തിനോ ഒരാശയത്തിനോ ഒരു സംരംഭത്തിനോ സമ്മാനം ലഭിക്കുമ്പോൾ അത് വ്യക്തിക്കപ്പുറം ഒരാശയഗതി കൂടി നമ്മുടെ മുന്നിൽ കൊണ്ടു വരുകയും (High light) ചെയ്യുന്നു. ഒരു പക്ഷേ നോബൽ സമ്മാനസമിതി അതാഗ്രഹിച്ചാലും ഇല്ലെങ്കിലും മാർകേസിനു നോബൽ സമ്മാനം ലഭിച്ചപ്പോൾ, മാജിക്കൽ റിയലിസമെന്ന സാഹിത്യ പ്രസ്ഥാനത്തിൻെറ വിലയിരുത്തലിനൊപ്പം ഒരു രാജ്യത്തിൻെറ രാഷ്ട്രീയാസ്ഥിരതയെന്ന വിഷയം കൂടി ശ്രദ്ധേയമാവുകയായിരുന്നു. ബോറിസ് പാസ്ററർനാക്കിനു ലഭിച്ച നോബൽ സമ്മാനം, സ്വീഡിഷ് അക്കാദമിയുടെ ചില സവിശേഷ താത്പര്യങ്ങളുടെ വെളിപ്പെടുത്തൽ കൂടിയായി. ഡെസ്മുണ്ടുവിനു ലഭിച്ച സമ്മാനമാകട്ടെ, ദക്ഷിണാഫ്രിക്കൻ ജനജീവിതത്തിലേക്കുള്ള വെളിച്ചം വീശൽ കൂടിയായി. ഇത്തരത്തിൽ ചില ആശയഗതികളോടെ സ്ഥാപിച്ചെടുത്ത വെളിപ്പെടുത്തലുകളോ ഒക്കെ മിക്കപ്പോഴും ഓരോ സമ്മാനദാനത്തിനു പിന്നിലും ഉണ്ടാകുന്നുവെന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ടു തന്നെയാകാം ഓരോ നോബൽ സമ്മാന പ്രഖ്യാപനവും ആകാംക്ഷയോടെ കാത്തിരിക്കുന്നതും ചിലപ്പോഴെങ്കിലും വിവാദങ്ങളായി മാറുന്നതും.

ലൈബീരിയൻ പ്രസിഡൻറ് എലെൻ ജോൺസൺ സർലീഫ്, സ്ത്രീവിമോചനപ്പോരാളി ലെയ്മബോവി, യെമനിലെ ജനാധിപത്യ സമരനായിക തവക്കുൽ കർമാൻ എന്നിവർ 2011-ലെ നോബൽ സമ്മാനത്തിനർഹരായിരിക്കുന്നു. ഈ മൂന്നു സ്ത്രീകൾ സമ്മാനിതരാകുമ്പോൾ അന്തർദേശീയ വനിതാദിനാഘോഷത്തിന് 100 വയസ്സു തികഞ്ഞിരിക്കുന്നു. ആഭ്യന്തരയുദ്ധങ്ങളാൽ കലുഷിതമായ രാ


ജ്യങ്ങളിൽ മരണത്തെ പോലും മുഖാമുഖം കണ്ടുകൊണ്ടാണ് ഇവർ മൂവരും അവരുടെ വ്യത്യസ്ത സമരപാതകളിൽ സഞ്ചരിച്ചു വരുന്നത്. പിറന്ന മണ്ണിൽ മനുഷ്യരായി ജീവിക്കാനുള്ള, ശബ്ദിക്കാനുള്ള, സമാധാനത്തോടെ കഴിയാനുള്ള, പോരാട്ട സമരങ്ങളിലൂടെ ഇവർ നടത്തുന്ന ഇടപെടലുകൾ ലോകഭൂപടത്തിൽ ഒന്നുകൂടി ശക്തമായ സ്ഥാനം പിടിക്കുന്നുവെന്നത്, സമ്മാനത്തിന്റെ സാർഥകത തന്നെയാണ്. നോബൽ സമ്മാനചരിത്രത്തിൽ ഇദംപ്രഥമമായി മൂന്നു സ്ത്രീകൾ സമാധാനത്തിനുള്ള സമ്മാനം പങ്കിടുമ്പോൾ, അവരുടെ പ്രവർത്തനങ്ങളും ആ പ്രവർത്തനങ്ങൾ പ്രതിനിധാനം ചെയ്യുന്ന ആശയങ്ങളും വീണ്ടും ചർച്ച ചെയ്യപ്പെടുകയാണ്.

യെമനിലെ വിമോചനപ്പോരാളിയും പത്രപ്രവർത്തകയുമായ തവാക്കുൽ കർമ്മൽ തന്റെ സമ്മാനത്തെ സ്വന്തംരാജ്യത്തെ മുഴുവൻ സ്വാതന്ത്ര്യ സമരപോരാളികൾക്കുമായി അർപ്പിക്കുന്നു. 1979 ൽ ജനിച്ച, മൂന്നുകുട്ടികളുടെ അമ്മയായ തവാക്കുൽ പത്രപ്രവർത്തകരിലെ വനിതാ സംഘടനയുടെ (Women journalist without chairs) ഉദ്ഘാടകയാണ്. സംസാരിക്കാൻ പോലും അവകാശമില്ലാത്ത സ്ത്രീ സമൂഹത്തിന് പൊതു ഇടങ്ങളിൽ സംസാരിക്കാൻ മാത്രമല്ല, തെരുവുകൾ സ്ത്രീകൾക്കും സമരം ചെയ്യാനുള്ള ഇടങ്ങൾ കൂടിയാണെന്നു സ്ഥാപിച്ചെടുക്കാനും ശ്രമിച്ചു കൊണ്ടിരിക്കുന്നു. ഉരുക്കു വനിതയെന്നും (iron lady) വിപ്ലവത്തിന്റെ അമ്മയെന്നും (mother of revolution) വെറുതെയല്ല അവർ അറിയപ്പെടുന്നത്.

രണ്ടുലക്ഷത്തോളം മനുഷ്യരെ കുരുതികൊടുത്തു കൊണ്ടുള്ള ലൈബീരിയയിലെ യുദ്ധഭൂമിയിൽ, രാഷ്ട്ര പുനർനിർമ്മാണ പ്രക്രിയയിൽ, ഐക്യരാഷ്ട്ര സഭയുടെ പ്രവർത്തനങ്ങളിൽ പങ്കാളിയായിക്കൊണ്ട് നടത്തിയ, നേതൃപരമായ ഇടപെടലാണ് ലൈബീരിയൻ പ്രസിഡൻറ് എലൈൻ ജോൺസൺസർലീഫിനെ സമ്മാനത്തിനർഹയാക്കിയത്. ആഫ്രിക്ക വൻകരയിലെ ആദ്യവനിതാ പ്രസിഡൻറായ സർലിഫിന്റെ സംഘർഷാഭരിതമായ ജീവിതത്തിൽ ഏറെക്കാലം അവർക്ക് വിദേശത്ത് കഴിയേണ്ടി വന്നിട്ടുണ്ട്. വിദേശ രാജ്യങ്ങളിലെ അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ നേതൃസ്ഥാനങ്ങളിൽ പ്രവർത്തിച്ച പരിചയം പില്ക്കാലത്തൊരു മുതൽക്കൂട്ടാവുകയായിരുന്നു. ആഭ്യന്തര കലാപങ്ങൾ കലുഷിതമായ രാഷ്ട്രീയത്തിൽ സമാധാനം പുനഃസ്ഥാപിക്കാനായി സ്ത്രീകളുടെ നേതൃത്വത്തിൽ സ്ഥാപിച്ച Women if Liberical nation for peace എന്നസംഘടന മുന്നോട്ടു വച്ച മുദ്രാവാക്യങ്ങൾക്ക് വലിയ സ്വാധീനം ചെലുത്താനായി. ഒരെഴുത്തുകാരിയെന്ന നിലയിലും സർലിഫീന്റെ പ്രസക്തി വർധിച്ചതാണ്.

2003- ലെ ലൈബീരിയൻ സമാധാന ഉടമ്പടിക്കു കാരണമായ പ്രവർത്തനങ്ങളാണ് ലെയ്മബോവിയെ ശ്രദ്ധേയമാക്കിയത്. ഇസ്ലാം-ക്രിസ്തു വിശ്വാസികളായ സ്ത്രീകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള അവരുടെ പ്രവർത്തനങ്ങൾ വാസ്തവത്തിൽ സ്ത്രീകളുടെ തെരഞ്ഞെടുപ്പിലെ പങ്കാളിത്തത്തിനു തന്നെ ഇടയാക്കി. ഓരോ യുദ്ധവും സ്ത്രീ ജീവിതങ്ങളെ എത്രമാത്രം കലുഷിതമാക്കുന്നുവെന്ന ബോവി .യുടെ ചിന്തയുടെ വെള്ളിവെളിച്ചമാണ് Mighty be our power എന്ന ആത്മകഥ പോലും പങ്കു വെയ്ക്കുന്നത്. രാജ്യത്ത് ആഭ്യന്തര യുദ്ധം നടത്തുന്ന പുരുഷന്മാർക്കു ഇണബന്ധം പോലും നിഷേധിച്ചു കൊണ്ടാണ് യുദ്ധം നിറുത്തി മടങ്ങാൻ അവർ ആഹ്വാനം ചെയ്തത്. രാജ്യത്തു സമാധാനം നിലനിറുത്താൻ പ്രാഥമിക മനുഷ്യചോദനകളെ പോലും നിരാകരിക്കാൻ തയ്യാറായിക്കൊണ്ടുള്ള സമരപാതയിലാണ് അവിടത്തെ സ്ത്രീകൾ സഞ്ചരിക്കുന്നത്.

നാളിതു വരെ അഭിമുഖീകരിച്ചിട്ടില്ലാത്ത വിധത്തിലുള്ള ഭീഷണികളിലൂടെ മനുഷ്യരാശി കടന്നു പൊയ്ക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിൽ ആ ഭീഷണികൾ ഏററവും തീഷ്ണമായി നേരിടേണ്ടി വരുന്ന ചൂഷിത വർഗമെന്ന നിലയിൽ, സ്ത്രീകളുടെ മുന്നേററത്തെ ത്വരിതപ്പെടുത്താൻ ഈ സമ്മാനം എത്രമാത്രം സഹായകമാകുമെന്ന അന്വേഷണം ഈയവസരത്തിൽ തീർച്ചയായും ഉണ്ടാകേണ്ടതുണ്ട്. മനുഷ്യരാശിയുടെ പകുതിയെ തമസ്ക്കരിച്ചു കൊണ്ടുള്ള ഒരു വികസനവും പുരോഗമനപരമായിരിക്കില്ലെന്ന ബോധ്യം ഇതിനകം ലോകമാകെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സമാധാനത്തിനുള്ള നോബൽ സമ്മാനം മൂന്നു സ്ത്രീപ്പോരാളികൾക്കു ലഭിക്കുന്നതിന്റെ അഭിമാനവും സന്തോഷവും പിൻപററുമ്പോൾ തന്നെ, സ്വീഡിഷ് അക്കാദമിയുടെ തെരഞ്ഞെടുപ്പിനു പിന്നിലെ സന്ദേശവും കാണാതിരുന്നുകൂടാ. എന്തുകൊണ്ട് ഈ മൂന്നു സ്ത്രീകൾ എന്ന ചോദ്യം തീർച്ചയായും അവരുടെ അർഹതയെയല്ല പ്രശ്ന വല്ക്കരിക്കുന്നത്, മറിച്ച് എന്തുകൊണ്ട് മധേഷ്യൻ എന്ന ചോദ്യമാണ് പ്രസക്തമാകുന്നത്. ഏതുതരം ചൂഷണത്തിന്റെയും മുൾമുനകൾ അത്യന്തികമായി നീണ്ടു ചെല്ലുന്നത് സാമ്പത്തിക ഘടനയിൽ തന്നെയാണ്. മൂന്നു എണ്ണ രാജ്യങ്ങൾ ഇന്ന് ആഗോള മുതലാളിത്തത്തിന്റെ പ്രധാന ആകർഷണ കേന്ദ്രങ്ങളാണ്. ആഭ്യന്തര കലാപങ്ങളാൽ വീർപ്പുമുട്ടുകയും അതേസമയം വികസനപാതയിൽ നീങ്ങാൻ ശ്രമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ രാജ്യങ്ങളിലെ സ്ത്രീ പങ്കാളിത്തത്തെ നിരാകരിക്കാൻ കഴിയില്ലെന്നു മുതലാളിത്ത ശക്തികൾക്ക് നല്ലബോധ്യമുണ്ട്. സമാധാന പോരാട്ടസമരങ്ങൾക്ക് നേതൃത്വം നല്കി വരുന്ന സ്ത്രീകൾ അതുകൊണ്ടു തന്നെ പ്രശംസയർഹിക്കുന്നു. പക്ഷേ സ്വീഡിഷ് അക്കാദമിയുടെ ഈ പ്രശംസയുടെ പിന്നിലെ ഉദ്ദേശ്യം തികച്ചും നിരുപദ്രവകരമെന്നു നമുക്കു കരുതാനാവില്ല. ചിന്തിക്കുന്ന കുട്ടികൾ സ്വാഭാവികമായും സംസാരിക്കും. പക്ഷേ അവർക്കു ച്യൂയിംഗ്ഗം നൽകിയാൽ പിന്നെയവർ മിണ്ടുകയില്ല. അതു പോലെ പ്രശംസകളും ആശീർവ്വാദങ്ങളും നല്കി പെൺ പോരാട്ടങ്ങളെ തണുപ്പിക്കുന്ന ഒരു തന്ത്രം ചരിത്രത്തിൽ പലരും പരീക്ഷിച്ചു വിജയിച്ചിട്ടുള്ളതാണ്. അതിനാൽ ഈ സമ്മാനങ്ങൾ പെൺകരുത്തിനെ നിർവ്വീര്യമാക്കാതിരിക്കട്ടെ




# മോഹൻദാസ് അപഹരിക്കപ്പെടുന്ന സ്വത്വം

**ഡോ.എൻ.എം.സണ്ണി**
*മലബാർ ക്രിസ്ത്യൻകോളജ്, കോഴിക്കോട്*



കത്തുന്ന കനൽ കൈവെള്ളയിലെടുക്കുന്ന സാഹസത്തോടും, ആത്മധൈര്യത്തോടും കൂടി മാത്രമെ അനുവാചകന് മോഹൻദാസ് എന്ന ഈ കൃതിയെ സമീപിക്കാൻ കഴിയുകയുള്ളു. തീക്ഷണവും തീവ്രവുമായ വർത്തമാനകാല യാഥാർത്ഥ്യങ്ങളെ അത്രമേൽ വൈകാരികമായ ശൈലിയിലാണ് ഉദയ് പ്രകാശ് വായനാ സമൂഹത്തിനു മുന്നിൽ അവതരിപ്പിച്ചിരിക്കുന്നത്. മോഹൻദാസ് ഒരു സത്യമാണ്; ആ സത്യം ഇന്ത്യയിലെ ഏതൊരു ഗ്രാമത്തിലെയും സാധാരണ മനുഷ്യരുമായി ചേർന്ന് നിന്ന് നിരീക്ഷിച്ചാൽ അനുവാചകന് ബോധ്യപ്പെടുന്നതാണ്. കീഴാള കാഴ്ചകൾ കാര്യങ്ങളുടെ വേരിലേക്ക് വളരുമ്പോൾ മേലാളകാഴ്ചകൾ കൃത്രിമ അഴക് ആഘോഷിക്കുവാനാണ് പലപ്പോഴും ആവേശം കൊള്ളുന്നത്തൊഴിലെടുക്കുന്നവർക്കിടയിൽ നിന്നാണ് എന്നും കുതറുന്ന വാക്കുകൾ പിറക്കുന്നത്. ദളിത് സാഹിത്യം കൃത്രിമ വർണ്ണനകളുടെ വളഞ്ഞ വഴികളിലൂടെയല്ല സത്യത്തിന്റെ നേർവഴികളിലൂടെയാണ് യാത്ര ചെയ്യുന്നത്. (കെഇഎൻ. മോഹൻദാസ് ആമുഖം)

ന്യൂയോർക്കിലെ അംബര ചുംബികളായ രണ്ട് വ്യാപാര സ്ഥാപനങ്ങൾ തകർക്കപ്പെട്ടതിനോടനുബന്ധിച്ച് ഏഷ്യയിലെ ലോകോത്തരമായ രണ്ടു സ്വതന്ത്ര രാഷ്ട്രങ്ങൾകൂടി തകർത്ത് തരിപ്പണമാക്കി. യൂറോപ്പിലെയും അമേരിക്കയിലെയും ഈശ്വരന്മാരൊഴിച്ച് ബാക്കി എല്ലാ ഈശ്വരന്മാരുടെയും മുന്നിൽ പ്രാർത്ഥനയ്ക്ക് വേണ്ടി കുനിഞ്ഞ ശിരസ്സുകൾ ഫാസിസ്റ്റുകളുടെയും, ഭീകര വാദികളുടെയും, മതമൗലിക വാദികളുടെയുമായി മുദ്രകുത്തപ്പെട്ടു. എണ്ണക്കും, വെള്ളത്തിനും, വിപണിക്കും വേണ്ടി കോർപ്പറേറ്റുകളും, സർക്കാരുകളും, സൈന്യങ്ങളും രാവും പകലും ലോകത്താകമാനം നിർദോഷികളായ ജനങ്ങളെ കൊന്നൊടുക്കുകയാണ്. ലോകത്തെവിടെയും അധികാരത്തിലിരിക്കുന്നവർ ഒന്ന് മറ്റൊന്നിന്റെ ക്ളോണാണെന്ന് സൂക്ഷിച്ച് നോക്കിയാൽ മനസ്സിലാവും . അവർ ഒരേ തരം വസ്തുക്കളുടെ ഉപഭോക്താക്കളാണ്. അവർ ഒരേ ബ്രാൻഡാണ് കുടിക്കുന്നത്, ഒരേ ബ്രാൻഡാണ് തിന്നുന്നത്. ഒരേ കമ്പനിയുടെ കാറുകളിലാണ് ചുറ്റിക്കറങ്ങുന്നത്. അവരുടെ അക്കൗണ്ടുകൾ ഒരേ ബാങ്കിലാണ്. ഒരേ തരം മദ്യത്തിന്റെ ലഹരിയിൽ പത്രങ്ങളിലും ചാനലുകളിലും അവർ ഒരേ തോന്നിവാസവും, നഗ്നതയും, വൃത്തികേടും പ്രദർശിപ്പിക്കുന്നു. സൂക്ഷിച്ച് നോക്കിയാൽ തിരിച്ചറിയാം- അവരുടെ തൊലിയുടെ നിറവും, ഭാഷയും ഒന്നാണ്.

നിസ്വജനതയുടെ സർവ്വസ്വവും അപഹരിക്കുന്ന ഈ കഴുകന്മാർ ജാതി-മത സാമ്രാജ്വത്വ ശക്തികളുടെ പൊയ്കാലുകളിൽ നിന്നാണ് അവരുടെ ക്രൗര്യം പ്രകടിപ്പിക്കുന്നത് എന്നതാണ് വാസ്തവം. ഭൂരിപക്ഷത്തിന്റെ അജ്ഞതയാണ് അവരുടെ കരുത്ത്. സായിപ്പ് പോയി ആറുപതിറ്റാണ്ടിനു ശേഷവും ജാതീയവും മതപരവുമായ വേർതിരുവുകൾ കൂടുതൽ ആഴത്തിലും പരപ്പിലും പ്രകടമായികൊണ്ടിരിക്കുന്നത് ഭാരതീയ സമൂഹം നേടിയെടുത്തു എന്ന് അഭിമാനിക്കുന്ന മതേതര ജനാധിപത്യ മൂല്യങ്ങൾ അപൂർണ്ണവും, നിരർത്ഥകവുമാണെന്ന് ആവർത്തിച്ച് തെളിയിക്കുകയാണ്.

നിത്യവൃത്തിക്ക് വകയില്ലാത്ത രോഗിയും കടക്കാരനുമായ ഒരു മനുഷ്യൻ തന്റെ രണ്ടു മക്കളെയും ഭാര്യയേയും വിഷം കൊടുത്ത് കൊന്നതിനു ശേ

ഷം ആത്മഹത്യ ചെയ്യാൻ ശ്രമിക്കുന്നതിനിടയിൽ പിടിക്കപ്പെട്ടു. അയാൾ ഇന്ത്യൻ പീനൽ കോഡിന്റെ 302, 309 വകുപ്പുകൾ പ്രകാരം കൊലപാതകത്തിനും ആത്മഹത്യാശ്രമത്തിനും ജയിലിൽ കിടക്കുമ്പോൾ കൊടും കുറ്റവാളികൾ പഞ്ചനക്ഷത്ര സൗകര്യമുള്ള ആശുപത്രികളിൽ ജയിൽ വാസം പൂർത്തിയാക്കുന്നു.

ദളിതനും ദരിദ്രനുമായ മോഹൻദാസിന്റെ സ്വത്വം അപഹരിക്കപ്പെട്ടതു പോലെ തന്നെ, ഇന്ത്യൻ ജനതയുടെ ഭാഷയും, സ്വത്വവും, ഗാന്ധിയെ തന്നെയും അറിഞ്ഞും അറിയാതെയും അപഹരിക്കപ്പെടുന്നു എന്ന യാഥാർത്ഥ്യം മോഹൻദാസ് മൗലികതയോടു കൂടി തന്നെ വെളിപ്പെടുത്തുന്നുണ്ട്. ശരിയു ടെയും നേരിന്റെയും പക്ഷം ചേരുന്നവർ അവർ ഏതു പദവി അലങ്കരിക്കുന്നവരായാലും ഇല്ലായ്മ ചെയ്യപ്പെടും. ജില്ല ജഡ്ജ് ഗജാനൻ മാധവ് മുക്തി ബോധിന്റെയും, സർക്കാരാശുപത്രിയിൽ നിന്ന് സ്ഥലം മാറ്റം ചെയ്യപ്പെട്ട ഡോ. വാകൺകറിന്റെയും അനുഭവങ്ങൾ അതാണ് സാക്ഷ്യപ്പെടുത്തുന്നത്. സർക്കാർ സ്ഥാപനങ്ങളെ ധൂർത്തും, കെടുകാര്യസ്ഥതയും എത്രത്തോളം ഗ്രസിച്ചിരിക്കുന്നു എന്നതിന് ഓറിയന്റൽ കോൾമൈൻസ് ഒരു ഉദാഹരണം മാത്രം.

ഭയത്തിന്റെ നിറം എന്തായിരിക്കുമെന്ന ഒരു ചോദ്യത്തിലൂടെയാണ് കഥയുടെ ആരംഭം. അത്യന്തം ഭ്രമാത്മകമായ ഒരു ചിത്രം എഴുതി ചേർത്തുകൊണ്ടാണ് ഉദയ് പ്രകാശ് കഥയുടെ മർമ്മത്തിലേക്ക് പ്രവേശിക്കുന്നത്. ഭയത്തിന്റെ നിറം എന്ന ഒരൊറ്റ രൂപകം ദൃശ്യപ്പെടുത്തുന്നത് , അധസ്തിത ജീവിതം നമ്മുടെ ജനാധിപത്യ ഇന്ത്യയിൽ ഇപ്പോഴും അഭിമുഖീകരിക്കുന്ന ഭയാനകമായ്യാവസ്ഥയാണ്. (കെ ഇഎൻ മോഹൻദാസ് ആമുഖം) ആരെയും ഭയപ്പെടുത്തുന്ന സത്യങ്ങൾ ഫാന്റസിയിലൂടെ അവതരിപ്പിക്കാനുള്ള ഉദയ്പ്രകാശിന്റെ കഴിവ് ഇതിനോടകം തന്നെ പ്രശംസിക്കപ്പെട്ടിട്ടുള്ളതാണ്. പ്രേംചന്ദിനും, മുക്തിബോധിനും ശേഷം ഭാരതീയ കഥകളിൽ നവ ഭാവുകത്വം അവതരിപ്പിച്ച എഴുത്തുകാരിൽ പ്രമുഖഗണനീയനായാണ് ഉദയ്പ്രകാശിനെ വിലയിരുത്തിയിട്ടുള്ളത്. സർക്കാർ പദ്ധതികളുടെ പൊള്ളത്തരങ്ങളും, സർക്കാർ സ്ഥാപനങ്ങളിൽ ആഴത്തിൽ വേരിറങ്ങിയിരിക്കുന്ന സവർണ്ണ-സാമ്രാജ്യത്വ താൽപ്പര്യങ്ങളും ഈ കൃതിയിലൂടെ തുറന്നു കാണിക്കപ്പെടുന്നുണ്ട്.

പുരബ്നരാ ഗ്രാമത്തിൽ മോഹൻദാസിന്റെ ജീവിതം വഴിമുട്ടി നിൽക്കുമ്പോൾ ഇന്ത്യ ഷൈൻ ചെയ്യുന്നു എന്ന പ്രചാരണം തകൃതിയായി നടക്കുകയായി രുന്നു, കൂടാതെ 1990 മുതൽ നിലനിൽക്കുന്ന 5.8 ശതമാനം സാമ്പത്തിക വളർച്ചയുടെ ഈ തോത് അത്രയും വർഷം കൂടി നില നിന്നാൽ ഇന്ത്യ അമേരിക്കയാവുമെന്ന് ധനമന്ത്രിയും ലോകബാങ്കും അവകാശപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതിന്റെ പകുതി വികസന തോതിലാണ് അമ്പതു വർഷം കൊണ്ട് അമേരിക്ക അമേരിക്ക ആയി മാറിയത് പോലും. മുവായിരത്തി അഞ്ഞൂറോളം ഡാമുകൾക്കു വേണ്ടി അഞ്ചു കോടിയിലധികം ആദിവാസികളുടെയും ദളിതരുടെയും വീടുകളും കൃഷിയിടങ്ങളും വെള്ളത്തിൽ മുക്കികഴിഞ്ഞിരുന്നു..... ആ സമയത്ത് രാജ്യത്തെ 20 കോടിയോളം ആളുകൾക്ക് കുടിവെള്ളം പോലും ലഭ്യമായിരുന്നില്ല......

മോഹൻദാസിന്റെ അച്ഛൻ കാബാദാസ് ടി.ബി ബാധിച്ച് ചോര ശർദ്ദിച്ച് മരിക്കുകയും, അമ്മ പുതലിബായിയുടെ കാഴ്ച ഏതോ സൗജന്യ നേത്ര ചികിത്സാ ക്യാംപിൽ വെച്ച് നഷ്ടപ്പെടുകയും ചെയ്യുമ്പോൾ വിധു വിനോദ് ചോപഡയുടെ സിനിമ മുന്നാഭായ് എം.ബി.ബി.എസ് ബോക്സ് ഓഫീസിൽ സൂപ്പർ ഹിറ്റ് ആയിരുന്നു. ജോർജ് ബുഷും, ടോണി ബ്ലെയറും അവരവരുടെ രാജ്യങ്ങളിൽ വീണ്ടും ഇലക്ഷൻ ജയിച്ച് അധികാരത്തിൽ വന്നിരുന്നു. അമേരിക്കയുടെ തടവിൽ ഭിക്ഷക്കാരനായ ഫക്കീറിനെപ്പോലെ താടി വളർത്തി, വേദന നിർഭരമായ മുഖവുമായി സദ്ദാം ഹുസൈൻ അറബിയിൽ കവിത എഴുതാൻ തുടങ്ങിയിരുന്നു, മണ്ഡൽ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കിയ ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി വിശ്വനാഥ് പ്രധാപ് സിംഗിന് ക്യാൻസർ ബാധിക്കുകയും കിഡ്നി ഫെയിലാവുകയും ചെയ്തു. ജെ.പി.യെ പോലെ അദ്ദേഹവും ഡയാലിസിസിലായിരുന്നു...... ബഗ്ദാദിലെ അബു ഗരീബ് ജയിലിൽ ഒരു അമേരിക്കൻ ലേഡി ഓഫീസർ ഇറാക്കികളായ പുരുഷ തടവുകാരെ നഗ്നരാക്കി ഒരാളെ മറ്റൊരാളുടെ പുറത്ത് കൂട്ടിയിട്ട് ഒരു പിരമിഡ് പോലെയാക്കി മാറ്റി, എന്നിട്ട് അമേരിക്കൻ പതാകയുമേന്തി അവർക്ക് മുകളിൽ കയറി നിൽക്കുകയായിരുന്നു.....

മോഹൻദാസ് ഇതിനോടകം ഇംഗ്ലീഷടക്കമുള്ള വിദേശ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു കഴിഞ്ഞു. കന്നഡ, മറാഠി, മൈഥിലി,ഒറിയ തുടങ്ങിയ ഇന്ത്യൻ ഭാഷകളിലേക്കും ഭാഷാന്തരണം നടന്നു കഴിഞ്ഞ ഈ കൃതിക്ക് 2010 ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നൽകുകയുണ്ടായി. ഇതാദ്യമായാണ്, ഒരു കഥയ്ക്ക് അക്കാദമി അവാർഡ് നൽകുന്നത്. മാത്രമല്ല ഈ കൃതി മോഹൻദാസ് എന്ന പേരിൽ തന്നെ കഴിഞ്ഞ വർഷം സിനിമയായി പുറത്തു വന്നു. ആദ്യ വായനയിൽ തന്നെ ഈ കൃതി മലയാളത്തിൽ വായിക്കപ്പെടേണ്ടതാണെന്ന തിരിച്ചറിവാണ് ഇത് വിവർത്തനം ചെയ്യാനുള്ള പ്രഥമ പ്രേരണ. ഉദയ്പ്രകാശിന്റെ മാതൃഭാഷയായ ഛത്തീസഗഢിയുടെ ശൈലിയും പ്രയോഗങ്ങളുമാണ് മൂലകൃതിയിൽ കൂടുതലായി ഉപയോഗിച്ചിരിക്കുന്നത്. പലതവണ അദ്ദേഹത്തെ നേരിൽ കണ്ടും, ഫോണിലും , ഇ-മെയിലിലും, ഫേസ് ബുക്കിലൂമൊക്കെ ബന്ധപ്പെട്ടാണ് ആ പ്രയാസങ്ങളെ മറികടക്കാനായത്. ഉദയ്പ്രകാശുമായുള്ള എന്റെ ആത്മബന്ധം ഇതിന്റെ പരിഭാഷ സുഗമമാക്കു ന്നതിനും പ്രയാസങ്ങളെ മറികടക്കുന്നതിനും സഹായകരമായി. സ്വാതന്ത്ര്യാനന്തര ഭാരതം സമൂഹത്തിലെ അധഃസ്ഥിതരോടും പിന്നോക്ക ജനവിഭാഗങ്ങളോടും ചെയ്ത ക്രൂരത പുരബ് നരാഗ്രാമത്തിലെ കാബാദാസിന്റെയും പുതലിബായിയുടെയും മകനായ മോഹൻദാസ് എന്ന ഒരൊറ്റ ചെറുപ്പക്കാരന്റെ കണ്ണുനീരിൽ നിന്ന് തന്നെ സമൂഹത്തിന് തിരിച്ച റിയാനാവും. ആ തിരിച്ചറിവ് ഈ കൃതിയെ കൂടുതൽ ജനകീയമാക്കുന്നതോടൊപ്പം ആഴത്തിൽ വായിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

*(2010 ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച പ്രശസ്ത ഹിന്ദി എഴുത്തുകാരൻ ഉദയ് പ്രകാശിന്റെ നീണ്ട കഥ. പ്രോഗ്രസ് പബ്ലിക്കേഷൻ കോഴിക്കോട് അതിന്റെ മലയാള പരിഭാഷ പ്രസിദ്ധീകരിച്ചു.)*

# സർവ്വീസ് റൂൾസ് ട്യൂട്ടോറിയൽ

# പ്രത്യേക യാദൃച്ഛികാവധി


## Special casual Leave

**കെ.എസ്.ജയചന്ദ്രൻ**

*എസ്.കെ.വി.കോളജ്, തൃശ്ശൂർ*
*കൺവീനർ,*
*എ.കെ.പി.സി.ടി.എ.*
*സർവ്വീസ്സെൽ*



1. ഇത് സാധാരണ യാദൃച്ഛികാവധിയുടെ കണക്കിൽ പെടില്ല
2. വസൂരി, പ്ലേഗ്, ഡിഫ്ത്തീരിയ, മസ്തിഷ്കജ്വരം എന്നീ രോഗങ്ങളിൽ ( ചിക്കൻബോക്സ് ഇതിലില്ല എന്ന് ശ്രദ്ധിക്കുക) ഏതെങ്കിലും ഒന്ന് ഒരു ഉദ്യോഗസ്ഥന്റെ വീട്ടിലെ അടുത്ത ബന്ധുവിന് പിടിപെട്ടിട്ടുള്ളതായി പൊതുജനാരോഗ്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയും ജോലിയിൽ നിന്ന് മാറി നില്ക്കാൻ ഓഫീസ് തലവൻ പ്രസ്തുത ഉദ്യോഗസ്ഥനോട് ആവശ്യപ്പെടുകയും ചെയ്താൽ ആ ഉദ്യോഗസ്ഥൻ പ്രത്യേക കാഷ്വൽ അവധി ലഭിക്കുന്നതാണ്.
3. മുകളിൽ പറഞ്ഞിരിക്കുന്ന രോഗങ്ങളിൽ ഏതെങ്കിലും ഒന്ന് പ്രസ്തുത ഉദ്യോഗസ്ഥന് തന്നെയാണ് പിടിപെട്ടിരിക്കുന്നതെങ്കിൽ അർഹമായ മററ് അവധികൾ ഏതെങ്കിലും ഉദ്യോഗസ്ഥൻ എടുക്കേണ്ടതാണ്.
4. സാധാരണ ഗതിയിൽ 21 ദിവസത്തേക്കാണ് ഇത്തരത്തിലുള്ള അവധി അനുവദിക്കാവുന്നത് പക്ഷേ ചില പ്രത്യേക സാഹചര്യത്തിൽ ഇത് 30 ദിവസം വരെ നീട്ടിക്കൊടുക്കാവുന്നതാണ്.
5. ഈ അവധി മററ് അവധികളോടും ചേർത്ത് എടുക്കാവുന്നതാണ്.
6. സർക്കാർ ഭാഗം സാക്ഷിയായി തെളിവ് നൽകാൻ കോടതിയിൽ ഹാജരാവുന്ന ദിവസത്തേക്ക് ഒരു ഉദ്യോഗസ്ഥന് പ്രത്യേക കാഷ്വൽ അവധിക്ക് അർഹതയുണ്ട്.
7. യൂണിവേഴ്സിററിയുമായി ബന്ധപ്പെട്ട മീററിംഗുകളിലും ജോലികളിലും പങ്കെടുക്കുന്ന ദിവസത്തേക്ക് ഒരു ഉദ്യോഗസ്ഥന് പ്രത്യേക കാഷ്വൽ അവധി അനുവദിക്കാം.
8. പേപ്പട്ടി വിഷബാധക്കുള്ള ചികിത്സയ്ക്ക് 14 ദിവസത്തേയ്ക്ക് പ്രത്യേക കാഷ്വൽ അവധിക്ക് അർഹതയുണ്ട്. ചികിത്സാ കേന്ദ്രത്തിലേക്കും തിരിച്ചുള്ള യാത്രയ്ക്കും ഈ അവധി ലഭിക്കും.
9. ലൈഫ് ഇൻഷ്വറൻസ് പോളിസിയെടുക്കുന്നതിനുള്ള ആരോഗ്യ പരിശോധനക്ക് മെഡിക്കൽ ഓഫീസറുടെ അടുത്ത് പോയി സർട്ടിഫിക്കററ് വാങ്ങുന്നതിന് ആവശ്യമായ ദിവസത്തേക്ക് ഇത്തരത്തിലുള്ള അവധി ലഭിക്കും.
10. യൂണിവേഴ്സിററി യൂണിയൻ സംഘടിപ്പിക്കുന്ന യുവജനോത്സവത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളെ നയിക്കുന്ന അധ്യാപകർക്കും വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന സംസ്ഥാന യുവജനോത്സവത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്ന അധ്യാപകർക്കും പ്രത്യേക കാഷ്വൽ അവധി ലഭിക്കുന്നതാണ്.
11. സ്വമനസ്സാലെ രക്തദാനം നടത്തുന്ന ഉദ്യോഗസ്ഥർക്ക് മെഡിക്കൽ സർട്ടിഫിക്കേററിന്റെ അടിസ്ഥാനത്തിൽ ഒരു കലണ്ടർ വർഷം പരമാവധി 2 എന്ന കണക്കിൽ പ്രത്യേക കാഷ്വൽ അവധി അനുവദിക്കും.
12. എൻ. എസ്. എസ് ഓഫീസർ മാരായിട്ടുള്ള അധ്യാപകർക്ക് പ്രവൃത്തി ദിവസങ്ങളിൽ എൻ. എസ്. എസ് ക്യാമ്പിൽ പങ്കെടുക്കേണ്ടി വരുമ്പോൾ ആവശ്യമായ ദിവസത്തേക്ക് പ്രത്യേക കാഷ്വൽ അവധിക്ക് അർഹതയുണ്ട്.
13. സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രസിഡൻറ് മാരായിട്ടുള്ള പ്രൈവററ് കോളജ് അധ്യാപകർക്കും അനധ്യാപകർക്കും ബോർഡ് മീററിംഗിൽ പങ്കെടുക്കുന്നതിന് ഒരു വർഷം പരമാവധി 10 ദിവസത്തേയ്ക്ക് സ്പെഷ്യൽ കാഷ്വൽ ലീവിന് അർഹതയുണ്ട്.
14. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള പ്രൈവററ് കോളജ് അധ്യാപകർക്ക് പ്രസ്തുത സ്ഥാപനങ്ങളുടെ മീററിംഗിൽ പങ്കെടുക്കുന്നതിന് പരമാവധി 10 ദിവസം ( അനധ്യാപകർക്ക് 12 ദിവസം) എന്ന കണക്കിൽ പ്രത്യേക കാഷ്വൽ അവധിക്ക് അർഹതയുണ്ട്.




**FEROKE INDUSTERIAL TRAINING INSTITUTE (NCVT)**

C.C Complex, 2nd floor, Cheruvannur
P.O. Feroke, Ph. 0495- 2484456

Course: Architectural Assistant
Duration: One year
Eligibility: SSLC with 40% Marks in Mathematics or 2 And above

**FEROKE CO- OP. ARTS & COMMERCE COLLEGE**

COURSE.: Plus 2 (Commerce, Humanities)
B.Com (Co- operation)
B.A Economics, Sociology, History, English B.Sc. Mathematics
M.Com (marketing)

**COMPUTER DIVISION**
**Calicut University Course**

**GIT.** 6 months, Eligibility SSLC
**DIT.** 12 months, Eligibility plus 2

**Other courses**: PGDCA, DCA,
Tally Accounting, DTP, MS office

**Prof. P.K. Sasi**
Principal,
Controller of Exams (Rtd.),
Calicut University

**THE FEROKE EDUCATIONAL CO- OPERATIVE SOCIETY LTD**

No. D. 2436 P.O Feroke, Kozhikode Dt- 673 631
Phone. 0495- 2482450

President
**Dr. K.R. Balakrishnan**

Secretary
**A.V.Krishnan**

## സർവ്വീസ് പംക്തി

***സംസ്ഥാന ഗവൺമെൻറ് ജീവനക്കാരുടെയും യു.ജി.സി സ്കീമിൽ വരുന്ന കോളജ് അദ്ധ്യാപകരുടെയും ശമ്പളവും പെൻഷനും അടുത്തകാലത്ത് പരിഷ്കരിച്ചല്ലോ. അറുപതാം വയസ്സിൽ കോളജിൽ നിന്ന് വിരമിച്ച അദ്ധ്യാപകരുടെ കുടുംബ പെൻഷൻ പരിഷ്കരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് പുതുക്കി കിട്ടുന്നതിനുള്ള നടപടി ക്രമങ്ങൾ വിശദമാക്കാമോ?***

അറുപതാം വയസ്സിൽ സർവ്വീസിൽ നിന്ന് വിരമിച്ച ( യൂണിവേഴ്സിററി പെൻഷൻ നിയമത്തിലെ ചാപ്ററ III സ്വീകരിച്ച) കോളജ് അദ്ധ്യാപകർക്ക് 1984 നാണ് കുടുംബപെൻഷൻ അനുവദിച്ചുകൊണ്ട് ഉത്തരവായത്. 1998 ൽ അതിന് ചില പരിഷ്ക്കാരങ്ങളും വരുത്തുകയുണ്ടായി. എന്നാൽ 2011 ഫെബ്രുവരി 28 ന് സംസ്ഥാന ഗവൺമെൻറ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ 60 വയസ്സിൽ വിരമിച്ച കോളജ് അദ്ധ്യാപകരുടെ പെൻഷനും കുടുംബപെൻഷനും പരിഷ്കരിക്കുന്നതിനെക്കുറിച്ചുള്ള പരാമർശം ഉണ്ട്. സംസ്ഥാന ഗവൺമെൻറ് ജീവനക്കാരുടെ പെൻഷനും കുടുംബ പെൻഷനും പരിഷ്കരിക്കുന്ന അതേ നടപടിക്രമമാണ് ഇവിടെയും അവലംബിച്ചിരിക്കുന്നത്. മേൽപറഞ്ഞ ഉത്തരവിലെ( *GO (P) No. 87/2011/ Fin.)* അപ്പൻറിക്സ് 1 പൂരിപ്പിച്ച് മൂന്ന് കോപ്പികൾ പെൻഷൻ വിതരണംചെയ്യുന്ന ട്രഷറി/ ബാങ്ക് ഉദ്യോഗസ്ഥന് സമർപ്പിക്കണം.

***ചോദ്യം: ഞാൻ 2007 ൽ സർവ്വീസിൽ നിന്ന് വിരമിച്ച കോളജ് അദ്ധ്യാപികയാണ്. എൻെറ സൂപ്പർ ആന്വേഷൻ തീയതി 2006 ജൂലായ് 31 ആണ്. ഇപ്പോൾ വന്നിട്ടുള്ള പെൻഷൻ പരിഷ്കരണ ഉത്തരവനുസരിച്ച് പെൻഷൻ പുതുക്കി നിശ്ചയിച്ചാൽ പെൻഷൻ വളരെ കുറഞ്ഞുപോകാൻ സാദ്ധ്യതയുള്ളതായി കാണുന്നു. അതിനുള്ള കരണം എന്താണ്? പരിഹാരം നിർദ്ദേശിക്കാമോ?***

സൂപ്പർ ആന്വേഷൻ തീയതിയ്ക്ക് ( ഇവിടെ 2006 ജൂലായ് 31) തൊട്ടുമുമ്പുള്ള പത്തുമാസത്തെ അടിസ്ഥാന ശമ്പളത്തിൻെറ ശരാശരിയുടെ പകുതിയാണ് അടിസ്ഥാന പെൻഷനായി കണക്കാക്കുന്നത്

മുപ്പത് വർഷത്തെ സർവ്വീസില്ലെങ്കിൽ അടിസ്ഥാന പെൻഷന് അനുപാതികമായി കുറവുണ്ടാകും. ഇവിടെ 1.1.2006 മുതൽ 31.7.2006 വരെയുള്ള 7 മാസം പുതിയ ശമ്പള സ്കെയിലിലും അതിന് മുമ്പുള്ള 3 മാസം പഴയ ശമ്പള സ്കെയിലിലുമാണ്. ഇതേ പ്രശ്നം 2006 ൽ വിരമിച്ച എല്ലാ അധ്യാപകർക്കുമുണ്ട്. അവരുടെ പ്രശ്നം കുറച്ചു കൂടി ഗൗരവമുള്ളതാണ്. ഉദാഹരണത്തിന് 2006 ഫെബ്രുവരി 28 നാണ് സൂപ്പർ ആന്വേഷൻ തിയതിയെങ്കിൽ 2 മാസം പുതുക്കിയ ശമ്പള സ്കെയിലിലും ബാക്കി 8 മാസം പഴയ ശമ്പള സ്കെയിലിലുമായിരിക്കും. 2011 മേയ് മാസം 7-ാം തിയതി പുറപ്പെടുവിച്ച പെൻഷൻ പരിഷ്കരണ ഉത്തരവിൽ, പഴയ ശമ്പള സ്കെയിലിൽ നില്കുന്ന കാലത്തെ അടിസ്ഥാന ശമ്പളത്തിൻെറ കൂടെ 74 ശതമാനം ക്ഷാമബത്തലയിപ്പക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെ നിശ്ചയിച്ച അടിസ്ഥാന ശമ്പളവും 1.1. 2006 ന് ശേഷം പരിഷ്കരിച്ച് കിട്ടിയ അടിസ്ഥാന ശമ്പളവും ചേർത്ത് 10 മാസത്തെ ശരാശരിയെടുക്കുമ്പോൾ അത് അസ്സോസ്സിയേഷന് പ്രൊഫസറുടെ ചുരുങ്ങിയ അടിസ്ഥാന ശമ്പളമായ 46400 നേക്കാൾ കുറഞ്ഞു പോകും. എന്നാൽ 1.1.2006 ന് മുമ്പ് വിരമിച്ച ( സെലക്ഷൻ ഗ്രേഡിൽ 3 വർഷം പൂർത്തിയാക്കിയതിന് ശേഷം) അധ്യാപകരുടെ ചുരുങ്ങിയ പെൻഷൻ 46400ൻെറ പകുതിയായ 23200 ആണ്. അതുകൊണ്ട് ഇത്തരത്തിലുള്ള അധ്യാപകരുടെ പെൻഷൻ 2006 ന് മുമ്പ് വിരമിച്ച അധ്യാപകരുടെ പെൻഷനേക്കാൾ കുറഞ്ഞ് പോകും. ഇതൊരു ഗൗരവമുള്ള അപാകതയാണ്. ഇത് പരിഹരിക്കാൻ രണ്ട് മാർഗ്ഗങ്ങളാണുള്ളത്. ഒന്നുകിൽ അവസാനത്തെ 10 മാസത്തെ ശരാശരിക്ക് പകരം അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിൻെറ അടിസ്ഥാനത്തിൽ പെൻഷൻ നിർണ്ണയിക്കുക. അല്ലെങ്കിൽ യു ജി സി ഉത്തരവായതു പോലെ, പഴയ ശമ്പള സ്കെയിലിൽ നില്ക്കുന്ന കാലത്തെ അടിസ്ഥാന ശമ്പളം അസ്സോസ്സിയേററ് പ്രൊഫസ്സറുടെ കുറഞ്ഞ ശമ്പളമായ 46400 ൽ നോഷണലായി നിർണ്ണയിക്കുക

## കോഴിക്കോട്സർവ്വകലാശാല വൈസ് ചാൻസലറുമായി ചർച്ച നടത്തി

കോഴിക്കോട് സർവ്വകലാശാലക്ക് കീഴിലുള്ള കോളജുകളിൽ പുതുതായി സർവ്വീസിൽ പ്രവേശിച്ച 100ൽ പരം അധ്യാപകരുടെ നിയമനാംഗീകാരം അന്യായമായി താമസിപ്പിക്കുന്നതിനെതിരെ കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലർ ഡോ.എം. അബ്ദുൾ സലാമിനെയും പി.വി.സി. ഡോ.കെ രവീന്ദ്രനാഥിനെയും കണ്ട് എ.കെ.പി.സി.ടി.എ നേതാക്കൾ ചർച്ച നടത്തി. ഇതേ ആവശ്യമുന്നയിച്ചു കൊണ്ട് ആഗസ്ത് 29 നും, ഒക്ടോബർ 28നും വി.സിക്ക് നിവേദനം നൽകുകയും ഡിസംബർ 3ന് സർവ്വകലാശാലയിലേക്ക് മാർച്ചും നടത്തുകയുണ്ടായി. എന്നിട്ടും പ്രശ്നം പരിഹരിക്കപ്പെടാത്തതു കൊണ്ടാണ് ജനുവരി 13 വെള്ളിയാഴ്ച വി.സിയെയും, പി.വി.സി.യേയും വീണ്ടും കണ്ട് ചർച്ച നടത്തുകയും നിവേദനം നൽകുകയും ചെയ്തത്. ഈ വിഷയത്തിൽ അടിയന്തിരമായി ഇടപെട്ട് പരിഹാരമുണ്ടാക്കാമെന്ന് വി.സി നേതാക്കൾക്ക് ഉറപ്പ് നൽകി.

സി.സി.എസ്.എസ്. 1-2 സെമസ്റ്റർ പരീക്ഷകൾ ഏകീകരിച്ച് നടത്തുന്നത് 2011-12 വർഷത്തേക്ക് മാത്രമാണെന്നും വിസി. അറിയിച്ചു. സംസ്ഥാന സെക്രട്ടറി ഡോ.ഡികെ ബാബു കോഴിക്കോട് ജില്ല സെക്രട്ടറി [illegible]എൻ.എം. സണ്ണി. മലപ്പുറം ജില്ല സെക്രട്ടറി ഡോ.സി.അബ്ദുൾ മജീദ് പാലക്കാട് ജില്ല. ജോ. സെക്രട്ടറി പ്രൊഫ. ജയപ്രകാശ്. ടി എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

Wayanad Hights
TOURIST HOME

Opp. New Bus Stand
Turky Road, Kalpetta
Wayand, Kerala, India
ph. 91 4936 16180
Mob. 91 9605224326

PONNANI TALUK GOVT. &
QUASI GOVT EMPLOYEES CO OPERATIVE
CREDIT SOCIETY LTD. NO. M. 298

CHANTHAPPADI, PONNANI P.O.,
PIN - 679577
PHONE: 0494-2668284

**P.V. Sethumadhavan**
President

**M. Sreedevi**
Secretary

# ഉന്നത വിദ്യാഭ്യാസം സാമൂഹിക മേൻമയ്ക്ക് വേണ്ടിയാകണം

## അക്കാദമിക് സെമിനാറും വനിതാ കൺവെൻഷനും 2012 ജനുവരി 14

ഉന്നതവിദ്യാഭ്യാസം തൊഴിൽ നേടാൻ വേണ്ടിമാത്രമുള്ള ഒന്നല്ലെന്നും അതോടൊപ്പം സമൂഹ നന്മയ്ക്ക് ഉതകുന്ന വിധത്തിൽ മാറണമെന്നും കണ്ണൂർ സർവ്വകലാശാല പ്രോവൈസ് ചാൻസലർ ഡോ. എ. പി കുട്ടികൃഷ്ണൻ അഭിപ്രായപ്പെട്ടു. 1990 കൾക്ക് ശേഷം സാമ്പത്തിക രംഗത്ത് വന്ന പുത്തൻ നയങ്ങൾ ഉന്നതവിദ്യാഭ്യാസ മേഖലയെയും പ്രതികൂലമായി ബാധിച്ചു . ഗുണപരമായ വർധനവ് ഗുണപരമായി വരാത്ത സ്ഥിതി നിലവിൽ ഉണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്തെ തൊഴിലിന് മാത്രമുള്ള ഉപാധിയായി പുതിയ ലോകക്രമം വിലയിരുത്തുമ്പോൾ കച്ചവടവൽക്കരണത്തിന്റെ സാധ്യത കൂടുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. എ. കെ. പി. സി. ടിഎ



കണ്ണൂർ- കാസർഗോഡ് ജില്ലാതല അക്കാദമിക് സെമിനാറും വനിതാ കൺവെൻഷനും ഉദ്ഘാടനം

ചെയ്യുകയായിരുന്നു അദ്ദേഹം. ജില്ലാ പ്രസിഡൻറ് കൃഷ്ണൻ വണ്ണാരത്ത് അധ്യക്ഷത വഹിച്ചു. ഡോ. പി. വി. രവീന്ദ്രൻ, പി. പ്രഭാകരൻ എന്നിവർ സംസാരിച്ചു. ജില്ലാ സെക്രട്ടറി എ. നിശാന്ത് സ്വാഗതവും വൈസ് പ്രസിഡൻറ് വി. കരുണാകരൻ നന്ദിയും പറഞ്ഞു. തുടർന്ന് നടന്ന വനിതാ കൺവെൻഷനിൽ തൊഴിലിടങ്ങളിലെ *സ്ത്രീ- ആഗോളവൽക്കരണ കാലത്ത്* എന്ന വിഷയത്തിൽ വർക്കിങ്ങ് വിമൻസ് കോ- ഓർഡിനേഷൻസ് സംസ്ഥാന സെക്രട്ടറിയും സംഘടനയുടെ മുൻ വൈസ് പ്രസിഡൻറുമായ പ്രൊഫ. ടി. എ ഉഷാകുമാരി പ്രഭാഷണം നടത്തി. സംസ്ഥാന വനിതാ കമ്മിററി അംഗം ഡോ. എസ് ശ്രീകുമാരി അധ്യക്ഷയായി. വി. കുട്ട്യാൻ, പ്രമോദ് വെള്ളാച്ചൽ എന്നിവർ സംസാരിച്ചു. നഫീസാ



ബേബി, ടി. പി സ്വാഗതവും സോന. പി നന്ദിയും പറഞ്ഞു.

സി. സി. എസ്. എസ്, പരീക്ഷാ പരിഷ്കരണം എന്ന വിഷയത്തിൽ സംസ്ഥാന അക്കാദമിക് കൺവീനർ ഡോ. യു. ഹേമന്ത് കുമാർ പ്രഭാഷണം നടത്തി. സംസ്ഥാന സെക്രട്ടറി ഡോ. കെ. പ്രദീപ് കുമാർ മോഡറേററായി, ഡോ. ആർ അനിൽ ആമുഖ പ്രസംഗം നടത്തി. പി . കെ ശശീന്ദ്രൻ സ്വാഗതവും ഡോ . കെ അജയകുമാർ നന്ദിയും പറഞ്ഞു. 13 കോളജുകളിൽ നിന്ന്80 പേർ പങ്കെടുത്തു




# ചരിത്ര പാഠപുസ്തകങ്ങൾ തിരുത്തുന്നതിനെതിരെ പ്രതിഷേധ കൂട്ടായ്മ



സ്കൂൾ പാഠപുസ്തകങ്ങളിലെ നവോത്ഥാന മൂല്യങ്ങൾ വിളിച്ചോതുന്ന ചരിത്രപാഠങ്ങൾ തിരുത്തിയെഴുതുന്ന സർക്കാർ നീക്കം പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഡിസംബർ 22 ന് കണ്ണൂരിൽ പ്രതിഷേധ കൂട്ടായ്മ നടന്നു.

കെ. എസ്. ടി എ, എ. കെ പി . സി.ടി എ, എ. കെ. ജി. സി. ടി, എഫ്. യു. ടി എ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ നടന്ന കൂട്ടായ്മ എ. കെ. ജി. സി. ടി മുൻ ജനറൽ സെക്രട്ടറിയും ചരിത്രകാരനുമായ പ്രൊഫ. വി. കാർത്തികേയൻ നായർ ഉദ്ഘാടനം ചെയ്തു. എ. കെ. പി. സി. ടി എ സംസ്ഥാന സെക്രട്ടറി ഡോ. കെ പ്രദീപ് കുമാർ അധ്യക്ഷനായി. കെ. എസ്. ടി . എ സംസ്ഥാന വൈസ് പ്രസിഡൻറ് സ. എൻ. ബാലകൃഷ്ണൻ, എ. കെ. ജി. സി. ടി ജില്ലാ പ്രസിഡൻറ് ഡോ. പി. എം. ഇസ്മായിൽ എന്നിവർ പ്രസംഗിച്ചു. കെ. എസ്. ടി. എ ജില്ലാ സെക്രട്ടറി സ. കെ. കെ പ്രകാശൻ സ്വാഗതവും, എ. കെ. ജി. സി ടി ജില്ലാ ജോയിൻറ് സെക്രട്ടറി സ. സി. കെ ബാബു നന്ദിയും പറഞ്ഞു.

**കൊല്ലം**

# വനിതാ കൺവെൻഷൻ 2011 ഡിസംബർ 10




എ. കെ. പി. സി. എ കൊല്ലം ജില്ലാ വനിതാ സബ് കമ്മിററിയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 10 ന് കൊല്ലത്ത് വനിതാ കൺവെൻഷനും സെമിനാറും നടന്നു. എ. കെ. പി. സി . ടി എ മുൻ സംസ്ഥാന വൈസ് പ്രസിഡൻറ് പ്രൊഫ. ജെ. ചന്ദ്ര കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

ഒരു വനിതാ ബ്രാഞ്ചംഗം ഉണ്ടാവുക തന്നെ പ്രയാസമായിരുന്ന പഴയ അവസ്ഥയിൽ നിന്ന് ഒരു ജില്ലാ വനിതാ കൺവെൻഷൻ നടത്താൻ തക്കവിധം എ. കെ. പി. സി. എ യിൽ സ്ത്രീ പ്രാതിനിധ്യം വർദ്ധിച്ചുവെന്നത് സ്ത്രീകളുടെ സാമൂഹിക ബോധവികാസത്തിൻെറ തെളിവായികാണാം. സ്ത്രീക്ക് എന്തുവേണം എന്ന് സ്ത്രീ തന്നെ വ്യക്തമാക്കുകയും തീരുമാനിക്കുകയും ചെയ്യേണ്ടതിനാലാണു സംഘടനകൾക്ക് വനിതാവിഭാഗം ആവശ്യമായി വരുന്നത്. കുടുംബശ്രീ പോലുള്ള പ്രവർത്തനങ്ങൾ സ്ത്രീശക്തിയുടെ പരമാവധി വികസനത്തിന് അവസരം നൽകിയിട്ടുണ്ടെങ്കിലും ഇപ്പോഴും സ്ത്രീപ്രാതിനിധ്യം സമൂഹത്തിൻെറ എല്ലാ മേഖലകളിലും വേണ്ടത്ര ഉണ്ടായിട്ടില്ല. സ്ത്രീപക്ഷ നിയമനിർമ്മാണം നടന്നിട്ടുണ്ട് എന്നിരിക്കലും ആ നിയമങ്ങൾ പ്രായോഗികമായിട്ടില്ല. ഗാർഹിക പീഢനനിരോധന നിയമം സംരക്ഷിക്കാൻ നീതിപീഠത്തിൻെറ ഭാഗത്തു നിന്നു പോലും പലപ്പോഴും മതിയായ സഹകരണം ഉണ്ടാകുന്നില്ലെന്നു കോഴിക്കോട്ടെ ഒരു ഗാർഹിക പീഢന ക്കേസുമായി ബന്ധപ്പെട്ട് ജഡ്ജി നടത്തിയ പരാമർശം ചൂണ്ടിക്കാട്ടി പ്രൊഫ. ചന്ദ്ര വിശദീകരിച്ചു.

*സ്ത്രീകളുടെ സാമൂഹിക ബോധവും* എന്ന വിഷയത്തിൽ പ്രബന്ധാവതരണം നടത്തിയ ആർ. പാർവതീദേവി സാമൂഹികബോധം എന്നത് വളരെ പ്രസക്തവും അതേസമയം വിപുലവുമായ ഒരു വിഷയമാണെന്നഭിപ്രായപ്പെട്ടു.

എ. കെ. പി. സി. ടി എ സംസ്ഥാന വൈസ് പ്രസിഡൻറ് ഡോ. ലേഖാനരേന്ദ്രൻ സംഘടനാ ചരിത്രത്തെ സംക്ഷിപ്തമായി അവതരിപ്പിച്ചുകൊണ്ട് വനിത വിഭാഗത്തിൻെറ പ്രസക്തിയും സാമൂഹിക രംഗത്തെ സ്ത്രീ പ്രാതിനിധ്യ വർദ്ധനവിനായി കോളജ് അദ്ധ്യാപികമാർ മുന്നോട്ടു വരേണ്ടതിൻെറ ആവശ്യകതയും വിശദീകരിച്ചു. ജില്ലാ വൈസ് പ്രസിഡൻറ് ഡോ. കെ. വിജയകുമാരി അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ വനിതാ സബ്കമ്മിററി കൺവീനർ ഡോ. കെ. ആർ. കവിത സ്വാഗതവും ഡോ. അമ്പിളിക്കുട്ടിയമ്മ നന്ദിയും പറഞ്ഞു.




ഡോ.കെ.പി.സുകുമാരൻനായർ



പ്രൊഫ. കെ. എസ്. ജയചന്ദ്രൻ

## അക്കാദമിക് കൺവെൻഷൻ

## 2011 ഡിസംബർ 17

ജില്ലാ അക്കാദമിക് കമ്മിററിയുടെ ആഭിമുഖ്യത്തിൽ 2011 ഡിസംബർ 17-ാം തീയതി ഏകദിന ശില്പശാലയും ചർച്ചാ ക്ലാസ്സും സംഘടിപ്പിക്കുകയുണ്ടായി. യു. ജി.സി റഗുലേഷനെ സംബന്ധിച്ചും, പുതുതായി ജോലിയിൽ പ്രവേശിച്ചവർക്കായി സർവ്വീസ് സംബന്ധമായ സംശയങ്ങൾക്ക് എ.കെ.പി.സി.ടി.എ സർവ്വീസ് സെൽ കൺവീനർ പ്രൊഫ. കെ. എസ്. ജയചന്ദ്രൻ ക്ലാസ്സെടുത്തു. എ.കെ.പി.സി.ടി.എ സംസ്ഥാന ട്രഷറർ ഡോ. കെ. ശ്രീവത്സൻ ആമുഖപ്രഭാഷണം നടത്തി. ജില്ലാ പ്രസിഡൻറ് പ്രൊഫ. എം. ശ്രീകുമാറിൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജില്ലാ സെക്രട്ടറി പ്രൊഫ. കെ. സന്തോഷ് സ്വാഗതവും ജില്ലാ ട്രഷറർ പ്രൊഫ. ആർ. പ്രേംകുമാർ നന്ദിയും പ്രകാശിപ്പിച്ചു. ഉച്ചയ്ക്ക് നടന്ന സി. ബി. സി. എസ്. എസിനെ കുറിച്ചുള്ള അവലോകനത്തിൽ എ.കെ.പി.സി.ടി.എ സംസ്ഥാന വൈസ് പ്രസിഡൻറ് ഡോ. കെ. പി.സുകുമാരൻനായർ ആമുഖപ്രഭാഷണം നടത്തി. ജില്ലാ അക്കാദമിക് കമ്മിററി കൺവീനർ ഡോ. എം. വിജയൻപിള്ള മോഡറേററായിരുന്നു. ചടങ്ങിന് ജില്ലാ ജോയിൻറ് സെക്രട്ടറി പ്രൊഫ. എച്ച്. തിലക് സ്വാഗതവും പ്രൊഫ. ജെ. ശിവപ്രസാദ് നന്ദിയും രേഖപ്പെടുത്തി.

തിരുവനന്തപുരം

# വനിതാ കൺവെൻഷൻ 2011 ഡിസംബർ 17




എ. കെ. പി. സി. ടി എ ജില്ലാ വനിതാ സബ് കമ്മിററിയുടെ ആഭിമുഖ്യത്തിൽ ജില്ലാ വനിതാ കൺവെൻഷൻ ഡിസംബർ 17-ാം തിയതി ശനിയാഴ്ച രാവിലെ 10 മണിക്ക് എ. കെ. പി. സി. ടി എ സംസ്ഥാന കമ്മിററി ആഫീസിൽ വച്ച് ചേർന്നു.


മുൻ ഹയർ എഡ്യൂക്കേഷൻ ഡയറക്ടറും എ.കെ. ജി.സി.ടി നേതാവുമായിരുന്ന പ്രൊഫ. സി. പി ചിത്ര സമ്മേളനം ഉദ്ഘാടനം ചെയ്തു. സ്ത്രീകൾ സംഘടനാ രംഗത്ത് മുന്നിട്ടിറങ്ങേണ്ടതിൻെറ ആവശ്യകത ഊന്നിപ്പറഞ്ഞ ചിത്ര ടീച്ചർ, ആർക്കും ഒററയക്ക് നിലനില്പില്ലെന്നും, കൂട്ടായ്മയിലൂടെ മാത്രമേ ലക്ഷ്യങ്ങൾ നേടുകയും, സാമൂഹ്യാവസ്ഥ മെച്ചപ്പെടുത്തുകയും ചെയ്യാൻ സാധിക്കുകയുള്ളൂ എന്ന് അഭിപ്രയപ്പെട്ടു.

ആശംസ പ്രസംഗം നടത്തിയ ശ്രീ. വി. കെ ജോസഫ് ( ജനറൽ മാനേജർ, ചിന്താ പബ്ലിഷേഴ്സ്) പരസ്യമായി പുരോഗമന നിലപാടും, എന്നാൽ സ്വന്തം കുടുംബത്തിൽ സ്ത്രീകളോട് വിവേചനപരമായ നിലപാടും സ്വീകരിക്കുന്ന കപടബുദ്ധിജീവികളെ ശക്തിയായി വിമർശിച്ചു. സ്ത്രീയെ വെറും ശരീരമായി കാണുന്നതാണ്, സ്ത്രീകൾക്കെതിരെയുള്ള അക്രമണങ്ങൾ കൂടി വരാൻ കാരണം ഇത്തരം ചിന്താഗതികൾ മാറണമെങ്കിൽ, സ്കൂളുകളിലും കോളജുകളിലും, കുട്ടികൾ തമ്മിൽ, കൂടുതൽ സ്വതന്ത്രമായി ഇടപെടാനുള്ള സാഹചര്യമുണ്ടാവണമെന്നും, ഇതിൽ അദ്ധ്യാപകർക്ക് പങ്കുണ്ടെന്നും ഊന്നിപ്പറഞ്ഞു.

എ. കെ. പി. സി ടി എ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. വി രാജേന്ദ്രൻ നായർ, സംസ്ഥാന വനിതാ കമ്മിററി കൺവീനർ ഡോ. പി എസ് ഗീതാകുമാരി, എന്നിവർ ആശംസാ പ്രസംഗം നടത്തി. സംസ്ഥാന വൈസ് പ്രസിഡൻറ് ഡോ. ലേഖ നരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ വനിതാ കമ്മിററി കൺവീനർ ഗംഗാദേവി സ്വാഗതവും, ജില്ലാ സെക്രട്ടറി ഡോ. ഷാഹുൽ ഹമീദ് നന്ദിയും പറഞ്ഞു

# അക്കാദമിക് സെമിനാർ

ജില്ലാ അക്കാദമിക് കമ്മിററിയുടെ ആഭിമുഖ്യത്തിൽ 2011 ഡിസംബർ 17-ാം തീയതി അക്കാദമിക് സെമിനാർ എ. കെ. പി.സി.ടി. എ സംസ്ഥാന കമ്മിററി ഓഫീസിൽ വച്ച് നടന്നു. എ. കെ. പി.സി.ടി.എയുടെ ചരിത്രത്തെ സംബന്ധിച്ച് മുൻ ജനറൽ സെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻനായർ ക്ലാസ്സെടുത്തു. തുടർന്ന് യു. ജി. സി *റഗുലേഷൻ ഒരു വിമർശനാത്മക പഠനം* എന്ന വിഷയത്തെപ്പററി സംസ്ഥാന സർവ്വീസ് സെൽ കൺവീനർ പ്രൊഫ. കെ. എസ്. ജയചന്ദ്രൻ ക്ലാസ്സെടുത്തു. സമ്മേളനത്തിന് ആശംസകൾ അർപ്പിച്ച് എ.കെ.പി.സി.ടി.എ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. വി. രാജേന്ദ്രൻനായർ സംസാരിച്ചു. ജില്ലാ പ്രസിഡൻറ് പ്രൊഫ. എ. ജി. ഒലീനയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ജില്ലാ അക്കാദമിക് കമ്മിററി കൺവീനർ ഡോ. എൻ. ഗോപകുമാർ സ്വാഗതവും ജില്ലാ സെക്രട്ടറി ഡോ. എ. ഷാഹുൽഹമീദ് നന്ദിയും രേഖപ്പെടുത്തി.



# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature,

Fiction, Drama, Cinema, Journalism, Poetry,

Philosophy, Psychology, Sociology, Politics,

History, Economics, Commerce, Mathematics,

Botany, Zoology. Chemistry, Physics, Medical,

Computer, Engineering, Law, Electronics,

Mechanical, Civil, Chemical Engineering,

Veterinary, Agriculture, Aquaculture, etc.

## COSMO BOOKS

HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com


Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Ernakulam
Kochi-682011
Ph:0484-2353818

Vinodkumar Edachery
*RSM Srdp Yogam College, Koyilandy*



# Frogs in the Well



We are in this
By mistake.
Leap gone astray
And eat humble pie.
Why do you snub us
Crying 'Frogs in the well'
Keeping shamelessly
A full sieve with you?
What more to say!
How many wells
You each live in?
Innumerable castes
Customs, faiths
Language,politics
Colour,race
What other wells!
Still you taunt us
'Frogs in the well'
With a pining heart we watch
A patch of the vast blue
Expanse, just strove us
That jerks us for sometime
Out of our eloom
We forget ourselves
In wild spree
When we hear the uproar
Of the playing kids The birds that rove
Freely in the air
Tell us most of freedom
The beaming Sun
Wakes us up Early in the morn
And surge in us
New rays of hope
Still you taunt us
'Frogs in the well'
Those who are stark dark
Both inside and outside
In body and spirit
What knightly gentlemen
They feign to be.

With best compliments from

SN COLLEGE
CO OPERATIVE SOCIETY


LTD. NO.2987
SN COLLEGE, KOLLAM

ആർ. മനോജ്
എൻ.എസ്.എസ്.കോളജ്, നിലമേൽ

# കഥാലോകം

ഒരാൾ തൻെറ കഥ തന്നെ എഴുതുന്നു
അതിൽ കല്പനകളും കാരുണ്യവും
പ്രതിഫലനവും
അതിഥികളും ചിന്തകളും
അഭിരുചികളും ആതിഥേയത്വവും
മതിൽക്കെട്ടുകളിൽ നിന്നുള്ള വിടവാങ്ങലുകളും
അമ്പലങ്ങളും പൂജകളും ഹോമകുണ്ഡവും
അഗ്നിയും പർവതങ്ങളും
മരുഭൂമിയും അവസ്ഥകളും
ദൈവങ്ങളും
ഋതുക്കളും
കുട്ടികളും
കടന്നുവരുന്നു
ആത്മാവിൻെറ സ്ഥലം വിൽക്കുന്നു
ഒട്ടേറെ ആളുകൾ ഓരോതുണ്ടു വീതം
ഒരു കല്ല്
ഒരു മരം
ഒരു വയൽ
ഒരു വീണ
ഒരു കാട്
ഒരു നദി
പ്രഭ
ഗോപുരങ്ങൾ
പ്രമേയങ്ങൾ..... വാങ്ങുന്നു
(ശിശു, പൂവ്, ജലം
പരക്കുന്നു.........)

മാധവിക്കുട്ടിയുടെ ആത്മകഥകൾ, കഥകൾ, കവിതകൾ


TM
fifa
R
SPORTS & FITNESS EQUIPMENTS
PANDIKKAD ROAD, MANJERI, PH: 0483 - 2767815, 3250973
E-mail: fifasportsmji@gmail.com



കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നിന്നും ഫിസിക്സിൽ ഡോക്ടറേറ്റ് നേടിയ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജ് ഫിസിക്സ് വിഭാഗം അദ്ധ്യാപകൻ കെ. സുധീർ സെബാസ്റ്റ്യൻ. *Studies on Function Projective Synchronization in Chaotic and Hyperchaotic Systems* എന്ന വിഷയത്തിൽ ഡോ.എം. സബീറിന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം



കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നും ഫിസിക്കൽ എഡ്യൂക്കേഷനിൽ ഡോക്ടറേറ്റ് നേടിയ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജ് ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം അധ്യാപകൻ എൻ. അനിൽകുമാർ. *Comparative Effect of Kalaripayattu, Plyometric Exercise and Weight Training on Selected Motor Abilities among College Males* എന്ന വിഷയത്തിൽ കണ്ണൂർ യൂണിവേഴ്സിററിയിലെ ഡോ.പി.ടി.ജോസഫിന്റെ മേൽനോട്ടത്തിൽ ആയിരുന്നു ഗവേഷണം



കാലിക്കററ് സർവ്വകലാശാലയിൽ നിന്നും ജേണലിസത്തിൽ ഡോക്ടറേറ്റ് നേടിയ മാനന്തവാടി മേരിമാതാ കോളജ് ജേണലിസം വിഭാഗം അധ്യാപകൻ പി.പി.ഷാജു. *An exploratory Study Of Protrayal and Negotiation Culture in Malayalam Television serials* എന്ന വിഷയത്തിൽ ഡോ. സെയ്ദ് അംജദ് അഹമ്മദിന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം


# എ.കെ.പി.സി.ടി.എ

# 54-ാം സംസ്ഥാന സമ്മേളനം

## 2012 മാർച്ച് 9,10,11

## ബ്രഹ്മസ്വം മഠം ഹാൾ, തൃശ്ശൂർ

പ്രതിനിധി സമ്മേളനം • ഉദ്ഘാടന സമ്മേളനം

വിദ്യാഭ്യാസ–സാംസ്കാരിക ട്രേഡ് യൂണിയൻ സമ്മേളനം

വനിതാ സമ്മേളനം • ആർ.ആർ.സി. അനുസ്മരണ പ്രഭാഷണം

പ്രകടനം • പൊതുസമ്മേളനം • യാത്രയയപ്പ് സമ്മേളനം

AKPCTA Zindabad

AIFUCTO Zindabad

സർവ്വകലാശാലകളെ രക്ഷിക്കൂ; ഉന്നത വിദ്യാഭ്യാസത്തെ സംരക്ഷിക്കൂ

R.No. 36025/81
No. 233

KERALA PRIVATE COLLEGE TEACHER

Registered No. KL/TV (N)/35/2012-2014
Rs. 11/- JANUARY 2012

Best wishes.....
AKPCTA 54th State Conference • Thrissur

# AKPCTA
## Kottayam & Idukki District Committee

**St. Dominic's College**
Kanjirappally

**St. Thomas College**
Palai

**St. George College**
Aruvithura

**Henry Baker College**
Melukavu

**St. Joseph's College**
Moolamattom

*Save Universities and Strengthen Higher Education*

Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494. Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-01, Ph: 3012141
Chief Editor: Dr. S. Jayaraj Kumar